"മനുഷ്യനിലോ സൃഷ്ടികളിലോ സ്വവിശ്വാസത്തെ നിക്ഷേപിക്കുന്നവൻ മൂഢനാണു്. യേശുക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം മററുള്ളവരെ സേവിക്കുന്നതിനും ലോകത്തു ദരിദ്രനായി കാണപ്പെടുന്നതിനും ലജ്ജിക്കരുതു്. നിന്നിൽതന്നെ വിശ്വസിക്കരുതു്; നിന്റെ പ്രത്യാശ ദൈവത്തിൽ നിക്ഷേപിക്കുക. നിന്റെ ശക്തിക്കൊത്തു പ്രവർത്തിക്കുക; അപ്പോൾ നിന്റെ സന്മനസ്സിനോടൊന്നിച്ച ദൈവമുണ്ടായിരിക്കും"

—ക്രിസ്തൂനുകരണം

# സത്യദീപം

"അനന്തരം രാജാവു് തന്റെ ഭൃത്യന്മാരോടു പറഞ്ഞു: ഇതാ കല്യാണവിരുന്നെല്ലാം തയ്യാറായിരിക്കുന്നു. ക്ഷണിക്കപ്പെട്ടവരാകട്ടെ, അതിനു അർഹരല്ലെന്നു തെളിയുകഴിഞ്ഞു. അതിനാൽ നിങ്ങൾ വഴിക്കവലകളിൽ പോയി അവിടെ കാണുന്ന എല്ലാവരേയും കല്യാണത്തിനായി ക്ഷണിക്കുവിൻ"

—മത്തായി XXII: 8,9

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 സെപ്റ്റംബർ 26—ബുധനാഴ്ച | Vol. 30, No. 7

## തുണിയിൽ പതിഞ്ഞ ദിവ്യരൂപം

(എ. ററി. ദേവസ്യാ എം. എ.)

1531-ലെ ഡിസംബർമാസം. പരിഷ്കാരത്തിന്റെ പട്ടുടുപ്പണിഞ്ഞു് മെക്സിക്കോനഗരം നെററിപ്പട്ടംകെട്ടിയ ഗജവീരനെപ്പോലെ തലഉയർത്തിനില്ക്കുകയാണു്. സമയം ഏതാണ്ടു 12 മണിയോടടുത്തിട്ടുണ്ടു്. ജീവിതവിജയത്തിന്റെ മാനദണ്ഡം പേഴ്സിന്റെ ഭാരമാണെന്നു ധരിച്ചുവശായിരിക്കുന്ന പണക്കാരുടെ മണിമേടകളിൽ പൊട്ടിച്ചിരികളും പൊൻവളകിലുക്കത്തിന്റെ മന്ദ്രധ്വനിയും ഉയരുന്നു. പാവപ്പെട്ടവന്റെ പാഴ്ക്കുടിലിൽനിന്നും വിഷാദംതുളുമ്പിനില്ക്കുന്ന ഈരടികളും. ഇപ്രകാരം അസമത്വങ്ങളുടെ കൂത്തരങ്ങായിരിക്കുന്ന മെക്സിക്കോപട്ടണത്തിൽനിന്നും അകലെയല്ലാതെ നാഗരീകതയാകുന്ന നവോഢ നാണംകുണുങ്ങി എത്തിനോക്കുവാൻപോലും തയാറാകാതിരുന്ന കോഷിലാൻ ഗ്രാമപ്രദേശം കാണാം. നിതാന്തസുന്ദരമായ നീലാകാശത്തിന്റെ നെറുകയിൽ ചുംബിക്കാൻ വെമ്പൽകൊള്ളുന്ന മോഹനസൗധങ്ങളൊന്നും അവിടില്ല. കൊച്ചുകൊച്ചു വീടുകൾമാത്രം. അതെ, അസമത്വത്തിന്റെ കരിമ്പടക്കെട്ടുകൾ അത്രയധികം ആ ഗ്രാമവാസികളെ ആവരണം ചെയ്തിരുന്നില്ല.

കോഷിലാനിൽ താമസിക്കുന്ന സാധാരണജനങ്ങളുടെയിടയിൽ വിനയത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശങ്ങൾ വാരിവിതറിയിരുന്ന ഒരു കൊച്ചുകുടുംബം നിലനിന്നിരുന്നു. ഗൃഹനായകനായ ജൂവാൻദിയാഗോയും ഭാര്യ മറിയാലൂസിയായും മാതൃകാദമ്പതിമാരായി ജീവിതം നയിച്ചുവരുകയാണു്. അസംതൃപ്തിയുടെ കാർമേഘങ്ങൾ അവരുടെ ജീവിതത്തിൽ തങ്ങിനിന്നിരുന്നില്ല. ദിവ്യമായ സ്നേഹത്താൽ ആ ഹൃദയങ്ങൾ പരിരംഭണം ചെയ്തിരുന്നു. നിഷ്കളങ്കരായ അയൽക്കാരെ കുററക്കാരാക്കി ചിത്രീകരിച്ചു അപവാദങ്ങൾ പ്രചരിപ്പിക്കുന്നതിനോ അന്യർക്കു അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങളിൽ സന്തോഷിക്കുവാനോ അവർ തുനിഞ്ഞിരുന്നില്ല. പക്ഷേ എല്ലാംകൊണ്ടും അസൂയാർഹമാംവിധം വിജയിച്ച ആ ദാമ്പത്യബന്ധത്തിൽ സന്താനസുമങ്ങൾ വിരിയാതിരുന്നതിൽ അവർക്കു അനല്പമായ കുണ്ഠിതമുണ്ടായിരുന്നു. ഹൃദയത്തെ കാർന്നുതിന്നുകൊണ്ടിരുന്ന ആ വികാരത്തിൽനിന്നും മറിയാലൂസിയായ്ക്കു ദൈവം മുക്തിനൽകി. സകല ദുഃഖങ്ങളും അവസാനിപ്പിക്കുന്ന മരണം മറിയായെ ആശ്ലേഷിച്ചു.

ലോകത്തിൽ സ്വജീവിതത്തെ താങ്ങിനിർത്തിയിരുന്ന അത്താണി തകർന്നുവീണതോടെ ജൂവാൻ മാനസികസമാധാനമെന്തെന്നറിയാതെ ഉഴലുവാൻതുടങ്ങി. ചിറകൊടിഞ്ഞു നിലംപതിച്ച വിഹംഗംപോലെ വേദനയുടെ തീനാമ്പുകളെ വിസ്മരിക്കുവാൻ അയാൾ പണിപ്പെട്ടു. വ്രണിതഹൃദയർക്കു തൈലംപൂശാൻ പാടവമുള്ള പ്രകൃതിയുടെ മടിത്തട്ടിലേക്കു അയാൾ നീങ്ങി. സമീപമുള്ള ടെപ്പിയാകുന്നുകൾ അയാളുടെ നിരന്തരമായ കാൽപ്പെരുമാററത്താൽ പുളകച്ചാർത്തണിഞ്ഞു. പച്ചപിടിച്ച കുന്നിൻചരിവുകളിലൂടെ വെള്ളലുക്കിട്ടമാതിരി ഗമിക്കുന്ന കാട്ടരുവികളും അങ്ങകലെ അനന്തമായി ശയിക്കുന്ന ശാന്തസമുദ്രവും അതിനെല്ലാം ഉപരിയായി അവിടെ തങ്ങിനില്ക്കുന്ന നിശ്ശബ്ദതയും ജൂവാന്റെ ഹൃദയത്തിനു സമാധാനമേകി.

ഡിസമ്പർമാസം 12-ാം തീയതി രാത്രിയുടെ അന്ത്യയാമത്തിന്റെ അവസാനഘട്ടം അടുക്കാറായി. ഉദയഗിരിയുടെ ഉച്ചിയിൽ ദിനകരൻ തേരോട്ടത്തിനു തയാറാകുന്നു. പക്ഷികളുടെ കളകളശബ്ദവും ജനാലകളുടെ പഴുതുകളിൽക്കൂടി ഗൃഹപ്രവേശംനടത്തിയ മന്ദമാരുതനും ജൂവാനെ നിദ്രാദേവിയുടെ കരവലയങ്ങളിൽനിന്നും മുക്തനാക്കി. പതിവുപോലെ അയാൾ ടെപ്പിയാകുന്നുകളിലേക്കു യാത്രയായി; വിങ്ങിപ്പൊട്ടുന്ന ഹൃദയത്തിനു ആശ്വാസമേകാൻ; ഏകാന്തതയുമായി നമ്മസംഭാഷണം നടത്താൻ.

കുന്നിൻചരിവുകളിൽക്കൂടി അശ്രദ്ധനായി മുമ്പോട്ടുപോയ ജൂവാൻ ദിവ്യമായ സംഗീതത്തിന്റെ മോഹനനിനദംകേട്ടു പകച്ചുനിന്നു. എല്ലാവശത്തുനിന്നും ഒരുപോലെ ഉയരുന്ന സംഗീതവീചികൾ! അയാൾ അതിൽ ലയിച്ചുചേന്നു കണ്ണുയർത്തിയപ്പോൾ മലയുടെ മുകൾപ്പരപ്പിൽ പ്രഭാപ്രസരത്തിൽ പരിലസിക്കുന്ന ഒരു ഗോളം ദൃശ്യമായി. അതനുനിമിഷം ജൂവാനെ സമീപിച്ചുകൊണ്ടിരുന്നു. ഒരു സ്വരം കേൾക്കായി: "ജൂവാൻദിയാഗൊ, ഇവിടെ വരിക."

ശാന്തമായ ശബ്ദശ്രവണമാത്രയിൽ ഉള്ളിൽ കുടികൊണ്ടിരുന്ന ഉല്ക്കടമായ വിരഹദുഃഖം പാറന്നുപോയതുപോലെ അയാൾക്കുതോന്നി. സ്വർഗ്ഗരാജ്ഞി തന്റെ മുമ്പിൽ നില്ക്കുന്നു! സമീപത്തു സ്ഥിതിചെയ്യുന്ന ശിലാശകലങ്ങൾപോലും നക്ഷത്രങ്ങളെപ്പോലെ മിന്നിത്തിളങ്ങുന്നു! ഭയചകിതനായ ജൂവാനോടു രാജ്ഞി ചോദിച്ചു: "ജൂവാൻദിയാഗോ, എന്റെ മകനേ, നീ എവിടെ പോകുന്നു?"

"സമാധാനത്തിനായി" അയാൾ പ്രതിവചിച്ചു.

"ഞാനാരെന്നു നിനക്കറിയാമോ? ഞാൻ മറിയമാണു്. ഈശോയുടെ അമ്മ. എന്റെ സ്നേഹത്തിന്റെ അടയാളമായി ഒരു പള്ളി ഇവിടെ പണിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

അയാൾ മറുപടിപറയാൻ ശ്രമിച്ചു. പക്ഷെ നാവു പൊങ്ങുന്നില്ല. മറിയം വീണ്ടും അരുളിച്ചെയ്തു: "മെക്സിക്കോയിലെ മെത്രാന്റെ അടുക്കലേക്കു നീ പോകണം. അദ്ദേഹത്തോടു പറയണം, ഇവിടെ ടെപ്പിയായിലെ കുന്നിൻചരിവിൽ എനിക്കൊരു പള്ളിപണിയണമെന്നു്."

"ഞാൻ പോകാം, എന്റെ അമ്മെ." ജൂവാൻ ശിരസ്സുനമിച്ചു.

വികാരത്തിന്റെ വേലിയേററംഗമായ ഹൃദയത്തോടെ ആ ഗ്രാമീണൻ മെക്സിക്കോനഗരത്തിലേക്കു യാത്രയായി. നാട്ടിൻപുറത്തെ പുൽമാടങ്ങളുമായി ഇടപഴകിയ ജൂവാൻ, പട്ടണത്തിലെ തലയെടുപ്പുള്ള കൂററൻകെട്ടിടങ്ങൾ ദശിച്ചപ്പോൾ അമ്പരന്നു. ഇടതടവില്ലാതെ നീങ്ങിക്കൊണ്ടിരിക്കുന്ന വാഹനങ്ങളും ജനബഹുലമായ നാൽക്കവലകളും കണ്ടു് അയാൾ അത്ഭുതപ്പെട്ടു. ഒരുവിധത്തിൽ അയാൾ മെത്രാസനമന്ദിരത്തിൽ എത്തിച്ചേന്നു.

ഒരു കൃഷീവലന്റെ നിർമ്മലമാനസത്തിനനുസരണമായ അഭിവാദനങ്ങൾ അപ്പിച്ചശേഷം അയാൾ ആരംഭിച്ചു: "ടെപ്പിയാ കുന്നിൻമുകളിൽ പ്രഭാപ്രളയത്തിലൂടെ ഞാൻ സ്വർഗ്ഗരാജ്ഞിയെ കണ്ടു. അങ്ങു്, ഒരു പള്ളി അവിടെ പണിയണമെന്നു അവൾ പറഞ്ഞു."

പുഞ്ചിരിപടരുന്ന വദനബിംബത്തോടെ തിരുമേനി ചോദിച്ചു: "എന്തിനു്, അവിടെ?"

"നമ്മുടെ ജനങ്ങൾക്കൊരു ലക്ഷ്യമായി. അവൾ നമ്മുടെയാണു് നമ്മുടെ സ്വന്തം അമ്മ." ജൂവാൻ വിജയഭാവത്തിൽ സഭാപിതാവിന്റെ മുഖത്തേക്കു നോക്കി.

"നിങ്ങളുടെ മനസ്സു് ഇളകിവശായിരിക്കയാണു്. വീണ്ടും ചിന്തിച്ചു് ശാന്തനായി തിരിച്ചുവരിക." മെത്രാൻ അലക്ഷ്യമായി തിരിഞ്ഞുനിന്നു.

ഭഗ്നാശനായി ആ സാധു യാത്രതിരിച്ചു. ഒരുപക്ഷെ താൻ വല്ല സ്വപ്നലോകത്തിലായിരിക്കുമോ ജീവിക്കുന്നതെന്നയാൾ ചിന്തിച്ചു. മാനസികവിഭ്രാന്തി തനിക്കുണ്ടായിരിക്കുന്നോ എന്നയാൾ ഭയന്നു. ടെപ്പിയാ കുന്നിലെത്തിയപ്പോഴേക്കും പകലോൻ പടിഞ്ഞാറൻ കടലിൽ സ്നാനത്തിനിറങ്ങിയിരുന്നു. അതാ പഴയ തേജസ്സു് തന്റെ മുമ്പിൽ. സന്തോഷപരവശനായ ജൂവാൻ ഇപ്രകാരം ഉണർത്തിച്ചു: "പരിശുദ്ധമാതാവേ, പ്രസിദ്ധനായ ആരെയെങ്കിലും വിടുക, ഒരു പ്രഭുവിനെ. അല്ലെങ്കിൽ മെത്രാനെതന്നെ കാണപ്പെടുക."

ജൂവാനെ ഈ ദൗത്യത്തിനായി തിരഞ്ഞെടുത്തിരിക്കുന്നതിനു തക്കതായ കാരണമുണ്ടെന്നും അതിനാൽ വീണ്ടും മെത്രാനെ സമീപിക്കണമെന്നും മാതാവു കല്പിച്ചു.

ഒരു ഞായറാഴ്ചദിവസം. മെത്രാസന അരമനയിലെ തിക്കും തിരക്കും ഗണ്യമാക്കാതെ ജൂവാൻ വീണ്ടും പരിശുദ്ധകന്യകയുടെ ഇംഗിതം അറിയിച്ചു.

"നിങ്ങൾക്കു സുഖമില്ല. മനസ്സിന്റെ ബാലൻസു തെററിയിരിക്കുന്നു....വെറും വാക്കുകളല്ലാതെ എന്തെങ്കിലും ഒരടയാളം തരാൻ പറയൂ." മെത്രാൻ ഗൗരവഭാവത്തിൽ മുഖം തിരിച്ചു.

യാത്രാക്ലേശത്താൽ ക്ഷീണിച്ച ജൂവാൻ വേദനയുടെ പ്രതീകംപോ

(ശേഷം 3-ാംപേജിൽ)



### ജപമാല രാജ്ഞി

(വിദ്വാൻ എ. ററി. ദേവസ്സി, എങ്ങണ്ടിയൂർ)

ശോകം വെടിഞ്ഞരിയ ശാന്തിയെഴുന്നതിന്നും
നാകാർഹരായി മനുജർ മരുവുന്നതിന്നും
പാകത്തിലത്ഥന കഴിക്ക ദിനേ ദിനേ നാം
ലോകത്തിനിങ്ങു ശരണം ജപമാലഭക്തി

# നിയോഗിക്കമ്മററി റിപ്പോർട്ടും ക്രിസ്ത്യൻ മിഷനറിമാരും

(ഫാദർ തോമസ് മണ്ണഞ്ചേരി)

മദ്ധ്യപ്രദേശ് ഗവമ്മേണ്ടിനാൽ നിയുക്തമായ "നിയോഗിക്കമ്മററി" ഇൻഡ്യയിലെ ക്രിസ്ത്യൻമിഷ്യനറിമാരേയും അവരുടെ മിഷ്യൻപ്രവത്തനങ്ങളേയും അവഹേളിച്ചുകൊണ്ട് തയാറാക്കിയതും ഈ അടുത്തകാലത്തു ക്രിസ്ത്യാനികളുടെ പ്രതിഷേധത്തെ വകവെയ്ക്കാതെ മദ്ധ്യപ്രദേശ്ഗവമ്മേൻറു പ്രസിദ്ധപ്പെടുത്തിയതും ആയ റിപ്പോർട്ട് ഇൻഡ്യയിൽ ആസകലം ഒരു കോളിളക്കം ഉണ്ടാക്കിയിരിക്കുകയാണല്ലോ. ഇവിടത്തെ ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കെതിരായി ഹൈന്ദവഭൂരിപക്ഷത്തെ ഇളക്കിവിടണമെന്നും ക്രിസ്ത്യാനികളെപ്പററി ഹൈന്ദവരുടെ ഇടയിൽ വിദ്വേഷം ജനിപ്പിക്കണമെന്നും കരുതിക്കൂട്ടി തയ്യാറാക്കിയ ഒരു റിപ്പോർട്ടാണ് ഇതെന്നു് ഇതു വായിക്കുന്ന ഏവക്കും നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയും. ഈ റിപ്പോർട്ട് ആദ്യന്തം ക്രിസ്ത്യൻ മിഷ്യനറിമാരെ ആക്ഷേപിക്കുന്നതും അവരുടെ മിഷ്യൻപ്രവത്തനങ്ങളെ അത്യന്തം രൂക്ഷതരമായി വിമർശിക്കുന്നതും മദ്ധ്യപ്രദേശത്തു മാത്രമല്ല, ഇൻഡ്യയിൽ എല്ലായിടത്തും മിഷ്യൻപ്രവത്തനം നിയമംമൂലം നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നതും ആയ ഒന്നാണ്. ക്രിസ്ത്യൻമിഷ്യനറിമാരെപ്പററി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾക്ക് എതിരായി തെളിവുകൾ കൊടുക്കുന്നതിനു് അവരുടെ കൂട്ടത്തിൽനിന്നും ഒരു മെംബറെയെങ്കിലും നിയമിക്കുകയോ, അവക്ക് എതിരായ ആരോപണങ്ങൾക്ക് സമാധാനം ആവശ്യപ്പെടുകയോ ചെയ്യാതെ, മിഷ്യനറിവിരുദ്ധകക്ഷികളെമാത്രം നിയമിച്ചുകൊണ്ടു തയ്യാറാക്കിയ ഈ റിപ്പോർട്ട് ഏകപക്ഷീയവും സത്യത്തെ മറച്ചുവെച്ചുകൊണ്ടുള്ളതും ദുരുദ്ദേശപരവും ആണെന്നു് പ്രത്യക്ഷത്തിൽ തെളിയുന്നതാണ്. പ്രസ്തുത റിപ്പോർട്ടിൽ ക്രിസ്ത്യൻ മിഷ്യനറിമാക്കെതിരായി കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങൾ അബദ്ധജഡിലങ്ങളും അടിസ്ഥാനരഹിതങ്ങളും സത്യവിരുദ്ധങ്ങളും ആണെന്നു് അവിതക്കിതമായി തെളിയിക്കാൻ കഴിയും. ക്രിസ്ത്യൻ മിഷ്യനറിമാർ ഇൻഡ്യയുടെ അഭിവൃദ്ധിക്കുവേണ്ടി ഗണ്യമായി സഹകരിച്ചിട്ടുണ്ടെന്നും മിഷ്യനറിമാരുടെ പ്രവത്തനം ഇൻഡ്യക്കു യാതൊരു വിധത്തിലും ദോഷകരമായി ഭവിച്ചിട്ടില്ലെന്നും നിഷ്പക്ഷമായും മുൻവിധികൂടാതെയും ഈ വിഷയത്തെപ്പററി പഠിക്കുകയും അന്വേഷണം നടത്തുകയും ചെയ്യുന്ന സുബുദ്ധികൾക്ക് ബോദ്ധ്യപ്പെടാതിരിക്കുകയില്ല. മിഷ്യനറിമാർ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും പള്ളിക്കൂടങ്ങൾ, ആസ്പത്രികൾ, ആതുരാലയങ്ങൾ, അനാഥമന്ദിരങ്ങൾ, ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കി, ഇൻഡ്യയിലെ അധഃകൃതവർഗ്ഗങ്ങളേയും അവശലക്ഷങ്ങളേയും സമുദ്ധരിക്കുന്നതിൽ ഗണ്യമായ സേവനം ചെയ്തുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുതയെ നിഷേധിക്കുന്നതിനു് ആക്കുകഴിയും? മിഷ്യനറിമാർ നടത്തിക്കൊണ്ടിരിക്കുന്ന കുഷ്ഠരോഗാശുപത്രികൾ, അഗതിമന്ദിരങ്ങൾ, കൈത്തൊഴിൽശാലകൾ, ആസ്പത്രികൾ ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്ന ഏതു കഠിനഹൃദയനും അവരുടെ സേവനങ്ങളെപ്പററി സംതൃപ്തിയും അഭിനന്ദനവും രേഖപ്പെടുത്താതിരിക്കുകയില്ല. ഹൈന്ദവരുടെ കൂട്ടത്തിൽ അനേകം മഹാന്മാരും നിഷ്പക്ഷബുദ്ധികളും മിഷ്യനറിമാരുടെ പ്രവത്തനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും ക്രിസ്ത്യാനികളോടൊരുമിച്ച് "നിയോഗിക്കമ്മററി റിപ്പോർട്ടിനെ" പ്രതിഷേധിക്കുകയും ചെയ്യുന്നതിൽ ക്രിസ്ത്യാനികൾക്കു പൊതുവേയും വിശിഷ്യ മിഷ്യനറിമാക്കും സംതൃപ്തിക്കും സന്തോഷത്തിനും അവകാശമുള്ളതാണ്.

മദ്ധ്യപ്രദേശത്തു് ക്രിസ്ത്യൻ മിഷ്യനറിമാർ "ആദിമനിവാസികളുടെ" ഇടയിൽ നടത്തുന്ന പ്രവർത്തനങ്ങളാണ് മേൽ വിവരിച്ച റിപ്പോർട്ടിലെ വിമർശനത്തിനും അവഹേളനത്തിനും പാത്രമായിത്തീന്നിട്ടുള്ളതു്. ഇൻഡ്യാ ഒരു മതേതരരാഷ്ട്രമാണെന്നു് ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും മദ്ധ്യപ്രദേശ്ഗവമ്മേൻറു് മതത്തിൻെറ കാര്യത്തിൽ അവിഹിതമായി കൈകടത്തുന്നതായിട്ടാണ് കാണുന്നതു്. മിഷ്യനറിമാരുടെ മതപ്രചരണയത്നങ്ങളെ ആക്ഷേപിക്കുന്നതിനും പുറമേ, അവ രാഷ്ട്രീയലക്ഷ്യത്തോടുകൂടിയ പ്രവത്തനങ്ങൾ എന്നു് എല്ലായിടത്തും തെററിദ്ധാരണകൾ പ്രചരിപ്പിക്കയും ചെയ്തുകൊണ്ടിരിക്കുന്നു.

ക്രിസ്തുമതം ഇൻഡ്യയിലെ പുരാതനമതങ്ങളിൽ ഒന്നാണെന്നും സംഖ്യാബലംകൊണ്ടു് അതിനു് ഇൻഡ്യയിലെ മതങ്ങളുടെ കൂട്ടത്തിൽ മൂന്നാമത്തെ സ്ഥാനമാണുള്ളതെന്നും മററു മതങ്ങൾക്കു് സിദ്ധിക്കുന്ന സകല ആനുകൂല്യങ്ങളും ക്രിസ്തുമതത്തിനും ഈ രാജ്യത്തു് ഉണ്ടായിരിക്കുമെന്നും ഇൻഡ്യയുടെ പ്രധാനമന്ത്രിയും പ്രസിഡണ്ടും നിയമസഭയിൽവെച്ചു പലപ്പോഴും ഉറപ്പുതന്നിട്ടുള്ളതാണ്. ഇൻഡ്യയുടെ ഭരണഘടന രൂപം പ്രാപിച്ച അവസരത്തിൽ കോൺസാംബ്ലിയിൽവെച്ചു ക്രിസ്ത്യാനികൾക്ക് ഇൻഡ്യയിൽ പൂണ്ണമായ മതസ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നും മതസ്വാതന്ത്ര്യം എന്നു പറയുന്നതിൽ മതം അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഉൾപ്പെടുന്നുണ്ടെന്നും മതപ്രചരണസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നില്ലെങ്കിൽ മതസ്വാതന്ത്ര്യംഉണ്ടെന്നു പറയുന്നതു് നിരത്ഥകമാണെന്നും നമ്മുടെ അഭിവന്ദ്യനായ പ്രധാനമന്ത്രിനെഹ്രു പ്രസ്താവിച്ചിട്ടുള്ളതാണ്. കോൺസംബ്ലിയിൽവെച്ചു മതപ്രചരണസ്വാതന്ത്ര്യത്തെപ്പററി തീവ്രമായ വാദപ്രതിവാദങ്ങൾ നടത്തിയ ശേഷമാണ് നിയമസഭാംഗങ്ങളുടെ ഐകകണ്ഠ്യേനയുള്ള സമ്മതത്തോടുകൂടി മതപ്രചരണസ്വാതന്ത്ര്യം ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. വാസ്തവത്തിൽ അഭിപ്രായസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം ഇവയെല്ലാം മനുഷ്യൻെറ മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നവയാണ്. ഇൻഡ്യ പരിപൂണ്ണമായി ഒരു ഡെമോക്രസിയായി അംഗീകരിക്കപ്പെടുകയും തദനുസരണം പ്രഖ്യാപിക്കപ്പെടുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കു് ഇൻഡ്യയിലെ സ്റ്റേയിററുകൾ മതസ്വാതന്ത്ര്യത്തിൻെറ കാര്യത്തിൽ കൈകടത്തുന്നതും ഈ രാജ്യത്തെ പൗരന്മാർ ഓരോരുത്തരും അവരവക്കു് ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനു് പ്രതിബന്ധം ഉണ്ടാക്കുന്നതും ഒരിക്കലും അഭിലഷണീയമല്ല. ഇൻഡ്യയിലെ ന്യൂനപക്ഷങ്ങൾക്കു് മതസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ടു്, ഇൻഡ്യയുടെ പ്രഖ്യാപിതനയത്തിനെതിരായി മദ്ധ്യപ്രദേശ് ഗവമ്മെൻേറാ വേറെ ഏതെങ്കിലും ഗവമ്മേൻറുകളോ ഇൻഡ്യയെ ഒരു ഹൈന്ദവമതരാഷ്ട്രമാക്കിത്തീക്കാൻ ശ്രമിക്കുന്നുവെങ്കിൽ പൂർവ്വകാലം മുതൽ ഇൻഡ്യയിൽ ആദരിക്കപ്പെട്ടുപോന്നിരുന്ന സഹിഷ്ണുതാമനോഭാവത്തിനു് അതു് എതിരായി ഭവിക്കുമെന്നതിനു് സംശയമില്ല; മാത്രമല്ലാ, ഇൻഡ്യയെ ഒരു ഡെമോക്രസി എന്ന നിലയിൽനിന്നും അധഃപതിപ്പിച്ചു് ഒരു സേച്ഛാധിപത്യ രാജ്യമാക്കിത്തീക്കാനുള്ള ശ്രമമാണ് ഇതെന്നു് ന്യൂനപക്ഷങ്ങളുടെ ഇടയിൽ ഭീതിക്കും ആശങ്കയ്ക്കും ഇതു ഇടയാക്കിത്തീക്കുന്നതുമാണ്.

ക്രിസ്ത്യൻ മിഷ്യനറിമാർ കമ്മ്യൂണിസ്റ്റുകാരാദിയായവരെപ്പോലെ ജനങ്ങളെ വിപ്ലവത്തിനും അധികാരധ്വംസനത്തിനും പ്രേരിപ്പിക്കുകയല്ലാ ചെയ്യുന്നതു്; പ്രത്യുത ക്രിസ്തുവിൻെറ സമാധാനത്തിൻേറയും ശാന്തിയുടേയും സന്ദേശമാണ് അവർ ഇൻഡ്യയിൽ എങ്ങും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ക്രൈസ്തവമതം "സീസറിൻേറതു് സീസറിനും ദൈവത്തിൻേറതു് ദൈവത്തിനും കൊടുത്തുകൊള്ളുണ"മെന്നുള്ള ക്രിസ്തുവിൻെറ ഉപദേശമാണ് ജനങ്ങളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നതു്. നിയമാനുസരണം രാഷ്ട്രഭരണം നടത്തിക്കൊണ്ടിരിക്കുന്ന അധികാരികളെ അനുസരിക്കുന്നതിനും ബഹുമാനിക്കുന്നതിനും സമാധാനത്തോടുകൂടി ജീവിക്കുന്നതിനും ആണ് ക്രിസ്തുമതം തദനുയായികളോടു് ആവശ്യപ്പെടുന്നതു്. ഇങ്ങനെ സമാധാനവും ശാന്തിയും അധികാരവിധേയത്വവും പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിൻെറ സുവിശേഷപ്രചരണത്തെ നിരോധിക്കണമെന്നു ആവശ്യപ്പെടുന്നതും ശേഷം എല്ലാ മതങ്ങളും, വിധ്വംസകപ്രവത്തനങ്ങൾക്കായി നിലകൊള്ളുന്ന സംഘടനകൾപോലും നിർബാധം വളന്നുകൊള്ളുന്നതിനു് യാതൊരു വിരോധവും ഇല്ലെന്നു് പരോക്ഷമായി സമ്മതിക്കുന്നതും ആയ മദ്ധ്യപ്രദേശ്ഗവമ്മേണ്ടിൻെറ "നിയോഗിക്കമ്മററി റിപ്പോർട്ട്" അത്യന്തം വിചിത്രതരമായിരിക്കുന്നുവെന്നേ പ്രസ്താവിക്കേണ്ടതുള്ളൂ.

ഉയർന്നജാതി ഹിന്ദുക്കളാൽ വെറും മൃഗങ്ങളെപ്പോലെയും അടിമകളെപ്പോലെയും കരുതി ചവിട്ടിത്താഴ്ത്തപ്പെട്ടിരുന്ന ആദിമനിവാസികളുടേയും മററു അധഃകൃതവർഗ്ഗക്കാരുടേയും ഇടയിൽ സമുദ്ധാരണോദ്യമങ്ങൾ നടത്തി അവരെ സാമുദായികമായും സാംസ്കാരികമായും സാന്മാർഗ്ഗികമായും വിദ്യാഭ്യാസപരമായും ഉയത്തുകയും അവരുടെ ഇടയിൽ സ്വാതന്ത്ര്യബോധവും ഉൽക്കർഷേച്ഛയും വളത്തി മനുഷ്യരെപ്പോലെ ജീവിക്കാൻ അവരെ പഠിപ്പിക്കുകയും ആണ് മിഷ്യനറിമാർ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ. ഇതു് മദ്ധ്യപ്രദേശ് ഗവമ്മേൻറിൻെറയും അവിടത്തെ ജന്മിവർഗ്ഗക്കാരുടേയും ദൃഷ്ടിയിൽ വലിയ അപരാധമായിട്ടാണ് ഗണിക്കപ്പെടുന്നതു്. മദ്ധ്യപ്രദേശത്തെ ആദിമനിവാസികളേയും ഗിരിവർഗ്ഗക്കാരേയും എന്നും ജന്മികളുടെ അടിമകളായി വെച്ചുകൊണ്ടിരിക്കണമെന്നും അവരുടെ ഇടയിൽ സ്വാതന്ത്ര്യബോധവും വിദ്യാഭ്യാസവും പ്രചരിപ്പിക്കരുതെന്നുമാണ് അവിടത്തെ ജന്മിവർഗ്ഗവും അവക്കു പിന്തുണനൽകിക്കൊണ്ടിരിക്കുന്ന ഗവമ്മെണ്ടും ആഗ്രഹിക്കുന്നതു്. ഈ കാരണത്താലാണ് മിഷ്യൻ പ്രവത്തനങ്ങളെ പരിപൂണ്ണമായി നിരോധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു റിപ്പോർട്ട് ക്രിസ്ത്യാനികളുടെ പ്രതിഷേധത്തെ വകവെയ്ക്കാതെ മദ്ധ്യപ്രദേശ് ഗവമ്മെൻറു പ്രസിദ്ധപ്പെടുത്തിയതു് എന്നനുമാനിക്കണം.

ഇൻഡ്യയുടെ ഭരണഘടനയിൽ അനുവദിച്ചിട്ടുള്ള മതസ്വാതന്ത്ര്യത്തെ അടിസ്ഥാനമാക്കി ക്രിസ്ത്യൻ മിഷ്യനറിമാർ നടത്തിക്കൊണ്ടിരിക്കുന്ന മിഷ്യൻ പ്രവത്തനങ്ങളെ അതികഠിനമായി ആക്ഷേപിച്ചും ദുർവ്യാഖ്യാനം ചെയ്തും ക്രിസ്ത്യാനികൾക്കു് മനോവേദനയ്ക്കു് ഹേതുവാകത്തക്കവണ്ണം നിയോഗിക്കമ്മററിയുടേതെന്നപേരിൽ മദ്ധ്യപ്രദേശ് ഗവമ്മെൻറു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന റിപ്പോർട്ടിനെപ്പററി ക്രിസ്ത്യാനികൾ സംഘാതമായി ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും പ്രതിഷേധസ്വരം ഉയത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഭരണഘടനയിൽ അനുവദിച്ചിട്ടുള്ള മൗലികാവകാശങ്ങൾക്കെതിരായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ റിപ്പോർട്ടിനെ ഉച്ചൈസ്തരം പ്രതിഷേധിക്കേണ്ടതു് ക്രിസ്ത്യാനികളുടെ ആവശ്യവും മുഖ്യമായ കടമയും ആയിത്തീന്നിരിക്കുകയാണ്.

അന്തർദ്ദേശീയ രംഗത്തു് ഏററം സമുന്നതമായ ധാർമ്മികനിലയെ പാലിച്ചുകൊണ്ടിരിക്കുകയും യുദ്ധഭീഷണിയെ ലോകത്തിൽ നിന്നകററാൻ തീവ്രയത്നം ചെയ്തുകൊണ്ടിരിക്കുകയാൽ ലോകം മുഴുവൻെറയും മുക്തകണ്ഠമായ പ്രശംസയെ അർഹിക്കയും ചെയ്തിട്ടുള്ള ഇൻഡ്യയുടെ സൽപേരിനു് മദ്ധ്യപ്രദേശ് ഗവമ്മെൻറു് പ്രസിദ്ധപ്പെടുത്തിയ ഈ റിപ്പോർട്ട് ഒരു മഹാകളങ്കമാണ് വരുത്തിവെച്ചിട്ടുള്ളതെന്ന കാര്യം ഇവിടെ ഖേദത്തോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

നമ്മുടെ സംപൂജ്യനായ ഇൻഡ്യൻ പ്രസിഡണ്ടും അഖിലലോകവന്ദ്യനായ പ്രധാനമന്ത്രി നെഹ്റുവും ഈ കാര്യത്തിൽ ഇടപെട്ടു് ക്രിസ്ത്യാനികൾക്കു് അത്യന്തം സങ്കടകരവും അവരുടെ ആസ്തിക്യത്തെത്തന്നെ ചോദ്യം ചെയ്യുന്നതുമായ "നിയോഗിക്കമ്മിററിറിപ്പോർട്ട്" മദ്ധ്യപ്രദേശ് ഗവമ്മെൻറിനെക്കൊണ്ടു് പിൻവലിപ്പിക്കുമെന്നു് നമുക്കു് ന്യായമായി പ്രതീക്ഷിക്കാം.


## മയ്യഴിത്തിരുനാൾ മഹാമഹം

### ഒക്ടോബർ 14, 15

**തിരുനാളാരംഭം ഒക്ടോബർ 5**

തീത്ഥകരുടെ സൗകര്യാത്ഥം 1956 ഒക്ടോബർ 14, 15 തീയതികളിൽ തീവണ്ടിക്കും, ബസ്സിനും പ്രത്യേക ഏപ്പാടുകൾ ചെയ്യപ്പെടുന്നതാണ്.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും, മയ്യഴിയിൽ 1736-ൽ സ്ഥാപിച്ചിട്ടുള്ള അത്ഭുതകരവും ബഹുമാന്യവുമായ അവിലായിലെ വിശുദ്ധ ത്രേസ്യായുടെ തീത്ഥകേന്ദ്രത്തിൽ അഭയം തേടുക. നിങ്ങൾക്കു് ഒരിക്കലും ഇച്ഛാഭംഗം വരികയില്ല.



കൊല്ലംതോറും തിരുനാൾ മഹോത്സവവേളയിൽ 25000-ൽ പരം തീത്ഥയാത്രക്കാർ ഇവിടം സന്ദർശിക്കുകയും ലക്ഷക്കണക്കിൽ മെഴുകുതിരികൾ പ്രാത്ഥനയായി ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളഴിഞ്ഞു് പ്രാത്ഥിക്കുന്ന ഏവക്കും ഈ പുണ്യവതിവഴിയായി കാര്യസാഫല്യമുണ്ടാകുന്നതാണെന്നു ഇവിടെ പലരും അനുഭവപ്പെട്ടതായറിയുന്നു. അത്യാശ്ചര്യകരമായ പല അനുഭവങ്ങളും നിരവധി ജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്.

അപേക്ഷകളും സംഭാവനകളും, പൂജാധർമ്മങ്ങളും താഴെക്കാണുന്ന വിലാസത്തിൽ എത്തിക്കേണ്ടുന്നതാണ്.

**Parish Priest, Mahe, N. Malabar**



സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | ” 8—12—0 |





## ജോലിയിൽ നിന്നും വിരമിക്കുമ്പോൾ മുടങ്ങാതെ വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗം

ജോലിയിൽ നിന്നും വിരമിക്കുന്നതിനു് എന്തെങ്കിലും പദ്ധതി തയ്യാറാക്കേണ്ടതിനുള്ള സമയം ഇപ്പോഴാണ്. മുടങ്ങാതെ ഒരു വരുമാനം ലഭിക്കുന്നതിനുവേണ്ടി സമ്പാദ്യങ്ങൾ പാലാ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുക. ആറുമാസം കൂടുമ്പോൾ ഉദാരമായ പലിശ കിട്ടുന്നതാണ്. കൂടുതൽ കാലാവധിയുള്ള നിക്ഷേപത്തിനു് കൂടുതൽ പലിശ. നൂറുരൂപാമുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും നിക്ഷേപിക്കാം.

ഇപ്പോഴത്തെ പലിശ നിരക്ക്

| | |
|---|---|
| 3 മാസത്തിനു് $2\frac{1}{2}$ ശതമാനം | 2 കൊല്ലത്തിനു് 4 ശതമാനം |
| 6 മാസത്തിനു് 3 ” | 3 കൊല്ലത്തിനു് $4\frac{1}{2}$ ” |
| 1 കൊല്ലത്തിനു് $3\frac{1}{2}$ ” | |

"കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ" എന്ന സൗജന്യ ലഘു ഗ്രന്ഥത്തിൻെറ ഒരു പ്രതി ഇന്നുതന്നെ ആവശ്യപ്പെടുക.

**പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്**

ഹെഡ് ആഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

PC. 2195

Book Review

## Everyman at his Prie-Diew

by Rev. Robert Nash S. J.

(Published by M. H. Gill and Son Ltd., 50 Upper O'Connell Street, Dublin. Pages 312. Price 15 s. net)

This book is the fourth of the Prie-Diew Meditation Series written by Rev. Robert Nash S. J. The first was intended for Priests, the second for Seminarians and the third for Nuns. This present volume is designed for all people who aspire to advance in spiritual life through the most efficatious path of systematic prayer and recollection.

As in his former works, the author follows the simple and effective Ignatian method of Spiritual Exercises, by proposing a preparatory prayer, setting a mental picture and designing a special fruit to be derived from the Exercises. Then developing the body of themeditation in 3 or 4pointsit is concluded by a short summary and a thought for the day. There are 45 such meditations in this volume. The topics are varied and well arranged and their natural sequence helps the exercitent in building up a compact spiritual life in him. Dogmatic expositions and devotionalreflections are so smoothly combined as to sustain the spirit of fruitful meditation all along.

This book is indeed an asset for anyone who wishes to work sincerely to progress in spirituality. It is indeed a meditation mannual for Every man. The author anyhow has included some special meditations for people in different states of life; e. g. for women, girls, boys, men, those aspiring for marriage, family people, priests etc. In short Fr. Robert Nash has done an invaluable service for "Everyman" who aspires to regulate his life in this world so as to attain his eternal goal, which is the end for which he is created.

J. P. V.

(1-ാംപേജ് തുടർച്ച)

ലെ അവിടെനിന്നും ഇറങ്ങി. തന്റെ നിസ്സഹായാവസ്ഥയിൽ അയാൾ ദുഃഖിച്ചു. വീണ്ടും മലയെ ലക്ഷ്യമാക്കി അയാൾ നടന്നു. മേഘമാലകൾ ആവരണം ചെയ്ത അമലോത്ഭവനാഥ അയാളുടെ മുമ്പിൽ. "അദ്ദേഹം വാക്കുകൾ വിശ്വസിക്കുന്നില്ല. ഒരടയാളം വേണം" ജുവാന്റെ കണ്ണുകളിൽ ബാഷ്പകണങ്ങൾ പൊടിച്ചു.

"ഭവനത്തിലേക്കു പൊയ്ക്കൊള്ളുക. പ്രഭാതത്തിൽ വീണ്ടും വരണം. ഞാൻ ഒരടയാളം തരാം." ദിവ്യജനനിയുടെ വാക്കുകൾ കേട്ട സന്തോഷചിത്തനായി അയാൾ യാത്രയായി.

ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ ഒരു പരിചിതൻ അയാളെ സമീപിച്ച് ജുവാന്റെ അടുത്ത ബന്ധുവായ ബെർനർദീനോയ്ക്കു സുഖക്കേടു കൂടുതലാണെന്ന ദാരുണവാർത്ത അറിയിച്ചു. രോഗിയെ സന്ദർശിച്ചുശേഷം പ്രഭാതത്തിൽ മരുന്നുവാങ്ങുവാൻ ജുവാൻ പുറപ്പെട്ടു. നേരം വെള്ളകാലു വീശുമ്പോൾ ടെപ്പിയായിൽ എത്തണമെന്നു ദിവ്യജനനി പറഞ്ഞിരുന്നതിനെ ഓർത്തെങ്കിലും പാവപ്പെട്ടവനായ തനിക്കു മഹൽകാര്യങ്ങളുമായി ഇടപെടാനുള്ള യോഗ്യതയില്ലെന്നു സമാധാനിച്ച് അയാൾ മുമ്പോട്ടുനീങ്ങി. മാതാവു പ്രത്യക്ഷപ്പെടാറുള്ള സ്ഥലത്തെ മനഃപൂർവ്വം ഒഴിഞ്ഞുമാറിപ്പോകുകയാണ്. പക്ഷെ പ്രഭാപൂരത്താൽ പരിസരങ്ങളെ ഇക്കിളിപ്പെടുത്തുന്ന അമലമനോഹരി അയാളുടെ മുമ്പിൽ പ്രത്യക്ഷയായി.

മരണത്തിന്റെ താഴ്വരയിലേക്കു ക്രമേണ നീങ്ങിക്കൊണ്ടിരിക്കുന്ന തന്റെ ബന്ധുവിനു മരുന്നുവാങ്ങിക്കാൻ പോകുന്നതുകൊണ്ടാണ് നേരത്തെ എത്താതിരുന്നതെന്നുപറയാൻ അയാൾ ശ്രമിച്ചു. "ബന്ധുവിനെ വിസ്മരിക്കുക. ഞാൻ ഇതിനകം അയാളെ പൂർണ്ണമായി സുഖപ്പെടുത്തിക്കഴിഞ്ഞു. കുന്നിൻചരിവിലേക്കു പോകണം. അവിടെ കാണുന്നതിനെ സംഭരിക്കുക." മാതാവു അറിയിച്ചു.

അയാൾ കുന്നിലേക്കു നടന്നു. റോസപ്പൂക്കൾ ഒരിക്കലും ഉണ്ടാകാറില്ലാത്ത ആ വിജനപ്രദേശത്തു അതാ പുഷ്പങ്ങളുടെ ഭാരത്താൽ ശിരസ്സു നമിച്ച പനിനീർച്ചെടികൾ നിൽക്കുന്നു. അതിന്റെ സൗരഭ്യം നാസാരന്ധ്രങ്ങളിലൂടെ കടന്നു രക്തത്തിൽ കലരുകയാണ്. സ്വർഗ്ഗീയാനുഭൂതിയിൽ ഹൃദയം ത്രസിക്കുന്നു. തുഷാരബിന്ദുക്കൾ പൊടിഞ്ഞുവീഴുന്ന ആ മനോഹരപുലരിയിൽ ജുവാൻ റോസപ്പൂക്കൾ അടർത്തിയെടുത്തു മേലങ്കിയിൽ ശേഖരിച്ചു.

അഭിമാനഭരിതനായ ജുവാൻ പരിസരങ്ങളെ പാടെ വിസ്മരിച്ചു. ക്ഷണനേരംകൊണ്ടു് അയാൾ അരമനയുടെ പടിക്കൽ എത്തി. വിജിഗീഷുവായ യോദ്ധാവിനെപ്പോലെ അയാൾ അകത്തേക്കു കടന്നു. തന്റേടത്തോടുകൂടി വീണ്ടും തന്നെ ശല്യപ്പെടുത്താൻ എത്തിയിരിക്കുന്ന ധിക്കാരിയെ മെത്രാൻ അമർഷത്തോടെ നോക്കി. അയാൾ അതു വകവെച്ചില്ല.

"ഇതാ, അടയാളം" ജുവാൻ വിജയഭാവത്തിൽ തല ഉയർത്തി.

ക്ഷണത്തിൽ തുണിയിൽ സംഭരിച്ചിരുന്ന പനിനീർപ്പൂക്കൾ തറയിൽ പതിച്ചു. സൗരഭ്യവാഹിയായ കുളിർകാററു ജനാലകളിലൂടെ എന്തോ സന്ദേശവും വഹിച്ചു പുറത്തേക്കുപോയി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ മെത്രാൻ മുട്ടിന്മേൽനിന്നു കൈകൾ കൂപ്പി. അതാ അവിടെ റോസപ്പൂക്കൾ ശേഖരിച്ചുകൊണ്ടുവന്ന ജുവാന്റെ മേലങ്കിമേൽ അമലോത്ഭവനാഥയുടെ മോഹനചരായ കാണുന്നു. തുണിയിൽ പതിഞ്ഞ ദിവ്യരൂപം.

—o—

## കൃതജ്ഞത

പത്താം പീയൂസ് പുണ്യവാന്റെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

പി. എ. അവുസേപ്പ്,
പരിയാരം.

# ജപമാല വരിച്ച വിജയം

(തോമസ് വി. നാമ്പുഴയ്ക്കൽ)

ഫ്രാൻസിന്റെ തെക്കുഭാഗത്തു് ദൈവത്തെക്കുറിച്ച് യാതൊന്നും അറിഞ്ഞുകൂടാത്ത അൽബിജൻസ് എന്നൊരു വർഗ്ഗക്കാർ മുമ്പു ജീവിച്ചിരുന്നു. ക്രിസ്തുവർഷം 1208-ൽ വി. ഡോമിനിക്ക് അവരുടെ ഇടയിൽ സത്യമതത്തെപ്പററി പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ മാതാവു് പ്രത്യക്ഷപ്പെട്ടു് അദ്ദേഹത്തിന്റെ കൈയിൽ ഒരു ജപമാല കൊടുത്തു. പകൽസമയങ്ങളിൽ അവരോടു് പ്രസംഗിച്ചും രാത്രിയിൽ അവക്കുവേണ്ടി പ്രാത്ഥന നടത്തിയും വി. ഡോമിനിക്ക് അനേകം വർഷങ്ങൾ അവരുടെ ഇടയിൽ ജോലിചെയ്തു. എന്നാൽ അതുകൊണ്ടു് വലിയ ഫലമൊന്നും സിദ്ധിച്ചില്ല. ഒരു രാത്രിയിൽ വിശുദ്ധൻ "പ്രൂയില്ലെ"യിലുള്ള നോട്ടർഡാം ചാപ്പലിൽ, മുട്ടിന്മേൽ നില്ക്കുമ്പോൾ മാതാവു് കൈയിൽ ഒരു കൊന്തയും പിടിച്ചുകൊണ്ടു് അദ്ദേഹത്തിനു് പ്രത്യക്ഷപ്പെട്ടു. ഉടനെ ജപമാല ചൊല്ലുന്നതെങ്ങനെയെന്നു് മാതാവു് വിശുദ്ധനെ പഠിപ്പിച്ചു. തന്നെയുമല്ല അതു് ലോകത്തോടു് പ്രസംഗിക്കുവാൻ കല്പിക്കുകകൂടി ചെയ്തു. ജപമാല ചൊല്ലിയാൽ പാപികൾ മാനസാന്തരപ്പെടുമെന്നും സത്യമതത്തിൽ വിശ്വസിക്കുന്നവക്ക് അനുഗ്രഹങ്ങൾ ലഭിക്കുമെന്നും മാതാവു് ഉറപ്പുനൽകി.

ജപമാല അഥവാ ഈ പുതിയ ഉപകരണംകൊണ്ടു് അൽബിജൻസ് വർഗ്ഗക്കാരുടെ ഇടയിൽ വി. ഡോമിനിക്ക് വളരെ വിജയകരമായി ജോലിചെയ്തു. അങ്ങനെ അനേകംപേരെ വിശ്വാസദീപത്തിങ്കലേക്കു് കൊണ്ടുവരുവാൻ ആ വിശുദ്ധനു് സാധിച്ചു. മാത്രമല്ല "അൽബിജൻസ്" വർഗ്ഗക്കാക്കെതിരായി; സൈമൺ ദെ മോൺട്ഫോർട്ടു് നടത്തിയ ഒരു സൈനിക കുരിശുയുദ്ധത്തിലും, ജപമാല വിജയം വരിച്ചു. വി. ഡോമിനിക്കിന്റെ ശിക്ഷണം ലഭിച്ച ആ ക്രിസ്ത്യൻ സൈന്യം "മുറെറു്" എന്ന സ്ഥലത്തുവച്ചു നടന്ന കുരിശുയുദ്ധത്തിനു മുമ്പിൽ ജപമാല ഉറക്കെ ചൊല്ലുകയാണുണ്ടായതു്. ഇതു് നടന്നതു് 1213-ലാണു്. ഈ വിജയത്തെ സൈമൺ ദെ മോൺട്ഫോർട്ടു് ദൈവത്തിന്റെ കീഴിൽ ജപമാലപ്രാത്ഥനകൾക്കായിട്ടു് സമപ്പിച്ചു. മാത്രമല്ല, ആ മഹാൻ തന്റെ നന്ദിപ്രകടനത്തിനു അടയാളമായി "മുറെറു്" എന്ന സ്ഥലത്തു് ജപമാലയുടെ നാമത്തിൽ ഒരു പള്ളി പണികഴിപ്പിക്കയും ചെയ്തു.

ജപമാലവഴിയായി അനേകം യുദ്ധങ്ങളിൽ ശത്രുക്കളെ കീഴടക്കുവാൻ സാധിച്ചിട്ടുണ്ടു്. അവയിൽ ഏററവും ശക്തികൂടിയ വിജയം കൈവരിച്ചതു് 1571-ൽ നടന്ന ലെപ്പാന്റോയുദ്ധത്തിലാണു്. മുഹമ്മദീയർ തങ്ങൾക്കു് മെഡിററേനിയൻ കടലിലുള്ള നാവികശക്തി ഉപയോഗിച്ച് ക്രിസ്ത്യാനികൾ നിവസിക്കുന്ന യൂറോപ്പിനെ ആക്രമിക്കുമെന്നു് ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. അപ്പോൾ, അവസാനമായി വിശുദ്ധനായ അഞ്ചാംപീയൂസ് പാപ്പാ ശത്രുക്കൾക്കെതിരായി ഒരു ലീഗ് സംഘടിപ്പിച്ചു. വെനീസ്, ജെനോവാ, സ്പെയിൻ എന്നിവിടങ്ങളിൽ ക്രിസ്ത്യാനികളുടെ കപ്പൽസൈന്യം ആസ്ത്രിയായിലെ ഡോൺ ജോണിന്റെ കീഴിൽ ഒരുങ്ങിനിന്നു. 1569 സെപ്തംബർ 17-ാംനു-രാവിലെ മാർപ്പാപ്പാ എല്ലാ ക്രിസ്ത്യാനികളോടും, തങ്ങളുടെ വിജയത്തിനുവേണ്ടി ജപമാല ചൊല്ലുവാൻ ഉൽബോധിപ്പിച്ചു. നിർണ്ണയിക്കപ്പെട്ട ദിവസമായ ഒക്ടോബർ 7-ാംതീയതി മാർപ്പാപ്പാപോലും രാത്രി മുഴുവനും ജപമാലചൊല്ലിക്കൊണ്ടിരുന്നു.

ശത്രുക്കളെ ആക്രമിക്കുവാൻ പുറപ്പെടുന്നതിനുമുമ്പ് ക്രിസ്ത്യൻനാവികന്മാർ ഭക്തിയോടുകൂടി ജപമാല ചൊല്ലി. അപ്പോൾത്തന്നെ മാർപ്പാപ്പായുടെ പ്രതിനിധി അപ്പസ്തോലികാശീർവ്വാദം അവർക്കു നൽകി. അന്നു രാവിലെ വിശുദ്ധ കുർബാന സ്വീകരിച്ച അറുപത്തിഅയ്യായിരം പേർ മൂന്നുമണിക്കൂർ സമയം തുടന്നു് ജപമാല ചൊല്ലിക്കൊണ്ടിരുന്നു. രണ്ടുകൂട്ടരും തമ്മിൽ ആക്രമണം ആരംഭിച്ചു. ക്രിസ്ത്യാനികൾക്കു് പ്രതികൂലമായി നിന്ന കാററു് പെട്ടെന്നു അമന്നു. ഉച്ചകഴിയുന്നതുവരെ യുദ്ധം ഉഗ്രമായി നടന്നുകൊണ്ടിരുന്നു. എന്നാൽ പെട്ടെന്നു് തുക്കികൾ പരാജിതരായി മടങ്ങേണ്ടിവന്നു. അപ്പോഴുണ്ടായ വിജയം മൂലം തുക്കികളുടെ നാവികശക്തിക്കു് വലിയ ഹാനിതട്ടിയെന്നു മാത്രമല്ല, മെഡിററേനിയൻ കടലിൽനിന്നുള്ള അവരുടെ യുദ്ധഭീഷണി അവസാനിക്കുകയും ചെയ്തു.

ആദ്യമായിത്തന്നെ ഡോൺ ജോൺ തന്റെ സൈന്യത്തിന്റെ വിജയം ശക്തിസംരക്ഷകയായ ജപമാലരാജ്ഞിക്കു സമപ്പിച്ചു. വെനീഷ്യൻ സെനററു്, കുരിശുയുദ്ധത്തിൽ പങ്കെടുത്ത മററു ഗവമ്മെൻറുകൾക്കു ഇപ്രകാരമെഴുതി: "സേനാനായകന്മാരോ, സൈന്യങ്ങളോ, യുദ്ധായുധങ്ങളോ, അല്ലായിരുന്നു നമുക്കു വിജയം നേടിത്തന്നതു്. പ്രത്യുത നമ്മുടെ ജപമാലരാജ്ഞിയായിരുന്നു."

—o—

ആദ്ധ്യാത്മികവീഥി

# പരിത്യാഗപരിശീലനം

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

വി. കൊച്ചുത്രേസ്യയുടെ സ്വയംകൃത ജീവചരിത്രത്തിൽ ഒരു സംഭവം പറയുന്നുണ്ടു്. ഏതാനും മണിക്കൂർ നേരത്തേക്കു രണ്ടു കൊച്ചുകുട്ടികളെ നോക്കേണ്ടഭാരം പുണ്യവതി വഹിക്കേണ്ടതായി വന്നു. തമ്മിൽ വഴക്കുണ്ടാക്കാതെ പരസ്പരം സഹിച്ചും ക്ഷമിച്ചും സ്നേഹിച്ചും കഴിയുന്നതിനു അവരെ പ്രേരിപ്പിക്കുന്നതിനു് അവക്കു മിഠായി വാങ്ങിക്കൊടുക്കുന്നതിനോ കള്ളക്കഥകൾ പറഞ്ഞു ഭയപ്പെടുത്തുന്നതിനോ ഒന്നും ആവശ്യപ്പെട്ടില്ല. ഉണ്ണിയീശോയെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും മററും പറഞ്ഞു ധരിപ്പിച്ചതിന്റെ ഫലമായി സ്വഭാവാതീത ന്യായങ്ങളാൽ പ്രേരിതരായി പ്രവത്തിക്കുന്നതിനു ആ പിഞ്ചുകുഞ്ഞുങ്ങൾക്കു കഴിഞ്ഞു.

കുഞ്ഞുങ്ങളുടെ സ്വഭാവം എവിടെയും ഒന്നുതന്നെയാണു്. വേണ്ടവണ്ണം ശ്രമിച്ചാൽ നമ്മുടെ കുഞ്ഞുങ്ങളെക്കൊണ്ടും മേല്പറഞ്ഞവണ്ണം പ്രവത്തിപ്പിക്കാം.

സ്നേഹിക്കുന്നവക്കു തങ്ങളുടെ പക്കലുള്ള എന്തും കൊടുക്കുന്നതിനു കുട്ടികൾ തയാറാണു്. ചിലപ്പോൾ തള്ളമാർ കുഞ്ഞുങ്ങൾ കാര്യമായി കരുതി സൂക്ഷിക്കുന്നതുവല്ലതും തരാമോ എന്നു ചോദിച്ചാൽ ഒരു മടിയും കൂടാതെ കൊടുക്കുന്നതു നാം കണ്ടിട്ടുണ്ടല്ലോ. ആത്മാത്ഥമായ സ്നേഹമാണു് കുഞ്ഞുങ്ങളെ അതിനു പ്രേരിപ്പിക്കുന്നതു്. വി. കൊച്ചുത്രേസ്യായുടെ അമ്മ സുഖക്കേടായി കിടന്നിരുന്നപ്പോൾ ഇളയ കുട്ടികളായിരുന്ന സെലീനേയും കൊച്ചുത്രേസ്യായേയും ഒരു സ്നേഹിത സ്വന്തം വീട്ടിലേക്കു കൊണ്ടുപോയി സൽക്കരിച്ച വിവരം വിശുദ്ധതന്നെ പറയുന്നുണ്ടല്ലോ. അന്നു് അവക്കു തിന്നാൻ കൊടുത്ത ആപ്പിൾ അവർ തിന്നാതെ അമ്മയ്ക്കു കൊടുക്കണമെന്നും പറഞ്ഞു മാററിവയ്ക്കുകയാണു ചെയ്തതു്. നമ്മുടെ കുട്ടികളും തങ്ങൾക്കു ലഭിക്കുന്ന നല്ല മാമ്പഴവും പേരയ്ക്കായും മററും പരിത്യജിച്ചു അമ്മയ്ക്കു കൊണ്ടുപോയി കൊടുക്കുന്നതു നാമും കാണാറുണ്ടല്ലോ. സ്നേഹമുള്ളിടത്തു ത്യാഗത്തിനു വിഷമമില്ലെന്നല്ലയോ ഇതെല്ലാം കാണിക്കുന്നതു്.

ചെറുപ്പത്തിൽ തന്നെ ഉണ്ണിയീശോയുടെയും മാതാവിന്റെയും മററും പടങ്ങളോ സ്വരൂപങ്ങളോ കാണിച്ചുകൊടുത്തു അവർ നമ്മെ എന്തു മാത്രം സ്നേഹിക്കുന്നുണ്ടെന്നും അവർ എന്തെല്ലാം നമുക്കു തന്നിട്ടുണ്ടെന്നും കുട്ടികളെ പറഞ്ഞു മനസ്സിലാക്കി അവരെ ആത്മാത്ഥമായി സ്നേഹിക്കുന്നതിനു പഠിപ്പിക്കുന്ന പക്ഷം കാതീന്ന ദൈവസ്നേഹത്താൽ പ്രേരിതരായി പല ത്യാഗങ്ങളും ചെയ്യുന്നതിനു അവർ മുമ്പോട്ടു വരാതിരിക്കയില്ല.

എന്നു പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.


## വി. ചെറുപുഷ്പത്തിന്റെ തിരുനാൾ

മൂക്കന്നൂർ ചെറുപുഷ്പദേവാലയത്തിൽ വിശുദ്ധയുടെ തിരുനാൾ 1956 ഒക്ടോബർ 7-ാംതീയതി ഞായറാഴ്ച സാഘോഷം കൊണ്ടാടുന്നതാണു്. തിരുനാൾ പ്രസുദേന്തി മൂക്കന്നൂർ ഞാളിയത്തു് പൗലോ തോമസ് അവർകളാണു്.

ചെറുപുഷ്പാശ്രമം സുപ്പീരിയർ
ഫാദർ ബസീലിയസ് സി. എസ്സ്. ടി.



പല ഡോക്ടർമാരും വൈദ്യന്മാരും കൈയൊഴിഞ്ഞ എന്റെ സുഖക്കേടു് നിത്യസഹായമാതാവിന്റെ സഹായത്താൽ മാറിയതിനു് ഉപകാരസ്മരണ.



വിശുദ്ധ പത്താം പീയൂസിന്റെ സഹായത്താൽ എന്റെ സുഖക്കേടു് മാറിയതിനു് ഉപകാരസ്മരണ.

താമസിച്ചതിനു് ക്ഷമാപണം.

പി. ജെ. എൽസി, അത്തുങ്കൽ

(10-ാംപേജ് തുടർച്ച)

നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിക്കുന്നു. അവൻ അവനോട്, എൻെറ കർത്താവേ, ഉവ്വ് ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ എന്നു പറയുന്നു. ഈശോ അവനോടു അരുളിച്ചെയ്യുന്നു: എൻെറ ആടുകളെ എനിക്കായി നീ മേയ്ക്കുക. അവൻ മൂന്നാംപ്രാവശ്യവും അവനോട് യോനായുടെ പുത്രനായ ശിമയോനെ നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിക്കുന്നു. എന്നാൽ നീ എന്നെ സ്നേഹിക്കുന്നുവോ എന്നു മൂന്നാംപ്രാവശ്യം അവൻ തന്നോടു ചോദിച്ചതുകൊണ്ട് കേപ്പാ ദുഃഖിച്ചു. ആകയാൽ അവൻ അവനോട്, എൻെറ കർത്താവേ നീ എല്ലാം തിരിച്ചറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. ഈശോ അവനോടു അരുളിച്ചെയ്യുന്നു. എൻെറ പെണ്ണാടുകളെ എനിക്കായി നീ മേയ്ക്കുക" (യോഹ: XXI, 15—17)

ഈ വാക്കുകളാൽ ക്രിസ്തു പത്രോസിനു—പത്രോസിനു മാത്രമായി—തൻെറ അജക്കൂട്ടമായ സഭയുടെമേൽ പരമാധികാരം നൽകുകയായിരുന്നുവെന്നു വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു. തൻെറ ആടുകളുടെ പാലകനായിരിക്കുവാനുള്ള ഈ നിർദ്ദേശം അർത്ഥവത്താണ്. എന്തെന്നാൽ ക്രിസ്തു തന്നെത്തന്നെ നല്ല ഇടയൻ എന്നാണല്ലോ സംബോധനചെയ്തിരിക്കുന്നതു്. അങ്ങനെ തൻെറ സഭയുടെ ഇടയനായിരിക്കുന്ന ക്രിസ്തു, തൻെറ സ്ഥാനത്തു് വിശുദ്ധ പത്രോസിനെ ഇടയനായി നിയമിക്കുകയാണു ചെയ്യുന്നതു്. പഠിപ്പിക്കുന്നതിനും ഭരിക്കുന്നതിനും വിധിക്കുന്നതിനുമുള്ള ത്രിവിധാധികാരവും ക്രിസ്തു വിശുദ്ധ പത്രോസിനു പ്രദാനംചെയ്യുന്നു.

പത്രോസിനു നൽകപ്പെട്ട ഈ പരമാധികാരം പുതിയ നിയമത്തിൽ പ്രകടമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രഥമസമ്പർക്കത്തിൽതന്നെ അദ്ദേഹത്തിൻെറ പേരു മാത്രമേ ക്രിസ്തു മാററി കേപ്പാ(പാറ) എന്നാക്കുന്നുള്ളൂ. അപ്പസ്തോലന്മാരുടെ പേരു പറയുമ്പോഴെല്ലാം പത്രോസിൻെറ പേർ ആദ്യമായി പറഞ്ഞിരിക്കുന്നു. ഇതരാപ്പസ്തോലന്മാരും മററുള്ളവരും പത്രോസിനെയാണു നേതാവായി കരുതിയിരുന്നതു്. തലക്കാണം വാങ്ങുന്നവർ പത്രോസിനോടാണ് അതു ആവശ്യപ്പെടുന്നതു്. കടവിൽക്കിടന്ന പടവുകളിൽ പത്രോസിൻെറപടവിൽ കയറിയിരുന്നാണു ഈശോ ജനക്കൂട്ടത്തോടു പ്രസംഗിച്ചതു്. അപ്പസ്തോലന്മാർക്കുവേണ്ടി സംസാരിക്കുന്നതു പത്രോസാണ്. ക്രിസ്തുവിൻെറ പുനരുത്ഥാനത്തിനുശേഷം യൂദാസിനുപകരം ഒരാളെ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെടുന്നതും, ആദ്യമായി സുവിശേഷം പ്രസംഗിക്കുന്നതും, ആദ്യമായി അത്ഭുതം പ്രവർത്തിക്കുന്നതും, അനനിയാസിനേയും സഫീറായേയും ശിക്ഷിക്കുന്നതും പുറജാതിക്കാരെ ആദ്യമായി സഭയിൽ സ്വീകരിക്കുന്നതും പത്രോസാണ്. പരിച്ഛേദനത്തെപ്പററി തർക്കമുണ്ടായപ്പോൾ ഓർശ്ലേംസംഘത്തിൽ വച്ച് വിധിപ്രസ്താവിച്ചതു് പത്രോസാണ്.

ഇങ്ങനെ പത്രോസിൻെറ പരമാധികാരത്തെ വേദപുസ്തകം അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രകീർത്തിക്കുന്നതായി കാണാം.

വിമർശനപംക്തി

# ലൂർദ്ദിലെ പ്രത്യേകതകൾ

7. ലൂർദ്ദ സന്ദർശിക്കുകയും അനേകനാൾ അവിടെ താമസിച്ച് അവിടെ നടക്കുന്നതെല്ലാം കണ്ടു മനസ്സിലാക്കുകയും അവിടെ സൂക്ഷിച്ചിരിക്കുന്ന രേഖകളെല്ലാം നേരിട്ടു പരിശോധിക്കുകയും, വസ്തുതകളെന്നും പരമാർത്ഥങ്ങളെന്നും ഉത്തമബോദ്ധ്യംവന്ന കാര്യങ്ങൾ മാത്രം പ്രതിപാദിക്കുകയും ചെയ്തിട്ടുള്ള മിസ്സസ് റൂത്തു് ക്രാൻസ്റ്റൺ, തൻെറ പ്രതിപാദനത്തെ ഉപസംഹരിക്കുന്നതിങ്ങനെയാണ്:

"എനിക്കറിയാൻകഴിഞ്ഞ എല്ലാ അത്ഭുതവിഷയങ്ങളും—അവരിൽ പലരുമായും ഞാൻ സംഭാഷണം നടത്തിയിട്ടുണ്ട്—പൊതുവായ ചില പ്രത്യേകസ്വഭാവവിശേഷതകളോടുകൂടിയവരാണ്. ഒന്നു്: അവരെല്ലാം ദരിദ്രരും വിനീതരുമായ സാധുജനങ്ങളാകുന്നു. അവരിൽ ഒരുത്തരെങ്കിലും സമ്പന്നമോ കുലീനമോ ആയ കുടുംബങ്ങളിൽ പെട്ടവരല്ല. "ധനവാന്മാരുടെ കാര്യത്തിൽ പരിശുദ്ധ കന്യകാമറിയം വലിയ താല്പര്യമൊന്നും കാണിക്കുന്നില്ല" എന്നു ലൂർദ്ദിൽതന്നെ ഒരു ചൊല്ലുണ്ട്.

"രണ്ടു്: രോഗശാന്തിക്കുശേഷം, അവർ രോഗബാധയിൽനിന്നു മുക്തരായിരിക്കുന്നതുപോലെ കാണപ്പെടുന്നു. അവർക്കു യാതൊരു സുഖക്കേടും—സാധാരണ ജലദോഷമോ, ദഹനക്കുറവോ പോലും—പിടിപെടുന്നില്ല. എല്ലാ സമയവും അവർ ഒന്നാംതരം ആരോഗ്യമുള്ളവരായി വർത്തിക്കുന്നു.

"മൂന്നു്: തങ്ങൾക്കനുഭവപ്പെട്ട ആ മഹത്തായ അനുഭൂതിക്ക് അർഹരാകണമെന്ന ഒരു ആഗ്രഹത്തിൽനിന്നു സംജാതമാകുന്ന ഒരു സമീകൃതനില, ആന്തരികമഹത്വം അവരിൽ ദൃശ്യമാകുന്നു. അവർ തീർത്തും അനഹങ്കാരികളും തങ്ങളെ വലയംചെയ്യുന്ന പ്രസിദ്ധിയെ ചൂഷണംചെയ്തു മുതലെടുക്കാൻ അല്പംപോലും ആഗ്രഹമില്ലാത്തവരുമായിരിക്കുന്നു. തങ്ങൾക്കു നൽകപ്പെട്ടതിനു കൃതജ്ഞതയായി കൊടുക്കുവാൻമാത്രം അവർ ആഗ്രഹിക്കുന്നു.

"അവരുടെ രോഗശാന്തിയുടെ യഥാർത്ഥകാരണത്തെപ്പററി ഒരുവനുള്ള അഭിപ്രായം എന്തുതന്നെയായിരുന്നാലും, സർവ്വാതിശായിയായ ഒരു സ്വാധീനശക്തി ഈ ജനങ്ങളുടെമേൽ സ്വാധീനംചെലുത്തുകയും, കേവലം ശാരീരികമായ ഒരു രോഗശാന്തികൊണ്ടു മാത്രമല്ല ചിരസ്ഥായിയായ ഒരു പ്രസന്നതയും സമാധാനവും അഗാധമായ ആനന്ദവുംകൊണ്ടുകൂടി അവരെ അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതിനെപ്പററി അല്പംപോലും സംശയം ഉണ്ടായിരിക്കുന്നില്ല.

"ഇനിയാണു സർവ്വപ്രധാനമായ ആ ചോദ്യങ്ങൾ: ഈ രോഗശാന്തികളുടെയെല്ലാം ഉത്ഭവം, കാരണം എന്താകുന്നു? അവയ്ക്കു എന്തു വിശദീകരണമാണു പറയാനുള്ളതു്? അവ അത്ഭുതങ്ങളല്ലെങ്കിൽ—അതായതു് ഏതെങ്കിലും പ്രകൃത്യതീതശക്തിയാൽ ഉണ്ടായിട്ടുള്ളതല്ലെങ്കിൽ—പിന്നെ അവ എന്താകുന്നു?

"സാധാരണക്കാരും, വൈദ്യശാസ്ത്രജ്ഞന്മാരുമായ അവിശ്വാസികളുടെ കണ്ണടച്ചുള്ള മറുപടി, "ഞാൻ അതു വിശ്വസിക്കുന്നില്ല; അതു തീർത്തും സാങ്കല്പികമായിരിക്കുന്നു" എന്നാണ്.

"പക്ഷെ, ഞാൻ ഏഷ്യയിൽ ഒരു യുവപത്രലേഖകയായി താമസിച്ചിരുന്ന കാലത്തു് ഇൻഡ്യയിലേയും ചൈനായിലേയും വിദൂരഗ്രാമങ്ങളിലെ ജനങ്ങൾ, ന്യൂയോർക്കിലെ ചക്രവാളത്തിലും വിശ്വസിച്ചിരുന്നില്ല. ഞാൻ എത്ര തന്നെ പറഞ്ഞിട്ടും "അതൊരു പടമാണ്" എന്നുള്ള അവരുടെ ധാരണയ്ക്കു മാററംവന്നിരുന്നില്ല. അത്തരമൊരു സ്ഥലം അവർ ഒരിക്കലും കണ്ടിരുന്നില്ല. അതു് അവരുടെ അനുഭവപരിധിക്കു അതീതമായ ഒന്നായിരുന്നു. അതിനാൽ അതുണ്ടായിരിക്കുന്നില്ലാ (എന്നായിരുന്നു അവരുടെ ശാഠ്യം)

..."ഡോക്ടർ ബ്ലാൻടൺ പറയുന്നു: "ലൂർദ്ദിനെപ്പററി നിങ്ങൾ ആരെങ്കിലുമായി ഒരു വിവാദത്തിലേർപ്പെടുന്നതിനുമൻപു്, നിങ്ങൾ ആരോടു സംസാരിക്കുന്നുവോ ആ ആൾ എന്നെങ്കിലും അവിടെ പോയിട്ടുണ്ടോയെന്നു ആദ്യമേ മനസ്സിലാക്കുന്നതു സമയം ലാഭിക്കുന്നതിനും അനാവശ്യമായ വളരെയധികം തർക്കങ്ങൾ ഒഴിവാക്കുന്നതിനും സഹായിക്കുന്നതാണ്."

യുക്തിവാദിയായ ഡോക്ടർ ഒരു രോഗശാന്തി യഥാർത്ഥത്തിൽ കാണുന്നതോടുകൂടി ശാസ്ത്രത്തിലുള്ള അയാളുടെ പരിപൂർണ്ണബോദ്ധ്യത്തിനു ഗുരുതരമായ ഇളക്കം തട്ടുന്നു. "അത്ഭുതം" എന്ന വാക്കിൽനിന്നു പിന്നീടു ആയാൾ തെന്നിമാറുന്നില്ല; പ്രത്യുത അതു ധാരാളമായി ഉപയോഗിക്കുകയാണു ചെയ്യുന്നതു്.

"എന്നാൽ ആ അത്ഭുതങ്ങൾക്കു പ്രകൃത്യതീതമായ ഒരു ഉല്പത്തിയാണുള്ളതെന്നു് ആയാൾ അവശ്യം സമ്മതിച്ചുകൊള്ളണമെന്നില്ല. ലൂർദ്ദിലെ രോഗശാന്തികളെപ്പററി യുക്തിവാദികളായ ഡോക്ടർമാർക്കുള്ള പ്രിയംകരമായ വ്യാഖ്യാനങ്ങളിൽ ഒന്നു് അവ "അജ്ഞാതങ്ങളായ പ്രകൃതിശക്തികളാൽ"—ഇന്നു് അജ്ഞാതമെങ്കിലും, നാളെ അവയുടെ നിയമങ്ങൾ കണ്ടുപിടിക്കപ്പെട്ടേക്കാവുന്ന പ്രകൃതിശക്തികളാൽ — സംഭവിക്കുന്നുവെന്നതാണ്.

"മെഡിക്കൽ ബ്യൂറോയിലുള്ള മിക്ക ഡോക്ടർമാരും ഈ അഭ്യൂഹത്തെ തള്ളിക്കളയുകയാണു ചെയ്യുന്നതു്. പ്രകൃതിശക്തികളുടെ പ്രവർത്തനം എപ്പോഴും ഒരേവിധത്തിലുള്ളതും മാററമില്ലാത്തതുമാണെന്നു് അവർ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണമായി, ആകർഷണശക്തിനിയമം എല്ലാവരുടെ കാര്യത്തിലും ഒന്നുപോലെയാണു പ്രവർത്തിക്കുന്നതു്. "അജ്ഞാതങ്ങളായ പ്രകൃതി ശക്തികൾ" ആണ് ലൂർദ്ദിലെ രോഗശാന്തികൾക്കു കാരണമെങ്കിൽ, ഒരേ പരിതസ്ഥിതിയിലുള്ള എല്ലാ ആളുകളിലും അവ ഒരേ വിധത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പക്ഷേ യാഥാർത്ഥ്യം ഇതിനു നേരേ വിപരീതമായിരിക്കുന്നു. "അജ്ഞാതങ്ങളായ ശക്തികൾ" നിരന്തരമായാകട്ടെ, ഒരേ വിധത്തിലാകട്ടെ പ്രവർത്തിക്കുന്നില്ല. അവ ഇന്നു പ്രവർത്തിക്കുന്നു; പക്ഷെ നാളെ ഇല്ല. അവ ചിലക്കുവേണ്ടി പ്രവർത്തിക്കുന്നു; പക്ഷെ മററു ചിലക്കുവേണ്ടി പ്രവർത്തിക്കുന്നില്ല. ലൂർദ്ദിലെ രോഗശാന്തികളെപ്പററിയുള്ള അമ്പരപ്പിക്കുന്ന സംഗതികളിലൊന്നു് അവയുടെ അതിർകടന്ന അനവസ്ഥിതിയും അവാച്യതയുമാകുന്നു


"അങ്ങനെയെങ്കിൽ, പിന്നെ ഈ അത്ഭുതങ്ങളുടെ കാരണമെന്താകുന്നു? പലരും പ്രാർത്ഥനയാണു കാരണമായി പറയുന്നതു്. ജനറൽ ഇലക്ട്രിക് കമ്പനിയിലെ മഹാശാസ്ത്രജ്ഞനായ ചാറൽസ് സ്റ്റീൻമെസ്സിനോടു (Charles Steinmetz), തങ്ങൾ അനുവർത്തിക്കേണ്ട ഏററവും പ്രധാനപ്പെട്ട ഗവേഷണമാർഗ്ഗം ഏതെന്നു് സഹപ്രവർത്തകർ ചോദിച്ചപ്പോൾ, യാതൊരു ശങ്കയും കൂടാതെ അദ്ദേഹം മറുപടി പറഞ്ഞു: "പ്രാർത്ഥന. പ്രാർത്ഥനയെപ്പററി കണ്ടുപിടിക്കുക" "പ്രാർത്ഥനയുടെ ശക്തിയാണു ലോകത്തിലെ ഏററവും വലിയ ശക്തി" എന്നുള്ളതിൻെറ ബോദ്ധ്യം അലക്സിസ് കാറൽ പ്രകടിപ്പിച്ചിരിക്കുന്നു.

"അത്ഭുതങ്ങളെപ്പററി എഴുതുകയിൽ, കാറൽ പറയുന്നു: "നാളതുവരെയുള്ള ശാസ്ത്രീയമായ യാതൊരു അഭ്യൂഹങ്ങളും ഈ പ്രതിഭാസത്തിനു സമാധാനമായിരിക്കുന്നില്ല. എന്നാൽ അതിൻെറ സംഭവ്യതയ്ക്കു അനുപേക്ഷണീയമായിരിക്കുന്ന ഏക വ്യവസ്ഥ പ്രാർത്ഥനയാകുന്നു. രോഗി തന്നെ പ്രാർത്ഥിച്ചിരിക്കണമെന്നില്ല; ആയാൾക്കു എന്തെങ്കിലും മതവിശ്വാസം ഉണ്ടായിരിക്കണമെന്നുതന്നെയില്ല. എന്നാൽ അവൻെറ സമീപത്തുള്ള ആരെങ്കിലും പ്രാർത്ഥനാനിരതരായിരിക്കണം."

"രോഗശാന്തി കൈവരുത്തുന്നതിനു് പ്രാർത്ഥനയ്ക്കു അതിനാൽ തന്നെ കഴിവുണ്ടെന്നു മെഡിക്കൽ ബ്യൂറോയുടെ ഒരു മുൻ പ്രസിഡണ്ടായ ഡോക്ടർ വാല്ലററു് വിശ്വസിക്കുന്നില്ല. അദ്ദേഹം പറയുന്നു: "പ്രാർത്ഥന ആവശ്യമാണ്; പക്ഷെ ദൈവം അതിനോടു യോജിക്കുകയെന്നതും അതുപോലെ ആവശ്യമായിരിക്കുന്നു. ഈ രോഗശാന്തികൾ യാദൃച്ഛികതയുടെ ഫലം ആയിരിക്കുന്നില്ല; പ്രത്യുത ഈ പ്രാർത്ഥന കേൾക്കുകയും, രോഗമോ മരണം തന്നെയോ പ്രതിരോധിക്കാതിരിക്കുകയും ചെയ്യുന്ന സർവ്വശക്തമായ ഒരു ഇച്ഛാശക്തിയുടെ പ്രവർത്തന ഫലമായിരിക്കുന്നു."

മിസ്സസ് റൂത്തുക്രാൻസ്റ്റൻെറ ഈ നിഗമനങ്ങൾ വായിച്ചതിനു ശേഷമാണ്, ലൂർദ്ദിൽ നടക്കുന്ന രോഗശാന്തികൾ ചികിത്സ കൂടാതെ താനേ ഭേദമാകുന്ന 90 ശതമാനത്തിൽ പെട്ടവയാണെന്നും അജ്ഞാതമായ ചില ശരീരവ്യാപാരങ്ങളുടെ ഫലമാണെന്നും, മററും ലൂർദ്ദിൽ പോകുകയോ, അവിടെ നടക്കുന്നവ നേരിട്ടു കാണുകയോ ചെയ്തിട്ടില്ലാത്ത യുക്തിവാദി പത്രാധിപർ തട്ടിമൂളിച്ചിരിക്കുന്നതു്.

—o—






ധർമ്മഗിരി (കോതമംഗലം) മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്സ് എന്ന സന്യാസിനീസമൂഹത്തിലെ 11 അംഗങ്ങൾക്കു് എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് സെപ്റ്റംബർ 8-ാംനു സഭാവസ്ത്രം നൽകിയ അവസരത്തിൽ എടുത്ത ഫോട്ടോ.

## ഇടവകവാർത്തകൾ

പെരുമാനൂർ: സ്ഥലം ലൂർദ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ വാർഷികം കഴിഞ്ഞ ഞായറാഴ്ച വെരി റവ. ഫാദർ ഓസ്‌വോൾഡ് ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീമതി ഏലിക്കുട്ടി സൊഡാലിററിയെപ്പററി ഒരു പ്രസംഗം ചെയ്തു. തുടന്നു സഖ്യതാംഗങ്ങളുടെ ലഘുപ്രസംഗങ്ങൾ സംഗീതം മുതലായവയും "മേരീദാസൻ" എന്ന പ്രഹസനാഭിനയവും ഉണ്ടായിരുന്നു.

കന്നോന്നി: നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി സെപ്റ്റംബർ 2-ാംനു സ്ഥലം സ്കൂൾഹാളിൽവച്ചു റവ. ഫാദർ ലൂക്കോസ് പുത്തൻപുര അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം നടന്നു. എം എസ്. വീഡൻ, എൻ. എം. വർഗ്ഗീസ് ബി. എ. എന്നിവർ പ്രസംഗിക്കുകയും പ്രതിഷേധപ്രമേയം പാസാക്കുകയുംചെയ്തു.

കോന്നി: ഈ ഇടവകയിലെ സൺഡേസ്കൂൾ, ലീജിയൻ ഓഫ് മേരി എന്നിവയുടെ ഏകോപിച്ചുള്ള വാർഷികം ഇന്നേദിവസം റവ. ഫാദർ ജോസഫ് വടക്കേക്കുററ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി ശ്രീ ടി. കെ. ദാനിയേൽ അവർകളുടെ പ്രസംഗവും, കുട്ടികളുടെ കലാപരിപാടികളും, സൺഡേസ്കൂൾ കുട്ടികൾക്കു സമ്മാനദാനവും ഉണ്ടയിരുന്നു.

അരിമ്പൂർ: പാവർട്ടിക്കാരൻ ഇനാശു അന്തോണിയും പൊറത്തൂർ ചിറമ്മൽ ഇനാശു റോസിയും തമ്മിലുള്ള വിവാഹം സെപ്റ്റംബർ 10-ാം തിയതി നടത്തപ്പെട്ടു.

ചെല്ലാനം: തെക്കേചെല്ലാനം സെൻറ് ജോർജ്ജ്പള്ളിയിൽ വ്യാകുലമാതാവിൻെറ കൊമ്പ്രിയത്തിരുനാൾ ആഡംബരസമന്വിതം ആഘോഷിച്ചിരിക്കുന്നു. ശ്രീ എ. ജെ. മരിയാൺമാസ്റ്റർ അഞ്ചുതൈക്കലായിരുന്നു പ്രസുദേന്തി.

വ. പറവൂർ: വടക്കേക്കര പട്ടണംപ്രദേശത്തുള്ള വ്യാകുലമാതാവിൻെറ കപ്പേളയിൽ സെപ്റ്റംബർ 17-ാംനു കാലത്തു 8 മണിക്കു ആദ്യമായി ദിവ്യബലി അപ്പിച്ചിരിക്കുന്നു. തദവസരത്തിൽ വെരി റവ. ഫാദർ ജോസഫ് വളമംഗലം പ്രസംഗിച്ചു. 10 മണിക്കു ഇവിടത്തെ വിൻസെൻറ് ഡി പോൾ കോൺഫറൻസിൻെറ പ്രഥമവാർഷികം റവ. ഫാദർ തോമസ് തളിയത്തു അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ശ്രീ ആൻറണി തച്ചിൽ ബി. എ. ബി. എൽ. പ്രസംഗിച്ചു. "കള്ളസന്യാസി" എന്ന നാടകം തന്മയത്വപൂർവ്വം അഭിനയിക്കപ്പെട്ടു.

നിയോഗിക്കമ്മററിയുടെ റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി ഇന്നാട്ടുകാരുടെ ഒരു യോഗം സെൻറ് അലോഷ്യസ് സ്കൂൾ അങ്കണത്തിൽവച്ചു ക്യാപ്റ്റൻ ഡോ. ഫ്റാൻസിസ് പാനികുളം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മെ: എം. പി. തോമസ് എം. എ. ബി. എൽ., ചാക്കൊ പൈനാടത്തു ബി. എ. ബി. എൽ., വി. പത്മനാഭൻനായർ ബി. എസ്‌സി. ബി. എൽ., പി. ജെ. തോമസ് ബി. എ. ബി. എൽ. എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം അദ്ധ്യക്ഷൻ അവതരിപ്പിക്കുകയും അതു ഐകകണ്ഠ്യേന പാസാക്കപ്പെടുകയും ചെയ്തു.

കൈപ്പുഴ: ഏററുമാനൂർപള്ളിയിൽ തസ്കരന്മാർ നടത്തിയ കൈയേററങ്ങൾക്കു പരിഹാരമായി ഫൊറോനായിൽപ്പെട്ട എല്ലാ പള്ളിക്കാരുംചേന്നു കുരിശുംവഹിച്ചുകൊണ്ടു കൈപ്പുഴപള്ളിമുതൽ ഏററുമാനൂർപള്ളിവരെ ഒരു പരിഹാരപ്രദക്ഷിണം സെപ്റ്റംബർ 23-ാംനു ഞായറാഴ്ച നടത്തിയിരിക്കുന്നു. ഏററുമാനൂർപള്ളിയിൽവച്ചു കോട്ടയംമെത്രാൻ തിരുമനസ്സിലെ നേതൃത്വത്തിൽ ആരാധനയും വാഴ്‌വും ഉണ്ടായിരുന്നു. തദനന്തരം നടന്ന പൊതുയോഗത്തിൽ നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിച്ചു വെരി റവ. ഫാദർ എൽ. ജെ. ചിററൂർ ആദിയായവർ പ്രസംഗിച്ചു.

### കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. കാലതാമസം വരുത്തിയതിനു ക്ഷമാപണം.

എൻ. എ. വി, നെട്ടങ്ങാട്ട്.

നാഗർകോവിൽ: കുപ്രസിദ്ധമായ നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനു മെ: എ. നേശമണി എം. പി, മുൻസിപ്പൽചെയർമാൻ ജി. ക്രിസ്റ്റോഫർ മുതലായ പ്രമുഖനേതാക്കന്മാർ മുൻനിന്നു വിളിച്ചുകൂട്ടിയ പൊതുയോഗം സെപ്റ്റംബർ 16-ാംനു ശ്രീ ടി വൈ. ഹാരിസ് എം. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലത്തു സമ്മേളിച്ചു. മെ: ടി. ടി. ഡാനിയേൽ ബി. എ. ബി. എൽ, എ. ചിദംബരനാഥനാടാർ ബി. എ. ബി. എൽ., ജി. ദേവസഹായം ബി. എ., പി. താണുലിംഗനാടാർ ബി. എ. ബി എൽ., എം. സി. സുന്ദരരാജ ബി. എ. ബി. ടി. എന്നിവർ പ്രസംഗിച്ചു. ശ്രീ പി. മഹമ്മദ് ഹാനിഫ എം. എ. എൽ. എൽ. ബി. അവർകൾ അവതരിപ്പിക്കുകയും ശ്രീ ആനന്ദരാജ ബി. എ. ബി. എൽ. പിന്താങ്ങുകയുംചെയ്ത പ്രതിഷേധപ്രമേയം ഹിന്ദുക്കളും ക്രിസ്ത്യാനികളും മുഹമ്മദീയരും ചേന്ന 50000 ത്തിൽപ്പരം വരുന്ന സദസിൽ ഏകയോഗമായി പാസാക്കി. അധികാരസ്ഥാനങ്ങളിൽ അതയച്ചുകൊടുക്കുകയുണ്ടായി.


## മരിയഹാരം



ജപമാലയെപ്പററി അറിയുവാൻ ഈ പുസ്തകം സഹായിക്കും

**വില 1ക. മാത്രം**

അപേക്ഷിക്കേണ്ടും മേൽവിലാസം

മാർ ളൂയിസ് പ്രസ്സ്, എറണാകുളം-1


കവീക്കുന്ന്: നിയോഗിക്കമ്മിററിയുടെ റിപ്പോർട്ടിൽ ഇടവകക്കാർക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുവാൻ റവ. ഫാദർ ജോബ് വള്ളിപാലം അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം സെൻറ് അപ്രേം സ്കൂളിൽവച്ചു ഒരു പൊതുയോഗം നടത്തപ്പെട്ടു. മെ. സി. ഈപ്പൻ ചീരാകുഴി, സൈമൺ പീലിപ്പോസ് എന്നിവർ പ്രസംഗിച്ചു. ശ്രീ എം. ജെ. അപ്രേം പ്രതിഷേധം രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിച്ചു പാസ്സാക്കി.

അരുവിത്തുറ: ഈ ഇടവക കയ്യാണിയിൽ ജോസഫിൻെറ പുത്രൻ ജോർജും വിളക്കുമാടത്തു വടക്കേൽ തോമസിൻെറ പുത്രി അന്നക്കുട്ടിയും തമ്മിലുള്ള വിവാഹം സെപ്റ്റം: 3-ാംനു അരുവിത്തുറപള്ളിയിൽവച്ചു സമംഗളം നടന്നു. റവ. ഫാദർ ടി. സി. ജോസഫ് ബി. എ. അവർകളാണു വിവാഹം ആശീർവ്വദിച്ചതു.

കണ്ടശ്ശാങ്കടവു്: സ്ഥലം ചന്തമൈതാനിയിൽവെച്ചു ശ്രീ കെ. കെ. വാസുപണിക്കർ ബി. എ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ സെപ്റ്റം. 18-ാംനു ചേന്ന യോഗത്തിൽ നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതായപ്രമേയം പാസാക്കിയിരിക്കുന്നു. യോഗത്തിൽ ശ്രീ കെ. കരുണാകരൻ, എ. മാധവൻ എന്നിവർ പ്രസംഗിച്ചു.

കമ്പളം: സ്ഥലം സെൻറ് മേരീസ് പള്ളിയിലെ പരിശുദ്ധ വ്യാകുലമാതാവിൻെറ തിരുനാൾ സെപ്റ്റംബർ 16-ാംനു ആഘോഷിക്കപ്പെട്ടിരിക്കുന്നു. തിരുനാൾ പ്രസുദേന്തി കാട്ടേൽ ശ്രീ പി. കെ. ജോർജ്ജായിരുന്നു.

കോട്ടയം: സ്ഥലം കാത്തലിക്ക് ക്ലബ്ബ്ഹാളിൽ സെപ്റ്റംബർ 9-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 5 മണിക്കു അ. കേ. ക. കോൺഗ്രസ്സ് ശാഖാപ്രസിഡൻറ ശ്രീ കെ. സി. തോമസ്സ് ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ നിയോഗിക്കമ്മററി റിപ്പോർട്ടിനെ പ്രതിഷേധിച്ചു പ്രമേയം പാസാക്കിയിരിക്കുന്നു. അനന്തരം ആദ്ധ്യാത്മികോപദേഷ്ടാവു് റവ. ഫാദർ വന്യമ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം തുടരുകയും ശ്രീ കെ. സി. തോമസ് പ്രസിഡൻറായുള്ള ഇപ്പോഴത്തെ കമ്മററിയും ഭാരവാഹികളുംതന്നെ അടുത്ത കൊല്ലത്തേക്കു തുടരുന്നതിനു് തീരുമാനിക്കുകയും ചെയ്തു.

നെയ്യശേരി: സ്ഥലം പള്ളിയിൽ നാലുവർഷക്കാലം വികാരിയായി പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുള്ള മേക്കുന്നേൽ ബ. പൗലോസച്ചൻെറ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി റവ. ഫാ. ഐസക്കു പോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഇടവകജനങ്ങളുടെ ഒരു പൊതുയോഗം കൂടി. മി. വി. എം. എബ്രാഹം ഒരു പ്രസംഗത്തോടുകൂടി അനുശോചനപ്രമേയം അവതരിപ്പിക്കുകയും, മെ. പി. വി. വർഗീസ്, സാഹിത്യവിശാരദ് പി. എൽ. ജോർജ്ജ് എന്നിവർ പ്രമേയത്തെ പിൻതാങ്ങി പ്രസംഗിക്കുകയും ചെയ്തു. പ്രമേയം ഐകകണ്ഠ്യന പാസ്സാക്കപ്പെട്ടു.

### സ്നേഹസ്മാരകം



പാറേക്കാട്ടു് പൈലപ്പൻ ഭാര്യ റോസമ്മ

1956 ആഗസ്റ്റ് 17-ാം തീയതി 75-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

ദയാപരനായ ഈശോ, പരേതയുടെ ആത്മാവിനു നിത്യസമാധാനം നൽകേണമെ.

41-ാം ചരമദിനം


26—9—56

R. I. P.

തൈക്കൂടം: വരാപ്പുഴ അതിരൂപതാ സാമൂഹ്യപ്രവത്തനഡയറക്ടർ റവ. ഫാദർ ഫെലിക്സ് ഒ. സ ഡി. സി. എം, അവർകൾ സെപ്റ്റംബർ 14, 15 എന്നീ തീയതികളിൽ സാമൂഹ്യ പ്രവത്തനങ്ങളെക്കുറിച്ചു രണ്ടു സ്റ്റഡിക്ലാസ്സുകൾ നടത്തുകയും അതിനെ തുടന്നു തൈക്കൂടം സാമൂഹ്യസേവാകേന്ദ്രം ഉൽഘാടനം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. പുരുഷവിഭാഗത്തിനും സ്ത്രീവിഭാഗത്തിനും 12 പേർവീതം അടങ്ങിയ ഓരോ കമ്മിററിയെ നിയമിച്ചു.


Thanksgiving

For Favours Received




Mrs. Mary John

Kadicheeni, Mala



വി. റീത്തായുടേയും വി. ജരാർഡിൻേറയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mr.&Mrs. I. D. Joseph,

Illikamuryil

Kanjirapally


നിരണം: ലീജിയൻ ഓഫ് മേരിയുടെ അഭിമുഖ്യത്തിൽ സ്ഥലം കത്തോലിക്കാപള്ളി മൈതാനത്തുവച്ചു വികാരി റവ. ഫാദർ സക്കറിയാസ് വടക്കേത്തലയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. നിയോഗിക്കമ്മററി റിപ്പോർട്ടിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസാക്കിയിരിക്കുന്നു.

—o—

## തിരുകൊച്ചിവാർത്തകൾ

—നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിച്ചു് തിരുവനന്തപുരം ജൂബിലിടൗൺഹാളിൽ വച്ചു റിട്ടയർഡുജഡ്ജി മി. കെ. സി. അബ്രാഹമിൻെറ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം കൂടിയിരിക്കുന്നു.

—വ്യക്തികളോ സ്ഥാപനങ്ങളോ കൈകൊണ്ടുണ്ടാക്കുന്ന കടലാസിനു ടണ്ണിനു 250 ക. വച്ചു ഗവർമ്മെൻറു സഹായധനം നൽകുന്നതാണു്.

—ഒരുലക്ഷം ക. ചെലവുചെയ്തു് തൃശ്ശൂർ തേക്കിൻകാട്ടു പരിഷ്കരിക്കുന്നതിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 SEPTEMBER 26 || No. 7.


## അവശസമുദായോദ്ധാരണം

ഇന്ത്യയിൽ ചരിത്രാരംഭകാലം മുതൽതന്നെ കാണുന്ന ഒരു ചേരിതിരിവാണ് അവശസമുദായങ്ങൾ. അതിന്റെ ഉല്പത്തിയെപ്പററിയോ ചരിത്രത്തെപ്പററിയോ ഇവിടെ പ്രതിപാദിക്കണമെന്നുദ്ദേശിക്കുന്നില്ല. ഈ വൃത്യസ്തപരിഗണന മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തെ ആദരിക്കുന്ന യാതൊരു വ്യക്തിക്കും സമുദായത്തിനും രാഷ്ട്രത്തിനും ഭൂഷണമല്ല എന്നു ഇന്നാരെയും ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടില്ല. മനുഷ്യവർഗ്ഗം പൊതുവെ അത്രയും സംസ്കാരത്തിൽ ഉന്നമിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണല്ലോ അവശതാപരിഹാരസംരംഭങ്ങൾ ഇന്നെല്ലാ പരിഷ്കൃതരാജ്യങ്ങളിലും തട്ടുതകൃതിയായി നടന്നുകൊണ്ടിരിക്കുന്നതു്. ആഫ്രിക്കയിൽ നിരന്തരസമരം നടമാടുന്നു. അമേരിക്കയിൽ വർണ്ണവിവേചനത്തിനെതിരായി നടന്നുപോരുന്ന പ്രവർത്തനങ്ങൾ ലോകശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഏഷ്യാഭൂഖണ്ഡം ഇക്കാര്യത്തിൽ അതിശയനീയമായ പുരോഗമനചരിത്രമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതു്. മറേറതു രാജ്യത്തെയുംകാൾ ഇന്ത്യയാണ് ഇക്കാര്യത്തിൽ ശക്തമായ നടപടികൾ അവലംബിച്ചുപോരുന്നതെന്നു പറഞ്ഞാൽ അതൊരതിശയോക്തിയായിരിക്കുമെന്നു തോന്നുന്നില്ല. ഇന്ത്യയിലാണ് വാസ്തവത്തിൽ അവശതാശൃംഖല ജനതയെ അതിശക്തിയായി വരിഞ്ഞുമുറുക്കിയിട്ടുള്ളതും. മനുഷ്യനെ അവന്റെ ജീവിതശൃംഗത്തിൽ ഉന്നമിപ്പിക്കുന്നതിനുള്ള മതസിദ്ധാന്തങ്ങളാൽതന്നെ അവർ ബന്ധിതരായിരിക്കുകയാണ്. ഹിന്ദുമതത്തിന്റെ ഒരവശ്യഘടകമായി അടുത്തകാലംവരെ വർണ്ണവിവേചനകളും ജാതിക്കോട്ടകളും പരിരക്ഷിക്കപ്പെട്ടുപോന്നിരുന്നുവെന്നും തീണ്ടലും തൊടീലും ആചരിക്കപ്പെട്ടുപോന്നിരുന്നുവെന്നുമുള്ളതു് ആർക്കും അറിയാവുന്നവസ്തുതകളാണ്. എന്നാൽ ആധുനികഭാരതത്തിൽ ഈ സ്ഥിതി പാടെ വ്യത്യാസപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അവശവിഭാഗത്തെ അവഹേളിക്കുന്ന അനീതിപരമായ ഈ മാമൂലുകളെല്ലാം നിയമത്താൽതന്നെ നീക്കം ചെയ്യപ്പെട്ടുകഴിഞ്ഞു. അനുദിനജീവിതത്തിൽ ആ നിയമങ്ങൾ പ്രായോഗികമാക്കുന്നതിനുള്ള സാമൂഹികപദ്ധതികളും പ്രസ്ഥാനങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അവശസമുദായങ്ങളെ ഉന്നമിപ്പിക്കുന്നതിനു ഗവമ്മെൻറുതന്നെയും നിരവധി പണം വിനിയോഗിക്കുകയും പരിപാടികൾ നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈയിടെ ഭിൽസായിൽ ഒരു സാഹിത്യസമ്മേളനം ഉൽഘാടനംചെയ്ത അവസരത്തിൽ ഇന്ത്യൻപ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദു് പ്രസ്താവിച്ചതു്, നാട്ടിലെ നാനാജനവിഭാഗങ്ങൾക്കും ഒരുപോലെ വളരാൻ അവസരസമത്വം ഉണ്ടായിരിക്കണമെന്നും, അതിനാദ്യമായി വേണ്ടതു് ഇതുവരെ കൂട്ടത്തിൽചേർക്കാതെ പുറംതള്ളിനിർത്തിപ്പോന്നിട്ടുള്ള അവശസമുദായക്കാർക്കു പ്രത്യേകമായ ജീവിതാനുകൂല്യങ്ങളും സൗകര്യങ്ങളുംനൽകി സഹായിക്കേണ്ടതാണെന്നുമാണ്. അനവധി നൂററാണ്ടുകളായി പിന്നണിവർഗ്ഗക്കാരായി പുറംതള്ളപ്പെട്ടുപോന്നിട്ടുള്ള ജാതിക്കാരേയും വർഗ്ഗക്കാരേയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തണമെന്നു ഡെമോക്രസിയുടെ ആദർശം മാത്രമല്ല സാമൂഹ്യനീതിതന്നെ ആവശ്യപ്പെടുന്നുവെന്ന ദ്ദേഹം പ്രസ്താവിച്ചു. ഈ സ്ഥിതി കൈവരുവോളം ഭരണഘടനവഴിയായി അവർക്കു നൽകപ്പെട്ടിട്ടുള്ള പ്രത്യേകപരിരക്ഷകൾ ഗവമ്മെൻറിനു ഉപേക്ഷിക്കുവാനും നിവൃത്തിയില്ലഎന്നുംഅദ്ദേഹംവ്യക്തമാക്കി. അദ്ദേഹത്തിന്റെ സ്വന്തം സ്ഥലമായ ബീഹാറിലെ 40 ലക്ഷത്തിൽപ്പരംവരുന്ന ആദിവാസികളുടെ യഥാർത്ഥസ്ഥിതിയെ മനസ്സിൽവച്ചുകൊണ്ടാണ് അദ്ദേഹം ഈ വസ്തുതയെ വെളിവാക്കിയതു്. ഇന്ത്യയിൽ സ്വാതന്ത്ര്യത്തിന്റെ ഇളംചെടി അതിനെതിരായി വരുന്ന കാററിൽ ഉലഞ്ഞു നശിച്ചുപോകാതിരിക്കുവാൻ അവശ്യം ശ്രദ്ധിക്കേണ്ട ഒരു വിഷയമായിട്ടാണ് പ്രസിഡണ്ടു് അവർകൾ ഈ കർത്തവ്യത്തെ അനുസ്മരിപ്പിച്ചതു്.

ഭാരതത്തിലെ അവശോദ്ധാരണചരിത്രത്തിൽ അഭ്യസൂയാവഹമായ പങ്കു വഹിച്ചിട്ടുള്ളതു് ഇവിടത്തെ ക്രിസ്ത്യൻ ഏജൻസികളാണെന്നു ക്രിസ്ത്യാനികൾക്കു അഭിമാനപൂർവ്വം അവകാശപ്പെടാവുന്നതാണ്. അവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും മതപരവുമായ അഭ്യുന്നതിക്കുവേണ്ടി ക്രിസ്ത്യൻ വിഭാഗങ്ങൾ എക്കാലത്തും മഹത്തായ സേവനങ്ങളാണ് അനുഷ്ഠിച്ചുപോന്നിട്ടുള്ളതു്. ഇന്ത്യയുടെ രാഷ്ട്രീയമായ നവോത്ഥാനത്തിനുമുമ്പ് ഹിന്ദുസ്ഥാപനങ്ങൾ, മൃഗതുല്യം പുറംതള്ളപ്പെട്ടിരുന്നഅധഃകൃതരുടെഉയർച്ചയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്തിരുന്നതായി ചരിത്രം തെളിയിക്കുന്നില്ല. അക്കാലങ്ങളിൽ ക്രിസ്ത്യാനികളും ക്രിസ്ത്യൻ സ്ഥാപനങ്ങളുമാണ് അവരുടെ ഇടയിൽ അക്ഷരാഭ്യാസവും സാമൂഹികജീവിതസംസ്കാരവും കൈവരുത്തുന്നതിനായി പരിശ്രമിച്ചിട്ടുള്ളതു്. ഇന്നു ഉന്നതനിലയിൽ എത്തിച്ചേർന്നിട്ടുള്ള അവശസമുദായാംഗങ്ങൾ ഇതു പലപ്പോഴും തുറന്നു പ്രഖ്യാപിച്ചിട്ടുള്ള ഒരു പരമാർത്ഥമാണ്. ക്രിസ്ത്യാനികൾക്കെതിരായും ക്രിസ്ത്യൻ മിഷ്യനറിപ്രവർത്തനങ്ങൾക്കെതിരായും ഇന്ത്യയിൽ ഒരു കൊടുങ്കാററു സൃഷ്ടിക്കുന്നതിനും ഹരിജനങ്ങളേയും ആദിവാസികളേയും ഹിന്ദുമതത്തിന്റെ പുറംകോട്ടകളായി പിടിച്ചുനിർത്തുന്നതിനുള്ള ബദ്ധപ്പാടിൽ ഇന്ത്യയുടെ ഭരണഘടനാവകുപ്പുകളെപ്പോലും ഔദ്ധത്യപൂർവ്വം അവഗണിക്കുന്നതിനും സന്നദ്ധരാകുന്ന അവശപ്രേമികളുണ്ടോ ഇതു വല്ലതും ചിന്തിക്കുന്നു. വർഗ്ഗീയസംഘടനകൾമാത്രമല്ല ചില സ്റ്റേററുഗവമ്മേണ്ടുകൾപോലും ഈ സാഹസികയത്നത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കുന്നുഎന്നുള്ളതു് പ്രതിഷേധാർഹമത്രെ. ഹരിജനങ്ങളോ അവശവർഗ്ഗങ്ങളോ ആരെങ്കിലും അവരുടെ ആത്മപ്രചോദനമനുസരിച്ചും ഇന്ത്യൻഭരണഘടന പ്രഖ്യാപിച്ചിട്ടുള്ള മതസ്വാതന്ത്ര്യമനുസരിച്ചും ക്രിസ്ത്യാനിയായാൽ അവർക്കനുവദിക്കപ്പെട്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കുന്ന ഗവമ്മേണ്ടുകളുടെ നീതിനിഷ്ഠയും അവശോദ്ധാരണാസക്തിയും മനസ്സിലാക്കുക വിഷമമായിരിക്കുന്നു!

"ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയിട്ടു ഒമ്പതുവർഷമേ ആയുള്ളു. സ്വാതന്ത്ര്യത്തിന്റെ ആ ഇളംചെടി അതിനെതിരായി വരുന്ന കാററിൽ ഉലഞ്ഞുനശിച്ചുപോകാതിരിക്കുവാൻ നാം സൂക്ഷിക്കണം. നാട്ടിലെ നാനാജനവിഭാഗങ്ങൾക്കും ഒന്നുപോലെ വളരാൻ അവസരസമത്വം ഉണ്ടായിരിക്കണം" എന്ന ഇന്ത്യൻ പ്രസിഡണ്ടു അവർകളുടെ രാഷ്ട്രത്തോടുള്ള ആഹ്വാനം ഫലവത്താകണമെങ്കിൽ ഇന്നു ഭാരതത്തിൽ നടമാടുന്ന വർഗ്ഗീയവും ക്രിസ്തുമതവിരുദ്ധവുമായ മനോഭാവത്തെ പാടെ കൈവെടിയുകയും ഫലവത്തായ സാഹോദര്യചിന്തയിൽ അവശലക്ഷങ്ങളെ സമുദ്ധരിക്കുന്നതിനുള്ള പദ്ധതികളിൽ ഏർപ്പെടുകയും വേണം. സൗമനസ്യപൂർവ്വകമായ ഒരു സഹകരണമനോഭാവം ഓരോ പൗരനിലും മുളയെടുക്കുകയും നീതിപൂർവ്വകമായ പ്രവർത്തനപദ്ധതികൾ അംഗീകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഇന്ത്യയുടെ സ്വാതന്ത്ര്യം വിജയശ്രീലാളിതമായി പുരോഗമിക്കുകയുള്ളു.

### പ്രസാധകക്കുറിപ്പുകൾ

## ജയപ്രകാശിന്റെ നിർദ്ദേശം അശോകമേത്ത ഖണ്ഡിക്കുന്നു

പി. എസ്. പി അടുത്ത തിരഞ്ഞെടുപ്പിനുവേണ്ടി കമ്മ്യൂണിസ്റ്റുകാരുൾപ്പെടെയുള്ള ഇടതുപക്ഷങ്ങളുമായി ഒരു തിരഞ്ഞെടുപ്പു ധാരണയുണ്ടാക്കണമെന്നുള്ള നിർദ്ദേശമാണല്ലോ ശ്രീ ജയപ്രകാശ് നരെയിൻ നാഷണൽ എക്സിക്യൂട്ടീവിനു സമർപ്പിച്ചിരുന്നതു്. ഇതെപ്പററി പി. എസ്. പി. നേതാവായ ശ്രീ അശോകമേത്താ പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവനയിൽ പ്രസ്തുതനിർദ്ദേശത്തിൽ അടങ്ങിയിട്ടുള്ള വിപത്തുകളെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പു സമീപിക്കുമ്പോൾ പല തരത്തിലുള്ള പരസ്പരധാരണകളുടേയും ഐക്യമുന്നണികളുടേയും രംഗപ്രവേശം അനുഭവപ്പെടുക സാധാരണമാണ്. ഓരോ പാർട്ടിയുടേയും മൗലികസിദ്ധാന്തങ്ങളേയും ആദർശങ്ങളേയും ബലികഴിച്ചു നിർമ്മിക്കപ്പെടുന്ന അവിശുദ്ധമായ ഈ കൂട്ടുകെട്ടുകൾ എത്ര അപ്രായോഗികങ്ങളുംആപൽക്കരങ്ങളുമാണെന്നു ഒന്നിലധികം പ്രാവശ്യം അനുഭവങ്ങൾ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. എങ്കിലും "ഗതികെട്ടാൽ പുലി പുല്ലും തിന്നും" എന്നു പറയുന്നതു പോലെ എങ്ങിനേയും തിരഞ്ഞെടുപ്പിൽ വിജയം കൈക്കലാക്കണമെന്നുള്ള ആവേശംകൊണ്ടു പലതരത്തിലുള്ള കൂട്ടുബന്ധങ്ങളും സൃഷ്ടിക്കുന്നതിനു പല പാർട്ടികളും ബദ്ധപ്പെടുകയാണ്. കലക്കവെള്ളത്തിൽ മീൻ പിടിക്കുകയെന്ന നയം ആദർശമാക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റുകളാണ് ഈ ഏർപ്പാടുകളിൽ നിന്നു മുതലെടുക്കുക. ഈ സാഹചര്യത്തെ വിശദമാക്കി ശ്രീ മേത്താ പറയുന്നതു്, ജനായത്ത പ്രതിപക്ഷങ്ങളുടെമേൽ വർഗ്ഗീയ പ്രതിപക്ഷങ്ങളും കമ്മ്യൂണിസ്റ്റ് പ്രതിപക്ഷവും പലതരം ചരടുവലികളും ഞെരുക്കങ്ങളും പ്രയോഗിക്കുമെന്നും ഇവയെല്ലാം ഒന്നിച്ചു കൂട്ടിക്കുഴയ്ക്കുന്നതുകൊണ്ടു് ഡെമോക്രസി ദ്രോഹിക്കപ്പെടുകയേ ഉള്ളു എന്നുമാണ്. അദ്ദേഹം തുടരുന്നു: സ്വഭാവവൈകൃതമുള്ള കക്ഷികൾ തമ്മിൽ തിരഞ്ഞെടുപ്പു ധാരണയുണ്ടാക്കുന്നതിനെ ആരും എതിർക്കുന്നില്ല. കഴിഞ്ഞ വർഷം ആന്ധ്രായിൽ കോൺഗ്രസിന്റെ നിലക്കു് ക്ഷീണമുണ്ടെന്നു കണ്ടപ്പോൾ കോൺഗ്രസ്സുപോലും ഈ നയം തുടരുന്നതിനു മടിച്ചിട്ടില്ല. എന്നാൽ നമ്മുടെ ലക്ഷ്യത്തിനു ഹാനികരമായ നയങ്ങളും ആദർശങ്ങളുമുള്ള കക്ഷികളുമായി തിരഞ്ഞെടുപ്പു കൂട്ടുകെട്ടുണ്ടാക്കുക എന്നിക്കു മനസ്സിലാക്കാൻ വയ്യ. നമ്മുടെ സമുദായത്തിന്റെ മതേതരപരവും ജനാധിപത്യപരവുമായ ഘടകങ്ങളെ ക്ഷീണിപ്പിക്കുന്ന വർഗ്ഗീയ ശക്തികളേയും കമ്മ്യൂണിസ്റ്റ് ശക്തികളേയും വളർത്തി നമ്മുടെ നില ശക്തിപ്പെടുത്തുവാൻ ശ്രമിക്കുന്നതു വിവേകമാണോ? മതേതരത്തിനെതിരായുള്ള ശക്തികളേയും ജനാധിപത്യവിരുദ്ധശക്തികളേയും ശക്തിപ്പെടുത്തുന്നതു് ഏകാധിപത്യമാർഗ്ഗത്തിലേക്കുള്ള ഗവമ്മേണ്ടിന്റെ നീക്കത്തെ സാധൂകരിക്കുകയില്ലേ? ശ്രീ മേത്തായുടെ ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്ന തത്വം രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നവരുടെയെല്ലാം ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. ജനാധിപത്യത്തിൽ വിശ്വസിക്കുകയും നീതിയുക്തമായ ഭരണത്തിനു ആശിക്കുകയും ചെയ്യുന്നവർ കുളംകലക്കി പരുന്തിനു കൊടുക്കുന്ന വഴിപിഴച്ച പ്രവർത്തനങ്ങളിൽനിന്നു വിരമിക്കുകയും, രാജ്യത്തിന്റെ പൊതുഗുണത്തെ ആത്മാർത്ഥമായി അഭിലഷിച്ചു പ്രവർത്തിക്കുകയും ചെയ്യണം. പരസ്പരവിദ്വേഷവും സ്വാർത്ഥതയുംകൊണ്ടു അന്ധമായി രാജ്യനന്മയേയും ജനക്ഷേമത്തേയും ബലിയർപ്പിക്കുന്ന സാഹസത്തിനു സന്നദ്ധരാകാതെ ആദർശപാലനത്തിൽ ഉറച്ചുനിന്നു ആശയൈക്യമുള്ളവർ പരസ്പരധാരണയോടെ പ്രതിസന്ധിഘട്ടങ്ങളെ നേരിടേണ്ടതാണ് രാജ്യസ്നേഹികളായ പൗരന്മാരുടേയും പ്രത്യേകിച്ചു നേതാക്കന്മാരുടേയും കർത്തവ്യം.

× × ×

## ഇന്ത്യൻ ക്രിസ്ത്യാനികളുടെ ആശങ്ക ദൂരീകരിക്കണം

ഇന്ത്യയിലെ ന്യൂനപക്ഷങ്ങളിൽ ഗണനീയമായ ഒരു വിഭാഗമാണ് ഇന്ത്യൻ ക്രിസ്ത്യാനികൾ. ഇന്ത്യയുടെ അഭിവൃദ്ധിക്കുവേണ്ടി നിർവ്വഹിച്ചിട്ടുള്ള സേവനചരിത്രം സംബന്ധിച്ചു അവർ മുന്നണിയിൽ നില്ക്കുന്നു. പൗരത്വത്തിലും സേവനപാരമ്പര്യത്തിലും ആദർശവൈശിഷ്ട്യത്തിലും മുന്നണിയിൽനിന്നു ഭാരതത്തേയും ഭാരതീയലക്ഷങ്ങളേയും ജാതിമതഭേദംകൂടാതെ സേവിച്ചുപോരുന്ന ഈ ജനവിഭാഗത്തിനെതിരായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടമാടുന്ന വിക്രിയകൾ അവഗണിക്കപ്പെടുവാൻ സാദ്ധ്യമല്ലാതായി തീർന്നിരിക്കുകയാണ്. ഒരു മതേതരരാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഇന്ത്യയിൽ, ഭരണഘടനയാൽത്തന്നെ മതസ്വാതന്ത്ര്യം മൗലികാവകാശമായി പൗരന്മാർക്കുറപ്പു നൽകപ്പെട്ടിട്ടുള്ള രാജ്യത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ന്യൂനപക്ഷങ്ങളുടെ മതപരമായ അവകാശസ്വാതന്ത്ര്യങ്ങൾ ഭഞ്ജിക്കപ്പെടുന്നതും, ഇതരമതവിഭാഗങ്ങളെ ഇവിടെനിന്നു തുരത്തുന്നതിനുള്ള സംരംഭങ്ങൾ ഭൂരിപക്ഷസമുദായം നടത്തുന്നതിനുദ്യുക്തമാകുന്നതും എങ്ങിനെയാണ് ചോദ്യം ചെയ്യപ്പെടാതിരിക്കുക. അടുത്തകാലത്തുണ്ടായ വർദ്ധമാൻസംഭവവും, മദ്ധ്യപ്രദേശ് ഗവമ്മേണ്ടിന്റെ നിയോഗിക്കമ്മറി പ്രവർത്തനനാടകവും, മദ്ധ്യഭാരത് റീഗ് കമ്മററി റിപ്പോർട്ടും, പൂനാസംഭവവും മററും മററും ഇവിടത്തെ ക്രിസ്ത്യൻസമുദായത്തെ ഭയാക്രാന്തമാക്കിയിട്ടുണ്ടെങ്കിൽ അതു വെറും സ്വാഭാവികം മാത്രമാണ്. പണ്ഡിററു നെഹ്റുപോലുള്ള ഉന്നതനേതാക്കന്മാരുടെ സന്മനസ്സിനേയോ ആത്മാർത്ഥമായ പരിശ്രമങ്ങളേയോ ആർക്കും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. പക്ഷെ അവരുടെ നിർദ്ദേശങ്ങളും താക്കീതുകളും പ്രയോഗത്തിൽ കടുത്ത വർഗ്ഗീയബുദ്ധികളേയും മതഭ്രാന്തന്മാരേയും നിയന്ത്രിക്കുന്നതിനു മതിയാകുന്നില്ല എന്നുള്ളതാണ് ഈ അനിഷ്ടസംഭവങ്ങളുടെയെല്ലാം അർത്ഥം. ഭരണഘടനയേയും പൗരസ്വാതന്ത്ര്യത്തേയും സ്പർശിക്കുന്ന കാര്യങ്ങളിൽ പ്രത്യേകിച്ചും നിയമലംഘനത്തിനുള്ള ഈദൃശ ഔദ്ധത്യം വ്യക്തികളിൽനിന്നോ സമുദായങ്ങളിൽനിന്നോ ഗവമ്മേണ്ടുകളിൽനിന്നോ ഏതുഭാഗത്തുനിന്നുണ്ടായാലും അതു ശക്തിപൂർവ്വം തടഞ്ഞെങ്കിൽമാത്രമേ സുരക്ഷിതത്വബോധം ഒരു രാജ്യത്തു നിലനിർത്തുവാൻ സാദ്ധ്യമാവുകയുള്ളു. നിയോഗിക്കമ്മററി റിപ്പോർട്ടിൽ പ്രകടമാക്കിയിട്ടുള്ള ക്രൈസ്തവവിരുദ്ധമായ മനോഭാവം—ക്രിസ്തുമതത്തെ തുരത്തണമെന്നുള്ള ഉദ്ധതമായ അഭിപ്രായപ്രകടനം—ഇന്നു നാട്ടുനീളെ നീതിബോധമുള്ള എല്ലാ വിഭാഗക്കാരും ജാതിമതഭേദമെന്യേ പ്രതിഷേധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സ്റ്റേററുഗവർമ്മേണ്ടു മുൻനിന്നു നിർവ്വഹിച്ചിട്ടുള്ള ഈ സാഹസം അതിഗൗരവമായി പരിഗണിക്കപ്പെടേണ്ടതും മാതൃകാപരമായ പ്രതിവിധിനടപടികൾ സ്വീകരിക്കപ്പെടേണ്ടതുമാണ്. അതേപ്പററി പ്രധാനമന്ത്രിയുടെ അടുത്തു നിവേദനം നടത്തിയ കാത്തലിക്കു് റീജിയണൽ കൗൺസിൽ പ്രതിനിധിസംഘത്തോടു ശ്രീ നെഹ്റു പറഞ്ഞതു്, അദ്ദേഹത്തിനു ഈ ദിവസങ്ങളിലുണ്ടായിരുന്ന ഭയങ്കരമായ ബദ്ധപ്പാടുകൾമൂലം റിപ്പോർട്ടു വായിക്കുവാൻ സാധിച്ചില്ല എന്നും, ഡെപ്യൂട്ടേഷൻ വിശദമാക്കിയതുപോലെ ഭരണഘടനാവിരുദ്ധമായ ഒന്നാണതെങ്കിൽ അതിനെതിരായ നടപടികൾ സ്വീകരിക്കാതിരിക്കയില്ലയെന്നും, ഭാരതത്തിൽ ഇന്നു് വ്യക്തികൾക്കോ സമൂഹങ്ങൾക്കോ ആർക്കുംതന്നെ ഏതെങ്കിലും അരക്ഷിതത്വബോധം ഉണ്ടാകേണ്ട ആവശ്യമില്ലെന്നും, ഇപ്പോൾ സംജാതമായിട്ടുള്ള ആശങ്കാബാധയെ കുറയ്ക്കുന്നതിനും ദൂരീകരിക്കുന്നതിനും അദ്ദേഹത്തിന്റെ കഴിവിൽപെട്ടതെന്തും പ്രവർത്തിക്കുമെന്നുമാണ്. ഇതിനുമുമ്പുണ്ടായിട്ടുള്ള പ്രതിസന്ധിഘട്ടങ്ങളിൽ അദ്ദേഹം ചെയ്തതുപോലെ ഈ അവസരത്തിലും അദ്ദേഹം ആത്മാർത്ഥമായി പ്രവർത്തിക്കാതിരിക്കുകയില്ല. പക്ഷെ, അദ്ദേഹത്തിന്റെ ആദർശത്തെ ഭാവിയിലും പാലിച്ചുകൊണ്ടുപോകുവാൻ ഭൂരിപക്ഷസമുദായനേതാക്കന്മാരായ ഹൈന്ദവപ്രമാണികൾ ഏകമനസ്സായി ശ്രദ്ധിക്കുമോ എന്നതാണ് ഇന്നു് ഒരു മൗലികപ്രശ്നമായിത്തീർന്നിട്ടുള്ളതു്. വർഗ്ഗീയത്വവിഷം ഒരു സമുദായത്തിൽനിന്നു നാമാവശേഷമാകണമെങ്കിൽ ആ സമുദായത്തിന്റെ നേതൃത്വം അതിനുവേണ്ടി അക്ഷീണം യത്നിച്ചേ മതിയാവൂ.

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

27 വ്യാ: വി. കുസ്മോസും ദമിയാനോസും

28 വെ: വി. വെഞ്ചസ്ലാവോസ്

29 ശ: മിഖായേൽമാലാഖാ

30 ഞാ: പന്തക്കു. 19-ാംഞായർ

ഒക്ടോബർ

1 തി: വി. റമീജിയോസ്

2 ചൊ: കാവൽമാലാഖാ

3 ബു: വി. കൊച്ചുത്രേസ്യാ

# വിവിധവൃത്താന്തങ്ങൾ

## കർദ്ദിനാൾ ഗ്രിഫിൻ

ഇംഗ്ലണ്ടിലെ കർദ്ദിനാൾ ഗ്രിഫിൻ തിരുമേനി 57-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനം മൂലം നിര്യാതനായ വസ്തുത പ്രസ്താവിച്ചിരുന്നല്ലോ. വെസ്റ്റ് മിനിസ്റ്ററിലെ 6-ാമത്തെ മെത്രാപ്പോലീത്തായായിരുന്നു തിരുമേനി. 1946-ൽ അദ്ദേഹം കർദ്ദിനാൾ സംഘത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടപ്പോൾ 47 വയസ്സുണ്ടായിരുന്ന അദ്ദേഹമായിരുന്നു ഏററം പ്രായം കുറഞ്ഞ കർദ്ദിനാൾ. വെസ്റ്റ്മിനിസ്റ്റർ ഭദ്രാസന ദേവാലയത്തിൽ, അദ്ദേഹത്തിന്റെ പുരോഗാമികളായിരുന്ന കർദ്ദിനാൾ വൈസ്മാൻ, കർദ്ദിനാൾ മാനിങ്ങ് എന്നിവരുടെ ചാരത്തായി അദ്ദേഹവും സംസ്കരിക്കപ്പെട്ടു. ബ്രിട്ടീഷ് മഹാരാജ്ഞി കർദ്ദിനാൾ തിരുമനസ്സിലെ പ്രൈവററു സിക്രട്ടറിക്കു് അയച്ച ഒരു അനുശോചന സന്ദേശത്തിൽ, കർദ്ദിനാൾ തിരുമനസ്സിലെ “ജീവിതവും സ്വഭാവവും മഹത്തായ ഒരു മാതൃകയായിരുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നു. ഗ്രിഫിൻ തിരുമനസ്സിലെ നിര്യാണത്തോടുകൂടി കർദ്ദിനാൾ സംഘത്തിന്റെ അംഗസംഖ്യ 61 ആയി കുറഞ്ഞിരിക്കുന്നു.

## രോഗികളും സംഗീതവും

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കാസ്സൽഗൺഡോൾഫോയിൽ വച്ചു് സ്പെയിനിലെ ബാർസിലോനായിൽനിന്നുവന്ന ഒരു ഗായകസംഘത്തിനു് സന്ദർശനമനുവദിക്കുകയുണ്ടായി. കത്തോലിക്കാ ഡോക്ടർമാരും അവരുടെ കുടുംബാംഗങ്ങളും മാത്രമടങ്ങിയ ഈ ഗായകസംഘം “പോളിഫോണിക്കു് ചെയർ” എന്ന പേരിലാണു് അറിയപ്പെടുന്നതു്. അരസ്സോയിലെ സംഗീതമേളയിൽ സംബന്ധിക്കുവാനാണു് അവർ ഇററലിയിലെത്തിയതു്. ആശുപത്രിവാർഡുകളിലും ക്ലിനിക്കുകളിലുംചെന്നു ഗാനമാധുരിയാൽ രോഗികളെ ആശ്വസിപ്പിക്കുകയെന്നതാണു് ഈ സംഘത്തിന്റെ ലക്ഷ്യം. “കൊച്ചുകുപ്പികളിലും സിറിഞ്ചുകളിലും ഉൾക്കൊള്ളിച്ചിരിക്കുന്നവ മാത്രമല്ലാ ഔഷധങ്ങളെന്നു ഡോക്ടർമാരായ നിങ്ങൾക്കു നല്ലതുപോലെ അറിയാമല്ലോ”യെന്നു മാർപ്പാപ്പാ തിരുമേനി അവരോടു കല്പിച്ചരുളി. “ഔഷധിശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന ഔഷധങ്ങളെക്കാൾ ചിലപ്പോൾ ഹൃദയഹാരിയായ ഒരു രാഗം, താളൈക്യത്തോടുകൂടിയ ഒരു സ്വരം, ആനന്ദവും ജീവനും വഴിഞ്ഞൊഴുകുന്ന ഒരു ഗീതം, നിങ്ങളുടെ രോഗികളെ കൂടുതൽ ആരോഗ്യമുള്ളവരാക്കിയെന്നു വരാ”മെന്നു തിരുമേനി പ്രസ്താവിച്ചു.

## സന്ദർശനങ്ങളും പ്രസംഗങ്ങളും

1955 മാർച്ചു 2 മുതൽ 1956 മാർച്ചു് 2 വരെയുള്ള ഒരു കൊല്ലത്തിനുള്ളിൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് 80 പ്രസംഗങ്ങൾ ചെയ്തിരിക്കുന്നു. തിരുമനസ്സിലെ 17 കൊല്ലത്തെ ഭരണത്തിനിടയിൽ ഏററവും കൂടുതൽ പ്രസംഗങ്ങൾ ചെയ്തിട്ടുള്ളതു് തിരുമേനി ആലസ്യവിധേയനായിരുന്ന കഴിഞ്ഞകൊല്ലംതന്നെയാണു്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ റേഡിയോസന്ദേശങ്ങളും പ്രസംഗങ്ങളും 17-ാം വാല്യത്തിൽ ഇവയെല്ലാം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. സർവ്വരാജ്യ തോമിസ്റ്റിക് തത്വശാസ്ത്രകോൺഗ്രസ്സുമുതൽ സ്കാനിഷ് മോട്ടോർ സ്കൂട്ടർവരെയുള്ള അനേകം വിഷയങ്ങളെപ്പററിയായിരുന്നു പ്രസംഗങ്ങൾ. ഇക്കൊല്ലം പേപ്പൽ സന്ദർശകന്മാരുടെ സംഖ്യ കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു വളരെയധികം വർദ്ധിച്ചിട്ടുണ്ടു്. ഓരോ സന്ദർശനത്തിന്റെയും അവസാനത്തിൽ തിരുമേനി ബാല്ക്കണിയിലെഴുന്നെള്ളി, സന്ദർശനം കിട്ടാതെ പുറത്തുനില്ക്കുന്ന ജനക്കൂട്ടത്തിനു ദർശനമനുവദിക്കുകയും അവരെ അനുഗ്രഹിക്കുകയും പതിവായിരിക്കുന്നു.

## കൊളോൺകത്തീഡ്റൽ

കഴിഞ്ഞ മഹായുദ്ധകാലത്തു് 14 ബോംബുകളും 19 ഷെല്ലുകളും അനേകം സ്ഫോടകപദാർത്ഥങ്ങളും നിപതിച്ചു് ഭയങ്കരനാശനഷ്ടങ്ങൾക്കിരയായ കൊളോൺകത്തീഡ്റൽ പുനരുദ്ധരിക്കപ്പെട്ടിരിക്കുന്നു. ജർമ്മൻ നാഷനൽ കത്തോലിക്കാകോൺഫറൻസിന്റെ 77-ാം വാർഷികവേളയിൽ അതു ഉൽഘാടനംചെയ്യപ്പെട്ടു. ഈ കത്തീഡ്റൽ വീണ്ടും “ഐക്യജർമ്മനിയുടെ ഒരു ചിഹ്നമായിത്തീർന്നിരിക്കുന്നു”വെന്നാണു് കൊളോൺ ആർച്ചുബിഷപ്പു് കർദ്ദിനാൾ ഫ്റിങ്ങ്ജ് തിരുമേനി പ്രസ്താവിക്കുകയുണ്ടായതു്. പേപ്പൽ പ്രതിനിധിയായ കർദ്ദിനാൾ പീസാ തിരുമേനിയാണു് കത്തീഡ്റലിന്റെ ഉൽഘാടനം നിർവ്വഹിച്ചതു്. കത്തീഡ്റലിന്റെ സമീപപ്രദേശത്തു് അഭയാർത്ഥികൾക്കും വലിയ കുടുംബങ്ങൾക്കും വാടകയ്ക്കു കൊടുക്കുന്നതിനായി 500 ഭവനങ്ങൾ നിർമ്മിക്കുന്നതാണു്.

## പ്രവൃത്തിയിൽ നിരീശ്വരർ


ക്രിസ്ത്യാനികളെന്നു പറയപ്പെടുന്നവരുടെ പ്രവൃത്തിയിലുള്ള നിരീശ്വരത്വത്തെ, ലൂർദ്ദുമെത്രാൻ ലൂർദ്ദിലേക്കുള്ള 83-ാമത്തെഫ്റഞ്ചു ദേശീയ തീർത്ഥയാത്രാസംഘത്തോടു ചെയ്ത പ്രസംഗത്തിൽ, ആക്ഷേപിച്ചിരിക്കുന്നു. സൂയസും അൾജീരിയായും ദേശീയപ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങളാണെങ്കിലും അവയ്ക്കുള്ള പരിഹാരങ്ങൾ പ്രാർത്ഥനയിലും ഓരോ വ്യക്തിയുടേയും പാപത്തെപ്പററിയുള്ള ബോദ്ധ്യത്തിലുമാണു കണ്ടെത്തേണ്ടതെന്നു അദ്ദേഹം പറഞ്ഞു. നിയമവിരുദ്ധമായി ഒരു ഡിക്റ്റേറററർ സൂയസ്കനാൽ ദേശീകരിച്ചതു് നമ്മെ ക്ഷോഭിപ്പിച്ചിരിക്കുന്നു; എന്നാൽ സ്വന്തത്തിലുള്ള അത്യാഗ്രഹത്തിനു് അടിമകളായി, യാതൊരു ആശങ്കയും കൂടാതെ, ഇതുപോലെയുള്ള പ്രവൃത്തികൾ ചെയ്തിട്ടുള്ള ക്രിസ്ത്യാനികളെന്നു പറയപ്പെടുന്നവർ ഉണ്ടായിരിക്കുന്നില്ലേയെന്നദ്ദേഹം ചോദിച്ചു. ക്രിസ്തുവിന്റെ വാക്കുകൾ ശ്രവിച്ചിട്ടില്ലാത്തവരുടെ നിരീശ്വരത്വത്തേക്കാൾ ആപല്ക്കരമാണു് ക്രിസ്ത്യാനികളുടെ നിരീശ്വരത്വമെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

## പോളണ്ടിലെ മരിയവത്സരം


പോളണ്ടു് പരിശുദ്ധ കന്യകാമറിയത്തിനു പ്രതിഷ്ഠിച്ചതിന്റെ മൂന്നാം ശതവത്സരപൂർത്തി പോളിഷ്കത്തോലിക്കർ ഈയിടെ ആഘോഷിച്ചിരിക്കുന്നു. ഇതുപ്രമാണിച്ചു് അടുത്ത മേയ് 3 വരെ ഒരു മരിയവത്സരമായി പോളിഷ് മെത്രാന്മാർ പ്രഖ്യാപിച്ചിട്ടുണ്ടു്. ശതവത്സരപൂർത്തി പ്രമാണിച്ചു് ചെസ്റ്റോക്കോവായിൽ നടത്തിയ ദേശീയാഘോഷങ്ങളിൽ 10 ലക്ഷത്തിൽപ്പരം തീർത്ഥകർ സംബന്ധിച്ചിരുന്നു. ഇതിൽ 30 മെത്രാന്മാരും 600 വൈദികരും ഉൾപ്പെട്ടിരുന്നു. വെള്ളയും ചുവപ്പും നിറങ്ങളിലുള്ള റോസാപുഷ്പങ്ങൾകൊണ്ടു് അലങ്കരിച്ച ഒരു സിംഹാസനം പ്രസംഗപീഠത്തിൽ പ്രതിഷ്ഠിച്ചിരുന്നു. പോളിഷ് പ്രൈമററായ കർദ്ദിനാൾ വിഷിൻസ്കി തിരുമേനിയുടെ തടങ്കലിൽ പോളിഷ്കത്തോലിക്കർക്കുള്ള പ്രതിഷേധത്തിന്റെ ഒരു മൗനപ്രകടനമായിരുന്നു അതു്. “പിതൃഭൂമിയോടും മതത്തോടുമുള്ള സ്നേഹത്താൽ പ്രചോദിതരായി അവിടെ സമ്മേളിച്ചിരിക്കുന്ന”വരെ മാർപ്പാപ്പാ തിരുമേനി, ഒരു കമ്പിസന്ദേശദ്വാരാ അഭിനന്ദിക്കുകയുണ്ടായി. അവരുടെ സമാശ്വാസത്തിനും ശോഭനമായ ഭാവിക്കുംവേണ്ടി തിരുമേനി പ്രാർത്ഥിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തു.

## ധാർമ്മികസംഹിത


കത്തോലിക്കാ ഡോക്ടർമാരുടെ ഏഴാമത്തെ അന്താരാഷ്ട്രീയകോൺഗ്രസ് ഈയിടെ ഹോളണ്ടിലെ ഷെവനിൻജൻ എന്ന സ്ഥലത്തു സമ്മേളിക്കുകയുണ്ടായി. തദവസരത്തിൽ മാർപ്പാപ്പാ തിരുമനസ്സിലെ അഭിലാഷമനുസരിച്ചു്, കോൺഗ്രസിൽ സംബന്ധിച്ച ഡോക്ടർമാർ വൈദ്യനീതിസംബന്ധിച്ച ഒരു അന്താരാഷ്ട്രീയകോഡു് രൂപവൽക്കരിക്കുവാൻ ശ്രമം നടത്തിയതായറിയുന്നു. 15 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. ഇരുമ്പുയവനികയ്ക്കു പിന്നിലുള്ള കത്തോലിക്കാ ഡോക്ടർമാർക്കുവേണ്ടി റോട്ടൻഡാം മെത്രാൻ സമർപ്പിച്ച ദിവ്യപൂജയിൽ കോൺഗ്രസിലെ എല്ലാ പ്രതിനിധികളും സംബന്ധിച്ചിരുന്നു.



തൃശ്ശൂർ പോലീസ്ക്ലബ്ബിന്റെ ശിലാസ്ഥാപനകർമ്മം ഐ. ജി. ശ്രീ ചന്ദ്രശേഖരൻനായർ നിർവ്വഹിക്കുന്നു



കേന്ദ്രപ്ലാനിങ്ങുമന്ത്രി ശ്രീ ഗുൽസാരിലാൽ നന്ദ ചെല്ലാനം-മാനാശ്ശേരി കടലാക്രമണനിരോധന ബണ്ടുപണി പരിശോധിക്കുന്നു



ന്യൂഡൽഹിയിൽവച്ചു് സെപ്റ്റംബർ 18-ാംനു- കേന്ദ്രമരാമത്തുമന്ത്രി മി. സ്വരൻസിംഗിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പർച്ചസ് അഡ്വൈസറികൗൺസിലിന്റെ പ്രഥമയോഗം

## ക്രിസ്ത്യാനികളും മുസ്ലീംകളും

ക്രിസ്തുമതത്തിലേയും ഇസ്ലാംമതത്തിലേയും ബുദ്ധിജീവികളുടെ ഒരു സർവ്വരാജ്യസമ്മേളനം ഈയിടെ മൊറോക്കോയിൽ ടിയോംലില്ലിനിയിലുള്ള ബനഡിക്ടയിൻ സന്യാസാശ്രമത്തിൽവെച്ചു നടന്നിരിക്കുന്നു. “എസ്പ്രിറ്റ്” എന്ന വേദാന്തപത്രത്തിന്റെ അധിപരായ ഫാദർ ഡാനിലോ എസ്. ജെ. ഫ്ളോറൻസ്മേയറായ സിഞ്ഞോർ ലാ പിരാ മുതലായവർ കത്തോലിക്കാ പ്രതിനിധികളുടെ കൂട്ടത്തിൽ പെടുന്നു. മൊറോക്കോ സുൽത്താൻ മൗലേ യൂസഫിന്റെ രക്ഷാധികാരിത്വത്തിലാണു് ഈ സമ്മേളനം നടന്നതു്. സമ്മേളനത്തിൽ സംബന്ധിച്ചവർക്കു സുൽത്താൻ ഒരു സന്ദർശനം അനുവദിച്ച അവസരത്തിൽ, മൊറോക്കോ അതിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ടു്, പാശ്ചാത്യപൗരസ്ത്യസംസ്കാരങ്ങളെ തമ്മിൽ ഘടിപ്പിക്കുന്ന ഒരു കണ്ണിയായി വർത്തിക്കേണ്ടിയിരിക്കുന്നുവെന്നു പ്രസ്താവിക്കുകയുണ്ടായി.

## വിദേശവാർത്തകൾ

—8 ലക്ഷം പേർ സംബന്ധിച്ച ജർമ്മൻ കത്തോലിക്ക കോൺഗ്രസ് സമ്മേളനത്തിന്റെ പ്ലാററുഫോറത്തിനു മുകളിൽ ബൃഹത്തായ ഒരു മുൾക്കിരീടം സ്ഥാപിച്ചിരുന്നു. മൂന്നു ക്രെയിനിന്റെ സഹായത്തോടെയാണു് അതു് അങ്ങനെ നിർത്തിയിരുന്നതു്.

—ജർമ്മൻ കത്തോലിക്ക കോൺഗ്രസിൽ, ഈഡിത്തു് സ്റ്റീൻ എന്ന വനിതയുടെ നാമകരണച്ചടങ്ങുകൾ ആരംഭിക്കണമെന്നു് അഭ്യർത്ഥിക്കപ്പെടുകയുണ്ടായി. യഹൂദമതത്തിൽനിന്നു കത്തോലിക്കസഭയിൽ ചേർന്ന ഈ മഹതി ഒരു കർമ്മലീത്താ കന്യാസ്ത്രീയായിത്തീർന്നു. നാസികളുടെ തടങ്കൽപാളയത്തിൽ വെച്ചു മതത്തിനുവേണ്ടി അവർ വധിക്കപ്പെടുകയാണുണ്ടായതു്.

—തിരുഹൃദയ കന്യാസ്ത്രീകൾ കൊറിയയിൽ അവരുടെ ആദ്യത്തെ മഠം സ്ഥാപിച്ചിരിക്കുന്നു. അമേരിക്കാ, അയർലൻഡു്, ചൈനാ, ആസ്ത്രേലിയാ, ബൽജിയം, പോളണ്ടു് എന്നീ ആറു രാജ്യങ്ങളിൽ പെട്ട 7 കന്യാസ്ത്രീകളാണു് മഠത്തിലെ ആദ്യാംഗങ്ങൾ.

—വത്തിക്കാൻ ഗ്രന്ഥശാലയിലെ പ്രധാനപ്പെട്ട 40,000 കൃതികൾ മൈക്രോഫിലിം ചെയ്തിരിക്കുന്നു. ഓരോ കൃതിയും ശരാശരി 200 പേജു വരുന്നതാണു്. ഓരോ പുസ്തകത്തിന്റെയും മൈ

ക്രോഫിലിം ഒരു തിപ്പെട്ടിക്കുള്ളി ലൊതുങ്ങുമത്രേ. അമേരിക്കയിലെ സെൻറ് ലൂയി സർവ്വകലാശാലയിലെ ഒരു പ്രത്യേക മുറിയിൽ ഇവ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

—വിയറ്റ്നാമിൽ സെയിഗോണിനടുത്തുള്ള 2000 അംഗങ്ങളുള്ള ഒരു ബൗദ്ധഗ്രാമം മുഴുവൻ കത്തോലിക്കാമതം സ്വീകരിച്ചിരിക്കുന്നു. അവിടുത്തെ ബൗദ്ധ പുരോഹിതൻ കത്തോലിക്കനായതിനെ തുടർന്നാണ് ഈ മാനസാന്തരപ്രവാഹമുണ്ടായതു്.

—ഇററാലിയൻ കത്തോലിക്കപ്രവർത്തനസംഘം പ്രസിഡൻറ് ഡോക്ടർ ലൂയിജി ഗെഡാ രണ്ടു പ്രത്യേക പ്രതിനിധികളെ മോസ്ക്കോയിലേക്കയച്ചിരിക്കുന്നു വെന്നു ചില പത്രങ്ങളിൽ കണ്ട വാർത്ത തീർത്തും അടിസ്ഥാനരഹിതമാണെന്നു് കത്തോലിക്കാ പ്രവർത്തന സംഘടനകളുടെ ഔദ്യോഗികമായി പ്രസ്താവിച്ചിരിക്കുന്നു.

—ആസ്ട്രേലിയായിലെ കത്തോലിക്കരായ 400 പത്രവില്പന പയ്യന്മാർ ആഭാസപരമായ പ്രസിദ്ധീകരണങ്ങൾ വിതരണം നടത്തുന്നതല്ലെന്നു ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. ഇതുമൂലം 21 പ്രസിദ്ധീകരണങ്ങളുടെ പ്രചാരം വളരെ കുറഞ്ഞിട്ടുണ്ടെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

—ആഫ്റിക്കയിലെ കെനിയായിൽ 1952-ൽ നടന്ന മൗ മൗ വിപ്ലവകാലത്തു് മതത്തിനുവേണ്ടി ജീവൻ സമർപ്പിച്ച 15,000 ത്തോളം കത്തോലിക്കരുടെ ഓർമ്മക്കായി നൈറോബിക്കടുത്തു സ്ഥാപിക്കുന്ന ദേവാലയത്തിൻെറ ശിലാസ്ഥാപനകർമ്മം കെനിയാഗവർണർ സർ എവ്ലിൻ ബാറിങ്ങ് നിർവഹിച്ചിരിക്കുന്നു. ശില വെഞ്ചരിച്ചതു നെയേരി മെത്രാൻ കവാലരെ തിരുമേനിയാണു്.

—ഫിലിപ്പൈൻസിൽ മാനിലായിലെ അസംപ്ഷൻ കോളെജിൽ പഠിക്കുന്ന മരിയാ ലൂർദസ് അരനെററാ എന്ന വിദ്യാർത്ഥിനിക്കു്, ഡിഗ്രി സമ്പാദനവേളയിൽ ഒരു സൂഹൃൽസൽക്കാരം നടത്തുന്നതിനായി മാതാപിതാക്കന്മാർ 2600 ഡോളർ നൽകുകയുണ്ടായി. വിദ്യാർത്ഥിനിയാകട്ടെ ആ സംഖ്യ പരോപകാരപ്രവർത്തനങ്ങൾക്കായി മാനിലാ ആർച്ച്ബിഷപ്പ് തിരുമേനിയെ ഏല്പിച്ചു.


—ഫോർമോസായിലെ ചൈനാ ഇൻസ്റ്റിസ്റ്റ്യൂട്ടിൻെറ വേതനത്തോടുകൂടി ന്യൂക്ലീയർ ഫിസിക്സിൽ ഉപരിപഠനം നടത്തുന്ന മിസ് ഗ്രേസ് പൂയാ കത്തോലിക്കാമതം സ്വീകരിച്ചിരിക്കുന്നു. കഴിഞ്ഞ ക്രിസ്തുമസ്സിനു കത്തോലിക്കാമതം സ്വീകരിച്ച അവരുടെ ജ്യേഷ്ഠസഹോദരിയും ഒരു ശാസ്ത്രജ്ഞയാണു്.

—ഇംഗ്ലണ്ടിലെ ഡിവൈൻ വേഡ് സൊസൈററി എന്ന സന്യാസസഭയുടെ സൂപ്പീരിയർ ആയി നിയമിക്കപ്പെട്ടിരിക്കുന്ന ഫാദർ ഹാർഡ്ബോൾഡ് ബീഗ്നി നാലു കൊല്ലം കമ്മ്യൂണിസ്റ്റ് ചൈനായിൽ ജയിൽവാസമനുഭവിച്ചിട്ടുള്ളയാളാണു്. അദ്ദേഹം ഇപ്പോൾ കമ്മ്യൂണിസത്തെപ്പററി അമേരിക്കയിൽ ഒരു പ്രസംഗപരമ്പര നടത്തിക്കൊണ്ടിരിക്കുകയാണു്.

—ഡോക്ടർ കമില്ലോ പോൺസ് ഹെൻറിക്കിനെ ഇക്വഡോറിൻെറ പ്രസിഡൻറായി തിരഞ്ഞെടുത്തിരിക്കുന്നു. സോഷ്യലിസ്റ്റ്കാരും, ലിബറൽ കക്ഷിക്കാരും, മാർക്സിസ്റ്റ്കാരും അദ്ദേഹത്തെ ശക്തിയായി എതിർത്തിരുന്നു. കത്തോലിക്കാ സർവ്വകലാശാലയിലെ ഒരു പ്രൊഫസ്സറായിരുന്ന ഡോക്ടർ പോൺസ്, സഭക്കുവേണ്ടി ധീരസമരം നടത്തിക്കൊണ്ടിരിക്കുന്ന ഒരാളാണു്.

—അത്ലാൻറിക് സമുദ്രത്തിൽ വെച്ചു മുങ്ങിപ്പോയ ആൻഡ്റീ





For Favours Received



Excuse delay

*M. P. V., Ernakulam*

സാ ഡോറിയാ എന്ന ഇററാലിയൻ കപ്പലിലെ ജോലിക്കാർ ജനോവാത്തുറമുഖത്തിനു് അഭിമുഖമായുള്ള മാതാവിൻെറ കപ്പേളയിലേക്കു് ഒരു തീർത്ഥയാത്ര നടത്തിയിരിക്കുന്നു, ജോലിക്കാരുടെയെല്ലാം പേരു കൊത്തിയ, കപ്പലിൻെറ ഒരു മാതൃക അവർ വഴിപാടായി സമർപ്പിക്കുകയുണ്ടായി.

—യുദ്ധകാലത്തെ ഒരു പ്രതിജ്ഞ നിർവഹിക്കുന്നതിനായി ഒരു ഗണം ഇററാലിയൻ പർവ്വതാരോഹകന്മാർ മാതാവിൻെറ ഒരു പ്രതിമ 6100 അടി ഉയരമുള്ള കോർണാ കൊടുമുടിയിലേക്കു ചുമന്നു കൊണ്ടുപോയി, മലമുകളിലെ സ്തംഭത്തിൽ സ്ഥാപിച്ചിരിക്കുന്നു.

—സ്കോട്ടലൻഡിലെ 2-ാം റോബർട്ടു് രാജാവിൻെറ പിൻഗാമിയും ബ്യൂട്ടിലെ പ്രഭുവുമായ ജോൺ ക്രിച്ച്ടൻ സ്റ്റുവാർട്ടു് 49-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ഈ കത്തോലിക്കപ്രഭു പുരാണവസ്തുശാസ്ത്രത്തിൽ പ്രഗത്ഭനായ ഒരു പണ്ഡിതനായിരുന്നു.

—ആൻറ്വർപ്പിൽ സമ്മേളിച്ച വേദാദ്ധ്യാപകന്മാരുടെ സർവ്വരാജ്യ കോൺഗ്രസിൽ 32 രാജ്യങ്ങളിൽ നിന്നുള്ള 400 വൈദികരും കന്യാസ്ത്രീകളും അൽമേനികളും സംബന്ധിച്ചിരുന്നു.

—അമേരിക്കയിലെ ഒരു പ്രശസ്ത സാഹിത്യകാരനായ ഏർണെസ്റ്റ് ഹെമിങ്ങ്വേയ്ക്കു 1954-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചപ്പോൾ കിട്ടിയ മെഡൽ ക്യൂബായിലെ കോബ്രേയിൽ മാതാവിൻെറ നാമത്തിലുള്ള തീർത്ഥസങ്കേതത്തിനു് അദ്ദേഹം ദാനം ചെയ്തിരിക്കുന്നു. കഴിഞ്ഞ യുദ്ധത്തിനുശേഷം ഹെമിങ്ങ്വേ ക്യൂബായിൽ സ്ഥിരതാമസമാക്കിയിരിക്കുകയാണു്.

—കഴിഞ്ഞ മഹായുദ്ധത്തിൽ ദ്വിതീയ യൂറോപ്യൻ വിമോചന സേനയുടെ കമാൻഡറായിരുന്ന ജനറൽ സർ മൈൽസ് ഡെംപ്സി ഈയിടെ ലണ്ടനിൽവെച്ചു കത്തോലിക്കസഭയിൽ പ്രവേശിച്ചിരിക്കുന്നു. യുദ്ധാനന്തരം ദക്ഷിണപൂർവേഷ്യയിലെയും പിന്നീടു മദ്ധ്യപൂർവദേശത്തെയും സങ്കലിത സേനയുടെ സർവ്വസൈന്യാധിപനായി അദ്ദേഹം ജോലിനോക്കിയിട്ടുണ്ടു്.

## വിനോദവീഥി

അദ്ധ്യാപകൻ:- രാജു, ഈ കണക്കുകൾ നീ വീട്ടിൽവച്ചു ചെയ്തതാണോ അതോ ക്ലാസ്സിൽ നീ വന്നതിനുശേഷം ആരുടെയെങ്കിലും പകർത്തിയതാണോ?

രാജു:- സർ, അതെല്ലാം ഞാൻ വീട്ടിൽവച്ചുതന്നെ ചെയ്തതാണു്.

അദ്ധ്യാ:- എന്നിട്ടു് ഈ മണ്ടത്തരങ്ങളെല്ലാം നീ എങ്ങനെ എഴുതിപ്പിടിപ്പിച്ചു?

രാജു:- സംശയം തോന്നിയതെല്ലാം അപ്പനാണു് എനിക്കു പറഞ്ഞുതന്നതു്.

അദ്ധ്യാ:- മേലിൽ നിനക്കു തനിയെ ചെയ്യാവുന്നതു ചെയ്താൽ മതി.

x x x




"ഓ! എന്തുമാത്രം ആഭരണമാ മേരി നീ കൊണ്ടുനടക്കുന്നതു്. നന്നായിരിക്കുന്നു കേട്ടോ."

"അല്ലാ, സൂസി എന്തറിയുന്നു. ഞാൻ കഴിഞ്ഞാണ്ടിൽ ജൂബിലിക്കു പോയപ്പോഴായിരുന്നു എന്നെ കാണേണ്ടിയിരുന്നതു്. അന്നാകപ്പാടെ 240 പവൻറാഭരണം ഞാൻ കഴുത്തേൽതന്നെ കെട്ടിക്കൊണ്ടുനടന്നു."

x x x

വാദി:- യജമാനനേ, ഇയാൾ പാതിരാകഴിഞ്ഞാലും വലിയ സ്വരമുണ്ടാക്കി അയൽവക്കക്കാരെ ഉറക്കുന്നില്ല. എന്തെങ്കിലും പ്രതിവിധി കല്പിക്കണം.

ജഡ്ജി:- അയാളുടെ സ്വരംകേട്ടു നിങ്ങൾ ഉണരാറുണ്ടോ?

വാദി:- എൻെറ ഉറക്കത്തിനു തടസ്സമുണ്ടായിട്ടില്ല. എനിക്കു അയാളുടെ ബഹളംകൊണ്ടു റേഡിയോ കേൾക്കാൻ സാധിക്കാത്തതാണു്.

## ഇൻഡ്യാ വാർത്തകൾ

ഇന്ത്യയിൽ മരിച്ചീനിയിൽ നിന്നും പ്രതിവർഷം 22,000 ടൺ ചവ്വരി നിർമ്മിക്കുന്നുണ്ടെന്നു ഭക്ഷ്യകൃഷിവകുപ്പിൻെറ ഒരു റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

—തിരുക്കൊച്ചി ട്രാൻസ്പോർട്ടു ഡയറക്ടർ ശ്രീ ടി. സി. എസ്. പിള്ളയെ ഇൻസ്റ്റിററ്യൂട്ടു് ഓഫ് റോഡു് ട്രാൻസ്പോർട്ടു് ടൃട്ടോറിയൽകമ്മിററിയിലെ ഒരംഗമായി നോമിനേററുചെയ്തിരിക്കുന്നു.

—അടുത്ത പൊതുതിരഞ്ഞെടുപ്പിനു കോൺഗ്രസ്സ്ഥാനാർത്ഥികളെ നിശ്ചയിക്കുമ്പോൾ 15 ശതമാനം സീററുകൾ സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കും നൽകണമെന്നു കോൺഗ്രസ് സെൻട്രൽ ഇലക്ഷൻ കമ്മിററി തീരുമാനിച്ചിരിക്കുന്നു.

—കേന്ദ്രകൃഷിവകുപ്പിൻെറ ആഭിമുഖ്യത്തിൽ ഒരു ഫിഷറീസ് കോൺഫറൻസ് ഡോക്ടർ പഞ്ചാബ്റാവു ദേശമുഖിൻെറ അദ്ധ്യക്ഷതയിൽ മദ്രാസിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു.

—പ്രധാനമന്ത്രിയുടെ പ്രധാന പ്രൈവററ്സിക്രട്ടറി മി. ബി. എൻ. കൗളിനെ ബൽജിയത്തിലേയും മി. കെ. എം. പണിക്കരെ ഫ്റാൻസിലേയും ഇൻഡ്യൻ സ്ഥാനപതികളായി നിയമിച്ചിരിക്കുന്നു.

—ശ്രീ സുരേന്ദ്രകുമാർഡേയെ ക്യാബിനററ്റാങ്കുള്ള ഒരു കേന്ദ്രമന്ത്രിയായും, ശ്രീ ഷാനവാസ് ഖാൻ എം. പി. യെ ഒരു ഡെപ്യൂട്ടി മന്ത്രിയായും നിയമിച്ചിരിക്കുന്നു.

—രണ്ടാംപദ്ധതിക്കാലത്തു 36000 സൂതികർമ്മിണിമാരെ പരിശീലിപ്പിക്കുന്നതാണു്.

—ജപ്പാനിലെ ഇന്ത്യൻസ്ഥാനപതിയായ മി. ബിനേരഞ്ജൻ സെന്നിനെ ഐക്യരാഷ്ട്രഭക്ഷ്യകൃഷികാര്യസംഘടനയുടെ ഡയറക്ടർ ജനറലായി തിരഞ്ഞെടുത്തിരിക്കുന്നു.

—പ്രധാനമന്ത്രി നെഹ്റു സെപ്തംബർ 24 ാംനു- വിമാനമാർഗ്ഗം സൗദിഅറേബ്യായിലേക്കു പുറപ്പെട്ടിരിക്കുന്നു. സൗദ്രാജാവിൻെറ അതിഥിയായിരിക്കും അദ്ദേഹം.

—തിരഞ്ഞെടുപ്പിനുവേണ്ടി വർഗ്ഗീയവാദികളുമായോ, കമ്മ്യൂണിസ്റ്റുകളുമായോ സഖ്യങ്ങളോ, കൂട്ടുകെട്ടുകളോ, ഒത്തുതീർപ്പുകളോ ഉണ്ടാക്കുവാൻ പാടില്ലെന്നു പി. എസ്. പി. നാഷനൽ എക്സിക്യൂട്ടീവു തീരുമാനിച്ചിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

പെരിയാർജലമുപയോഗിച്ചു് ഇടുക്കി എന്ന സ്ഥലത്തു ഒരു വിദ്യുച്ഛക്തിപ്ലാൻറ് സ്ഥാപിക്കുന്നതു സംബന്ധിച്ച പദ്ധതിയുടെ സർവ്വേഉൽഘാടനം കേന്ദ്രപ്ലാനിങ്ങ്മന്ത്രി ശ്രീ നന്ദാ നിർവ്വഹിച്ചിരിക്കുന്നു.

—ലഘുനിക്ഷേപപദ്ധതിയുടെ സ്റ്റേററ്അഡ്വൈസറി ബോർഡു ചെയർമനായി ജോയിൻറ് അഡ്വൈസറെ നിയമിച്ചിരിക്കുന്നു.

—മദ്രാസ് സിക്രട്ടറിയേററിൽനിന്നും 6 ഐ. സി. എസ്. കാരും 4 ഐ. എ. എസുകാരും ഉൾപ്പടെ 150 ഉദ്യോഗസ്ഥന്മാരെ കേരള സ്റ്റേററ്സിക്രട്ടറിയേററിലേക്കു അലോട്ടുചെയ്തിരിക്കുന്നു.

—തിരുവനന്തപുരംഇൻഡസ്ട്രിയൽഎസ്റ്റേററു ബിൽഡിംഗിൻെറ ഉൽഘാടനം റാണി പാർവ്വതീഭായി നിർവ്വഹിച്ചിരിക്കുന്നു.

—എംപ്ലോയിസ് സ്റ്റേററ് ഇൻഷ്വറൻസ് പദ്ധതി കൊല്ലത്തുവച്ചു രാജപ്രമുഖൻ ഉൽഘാടനം ചെയ്തിരിക്കുന്നു.

—എറണാകുളം കോട്ടയം റെയിൽവേയുടെ ഉൽഘാടനം ഒക്ടോബർ മദ്ധ്യത്തോടുകൂടി ശ്രീ ലാൽബഹദൂർശാസ്ത്രി നിർവ്വഹിക്കുന്നതാണു്.

—സെപ്തംബർ 27-ാംനു- മുതൽ 4 ദിവസം അഡ്വൈസർ പി. എസ്. റാവു മലബാറിൽ പര്യടനം നടത്തുന്നതാണു്.

—തിരുക്കൊച്ചിയിൽ വ്യവസായങ്ങൾ തുടങ്ങുവാനുള്ള എല്ലാ സംരംഭങ്ങൾക്കും കേന്ദ്രത്തിൻെറ സഹായസഹകരണമുണ്ടായിരിക്കുമെന്നു പ്ലാനിങ്ങ്മന്ത്രി മി. നന്ദാ ഒരു പ്രസ്കോൺഫറൻസിൽ പ്രസ്താവിച്ചിരിക്കുന്നു.

—ഒക്ടോബർ 26 മുതൽ നവംബർ 17 വരെ എത്യോപ്യൻചക്രവർത്തി ഇന്ത്യയിൽ പര്യടനം നടത്തുന്നതാണു്. അക്കൂട്ടത്തിൽ അദ്ദേഹം തിരുക്കൊച്ചിയും സന്ദർശിക്കുന്നതാണു്.

ശ്രീ ഐ. സി. ചാക്കോയുടെ പാണിനീയപ്രദ്യോതത്തിനു മലയാളത്തിലെ അത്യുത്തമഗ്രന്ഥമെന്നനിലയിൽ ഇന്ത്യാഗവമ്മെൻറു 5000 ക. പാരിതോഷികം നൽകിയിരിക്കുന്നു.

—o—

## ചരമവാർത്തകൾ


**ഉപ്പുതറ:** തേക്കനാൽ ഔസേഫ് ഔസേഫ് 61-ാമത്തെ വയസ്സിൽ സെപ്തംബർ 14-ാംനു- നിര്യാതനായി. മൃതദേഹം പിറേറന്നു് ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ഉപ്പുതറ സെൻറ് ഫിലോമിനാപള്ളി സിമത്തേരിയിൽ സംസ്കരിക്കപ്പെട്ടു. പരേതൻ സ്ഥലത്തെ ആദ്യകുടിയേററക്കാരിൽ ഒരാളാണു്.

**പൊൻകുന്നം:** പരേതനായ ശ്രീ കോരവക്കീലിൻെറ ഭാര്യ ശ്രീമതി ഏലിയാമ്മ 78-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം സ്ഥലം തിരുക്കുടുംബദേവാലയസിമത്തേരിയിലുള്ള കല്ലറയിൽ നടത്തപ്പെട്ടു. വീട്ടിൽവച്ചു ഡോ. എൽ. ജെ. ചിറ്റൂരും, പള്ളിയിൽവച്ചു റവ. ഫാ: ജെ. വട്ടക്കുഴിയും ചരമപ്രസംഗങ്ങൾ നടത്തി.

**കാഞ്ഞിരമററം:** ഈ ഇടവക മൂങ്ങാമാക്കൽ കുന്നേൽ ജോസഫ് വക്കി 82-ാമത്തെ വയസ്സിൽ സെപ്തംബർ 12-ാംനു- കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരകർമ്മങ്ങൾ 14-ാംനു- പല ബ: വൈദികരുടേയും വലിയ ജനാവലിയുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ കാഞ്ഞിരമററം പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

**അരിമ്പൂർ:** സ്ഥലത്തെ നടക്കാവുകാരൻ ദേവസ്സി ഇനാശു 68-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം സെപ്തംബർ 18-ാംനു- ചൊവ്വാഴ്ച രാത്രി 10 മണിക്കു നിര്യാതനായി. ബുധനാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്കു തൃശൂർ മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനി പരേതനെ സന്ദർശിച്ചു ഒപ്പീസ് നടത്തി. ശവസംസ്കാരകർമ്മം മൂന്നരമണിക്കു് റവ. ഫാ. ജോൺ മാളേയ്ക്കൻ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും നിരവധി വൈദികരുടെയും നാനാജാതിമതസ്ഥരായ ഒരു വലിയ ജനക്കൂട്ടത്തിൻെറയും സാന്നിദ്ധ്യത്തിലും തൃശൂർ ഭദ്രാസന സിമിത്തേരിയിൽ പ്രത്യേകം തയ്യാർ ചെയ്ത കല്ലറയിൽ നിർവ്വഹിക്കപ്പെട്ടു. റൈററു റവ. മോൺസിഞ്ഞോർ സെബാസ്റ്റ്യൻ ചിറയത്താണു് ചരമപ്രഭാഷണം നടത്തിയതു്. അനവധി സാധുക്കൾക്കു അന്നദാനവുമുണ്ടായിരുന്നു.

R. I. P




# “പറന്നുവന്നൊരിത്തിക്കണ്ണി!”

(പി. ഡി. തോമസ് വെങ്കിടങ്ങ്)

വിശാലമായ മറീനാബീച്ച് വര്‍ണ്ണശബളതയുടെ ലോകമായി മാറിയിരിക്കുകയാണ്. അല്ല, മറീനായിലെ എല്ലാ സായാഹ്നങ്ങളും അങ്ങനെതന്നെയാണ്. ഓരോ സായാഹ്നത്തിനുമുണ്ടാകും ഒരു പുതുമ, ഒരാസ്വാദ്യത. പ്രത്യേകിച്ചും ഞായറാഴ്ചകളിൽ.

പച്ചയും നീലയും ചുകപ്പും പട്ടുസാരിത്തലപ്പുകൾ ശീതളമായ കടൽക്കാററിൽ പാറിക്കളിക്കുന്നു. ലോലമായ പൊട്ടിച്ചിരികൾ ഉയരുന്നു. നർമ്മഭാഷണങ്ങളെ കുട്ടച്ചിരികൾ പിന്തുടരുന്നു. എമ്പാടും കവിതയൊഴുകുന്നൊരന്ത രീക്ഷം. വൃത്താകാരത്തിൽ പുഷ്പിച്ചുനില്ക്കുന്ന ഒരുകൂട്ടം പൂച്ചെടികൾക്കരികെ ഒരൊഴിഞ്ഞ ബെഞ്ചിലിരിക്കുകയാണ് ഈയുള്ളവൻ. മധുവിധു ആസ്വദിക്കുന്ന യുവമിഥുനങ്ങൾ, കഴിഞ്ഞകാലത്തിൻെറ മധുരവശങ്ങളെ പഞ്ചാരപ്പൂഴിയിലിരുന്നു അയവിറക്കിയാസ്വദിക്കുന്ന വൃദ്ധദമ്പതികൾ, ഹൃദയത്തിലും നയനങ്ങളിലുമെല്ലാമെല്ലാം സ്വപ്നങ്ങളും പേറിനടക്കുന്ന യുവതീയുവാക്കന്മാർ, കുഞ്ഞിക്കാലുകൾ പൂഴിയിലൂന്നി ഒററടിവെക്കുന്ന പിഞ്ചുകുഞ്ഞുങ്ങൾ അങ്ങനെയങ്ങനെ ജീവിതത്തിൻെറ ബൃഹത്തായൊരു ചിത്രംമറീനായിൽ പരന്നുകിടക്കുകയാണ്. ഒരു രസികൻകഥയുടെ പ്ലോട്ട് മിനഞ്ഞെടുക്കാൻപററിയ പൊടിപൊടിപ്പൻ അന്തരീക്ഷം. ഘനഗാംഭീര്യത്തോടെ ഞാനൊരിരിപ്പങ്ങോട്ടിരുന്നു. ചെറുകഥാകൃത്തുകൾ അവരുടെ ഫോട്ടോകളിൽ പ്രത്യക്ഷപ്പെടാറുള്ള ഒരിരിപ്പില്ലേ; കണ്ണുകൾ വിദൂരതയിലേക്കയച്ചുകൊണ്ട് ചിന്തയുടെ അഗാധമണ്ഡലങ്ങളിലേക്കു ചുഴിഞ്ഞിറങ്ങുന്ന മുഖഭാവത്തോടെയുള്ള ആ അന്തസ്സററ “പോസ്”. അതെ, ആ പോസിൽ.

സമയം കുറെ കടന്നുപോയി. ചക്രവാളപ്പരപ്പിൽ അരുണിമയണിഞ്ഞ അനേകായിരം മേഘശകലങ്ങൾ ഓടിക്കൂടി, ചുവന്ന വര്‍ണ്ണക്കടലാസ് പിച്ചിച്ചീന്തിയെറിഞ്ഞപോലെ. ഒന്നരമണിക്കൂർ മിനക്കെട്ടിരുന്നു തലപുകച്ചിട്ടും തൃപ്തികരമായ പ്ലോട്ടുകളൊന്നും ഈ ശുഷ്കമനസ്സിൽ ഉറഞ്ഞുകൂടുകയുണ്ടായില്ല. കഠിനപ്രയത്നത്തിനുശേഷം ഒരു പ്ലോട്ട് വകഞ്ഞുകെട്ടിക്കൊണ്ടുവരുമ്പോൾ അതിനു കെട്ടുറപ്പു തീരെ പോരെന്നുതോന്നും. കഥാപാത്രങ്ങൾക്കു വ്യക്തിത്വവുമില്ല. ഉടനതു വലിച്ചെറിയുകയായി. വള്ളക്കാരൻ മത്തായിയും, ബാങ്കർ ശേഖരും, സിനിമാക്കാരി പങ്കജവും അങ്ങനെ ഉപേക്ഷിക്കപ്പെട്ട കഥാപാത്രങ്ങളാണ്. ഓഫീസുഹൃത്തുക്കളിലെല്ലാം “സാഹിത്യകാരൻ” എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന എനിക്കു ഒന്നരമണിക്കൂർ ചിലവഴിച്ചിട്ടും ഒരു കൊച്ചുകഥയുടെ പ്ലോട്ടു കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതൊരു ഹിമാലയൻപരാജയമായിരിക്കും. സാഹിത്യത്തിലെ കുമ്പടയൽവാദത്തെ വകവെച്ചുകൊടുക്കലായിരിക്കും. ഇല്ല, അങ്ങനെ വരാൻ പാടില്ല. ബങ്കാളുൾക്കടലിലെ തിരമാലകൾവന്നു് ഈ മറീനാബീച്ചു മുഴുവനുമങ്ങു മൂടിക്കളഞ്ഞാലും ശരി കലാസുന്ദരമായൊരു ചെറുകഥയുടെ പ്ലോട്ടു നെയ്തെടുത്തിട്ടേ ഇവിടെനിന്നെഴുന്നേല്ക്കുകയുള്ളുവെന്നു് ഞാനൊരുഗ്രശപഥമങ്ങു ചെയ്തു. ഞാൻ ചുഴിഞ്ഞുചുഴിഞ്ഞാലോചിച്ചു. കൈകൾ കൂട്ടിത്തിരുമ്മി ചിന്തിച്ചു.

അവസാനം ഒരു പരമരസികൻ കഥാവസ്തു എനിക്കു പിടികിട്ടുകതന്നെചെയ്തു. കഥാമൂർദ്ധന്യത്തിലേക്കു എൻെറ ഭാവന അതിശീഘ്രം പുരോഗമിക്കാൻതുടങ്ങി. ഞാൻ തന്നെത്താൻ മറന്നു. കണ്ണുകൾ മെല്ലെ അടയുന്നതുപോലെ തോന്നി. ഞാൻആകഥയിൽപൂര്‍ണ്ണമായും ലയിച്ചു. പെട്ടെന്നാണ് വേദനിക്കത്തക്കശക്തിയിൽ ആരോ ഒരാൾ എൻെറ പുറത്തു കൈവച്ചതു്. ഞാൻ ഞെട്ടിയുണർന്നു; പിന്നിലേക്കു തിരിഞ്ഞുനോക്കി. എൻെറ കണ്ണുകളിൽ കോപത്തിൻെറ ലാഞ്ഛനയുണ്ടായിരുന്നു. കണ്ടതോ, തേഞ്ഞരഞ്ഞ പല്ലുകൾ മുഴക്കെക്കാണെ ചിരിച്ചുകൊണ്ടു നില്ക്കുന്ന കറുത്തുനീണ്ടൊരു മനുഷ്യനെ.

“എന്നെ അറിയില്ല്യേ?” അയാൾ സ്വയം പരിചയപ്പെടുത്താൻ തുടങ്ങുകയാണ്.

“മനസ്സിലായില്ലല്ലോ.” സംശയദൃഷ്ടിയോടെ ഞാനയാളെ സൂക്ഷിച്ചുനോക്കി.

പ്യാരി (REGD)
ഔഷധസോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T. C. S

“എന്നെ മനസ്സിലായില്ല്യാന്നോ......?” എൻെറ ഈ സുന്ദരാകാരമൊന്നു സൂക്ഷിച്ചുനോക്കു. അപ്പോൾ നിങ്ങൾക്കു മനസ്സിലാകാതിരിക്കില്ല എന്ന ഭാവത്തിൽ അയാൾ എൻെറ മുന്നിലോട്ടു നീങ്ങിനിന്നു.

“മുഖപരിചയം തോന്നുന്നില്ലല്ലോ.” വീണ്ടും ഞാനെൻെറ പരിചയക്കുറവു പ്രകടിപ്പിച്ചു.

“ഇപ്പോഴത്തെ ചെറുപ്പക്കാരൊക്കെ ഇങ്ങനെതന്ന്യാ. ഓർമ്മയും ബോധവുമൊക്കെ വളരെ കഷ്ടിയാ അവക്കു്.” ഞാനുൾപ്പെടെയുള്ള മഹത്തായ യുവലോകത്തെ ഒന്നാകെയാണ് ഈ മനുഷ്യൻ വലിഞ്ഞുകയറിവന്നു പഴിപറയുന്നതു്. എനിക്കു് അടങ്ങാത്ത അമർഷം തോന്നി.

“കണ്ടുമുട്ടുന്നവരെയൊക്കെ പതിരാണ്ടുകാലം ഓർമ്മിച്ചിരിക്കാൻ കുറച്ചു വിഷമാ” ഞാൻ പറഞ്ഞു

“പെട്ടെന്നങ്ങു പറഞ്ഞുപോയതാ. വിഷമം തോന്നരുതു്.” പറയേണ്ടതെല്ലാം പറഞ്ഞിട്ടു് അയാളിപ്പോൾ പട്ടിയെപ്പോലെ വാലാട്ടുകയാണ്.

“ഹേയ്, വിഷമമൊന്നുമില്ല. അതൊക്കെപ്പോട്ടെ, അപ്പോൾ അവിടുന്നാരാ.” ഞാനീ വാചകം പറഞ്ഞുതീരേണ്ട താമസം ആ മനുഷ്യൻ കര്‍ണ്ണകഠോരമായ വിധത്തിൽ ഒരു പൊട്ടിച്ചിരി! എന്നിട്ടയാൾ പറഞ്ഞു: “ആളു രസികനാണല്ലോ, ഹാസ്യത്തിൻെറ മർമ്മം നല്ലോണമറിയാലോ.”

“അല്ല, ഹാസ്യമൊന്നുമല്ല, ഞാനാരെയും ബഹുമാനപൂർവ്വമേ സംബോധനചെയ്യാറുള്ളു” ഞാനൊരര നുണ പറഞ്ഞു.

“ഓഹോ, എന്നാൽ ഞാനും ബഹുമാനപുരസ്സരം, സാഹിത്യഭാഷയിൽ എന്നെ നിങ്ങൾക്കു സ്വയം പരിചയപ്പെടുത്താം. ആളറിയാതെ വർത്തമാനം പറയുന്നതു നന്നല്ലല്ലോ.”

“നല്ലതു്.”

“ആര്യാ, ഭവാനെന്നെ ഇത്രവേഗം മറവിയുടെ ഇരുളടഞ്ഞ മണ്ഡലത്തിലേക്കെറിഞ്ഞുകളഞ്ഞതിൽ എനിക്കതിയായ ഖേദമുണ്ടു്. ശ്രീമൻ, അങ്ങുന്നോർക്കുന്നില്ലേ, പാതയിലൂടെ അതിശീഘ്രഗമനം ചെയ്തുകൊണ്ടിരുന്ന ഒരു തീവണ്ടിയിൽവച്ചു് നാമിരുവരും പരസ്പരം കണ്ടുമുട്ടിയതും, ഒന്നുരണ്ടു മണിക്കൂർനേരം നർമ്മസംഭാഷണങ്ങളുടെ ആനന്ദസാഗരത്തിൽ ആറാടിയശേഷം വേദനാപൂര്‍ണ്ണമായ ഹൃദയത്തോടെ വിട്ടുപിരിഞ്ഞതുമെല്ലാം.”

അയാളുടെ സാഹിത്യപ്രസംഗം കേട്ടു് പൊട്ടിച്ചിരിക്കേണ്ട എൻെറ ഹൃദയത്തിൽ ഭയത്തിൻെറ ഒരാളിക്കത്തലാണുണ്ടായതു പെട്ടെന്നു്. കാരണമുണ്ടു്, അപ്പോൾമാത്രമാണു് എനിക്കാസംഭവത്തെപ്പററി ഓർമ്മവന്നതു്. അന്നൊരിക്കൽ കൊച്ചിൻഎക്സ്പ്രസ്സിനു വീട്ടിലേക്കു യാത്രചെയ്യുമ്പോൾ പറന്നുവന്നൊരിത്തിക്കണ്ണിയെപ്പോലെ എൻെറമേൽ പററിക്കൂടിയ ഈ മനുഷ്യൻ അന്നത്തെ അയാളുടെ ഭക്ഷണച്ചിലവും പുറമെ ഒരഞ്ചുരൂപയും എന്നിൽനിന്നു തട്ടിയെടുത്ത കഥ! രണ്ടുകൊല്ലത്തെ എൻെറ ത്യാഗങ്ങളുടെ ആകത്തുകയായ 200 രൂപയിൽനിന്നു്, പെങ്ങളെ കെട്ടിച്ചയക്കാൻ വരനേക്കാൾ അത്യാവശ്യമായ ആ പച്ചനോട്ടുകളിൽനിന്നു്, ആ പറഞ്ഞ തുക ഈ മനുഷ്യൻ പണ്ടപ്പരപ്പുപറഞ്ഞു പററിച്ചെടുത്ത പുരാണം! ആശ്ചര്യവും ഭയവും കലർന്ന സ്വരത്തിൽ ഞാൻ പറഞ്ഞുപോയി: “ങേ!”

“അതെ, ഭവാനെ, അതെ ആ മർത്ത്യസന്തതിതന്നെയാണ് ഈയുള്ളവൻ.”

“എന്താ, പ്രത്യേകിച്ചു്?”

“ഓ, പ്രത്യേകിച്ചൊന്നുല്ല്യാ. എന്തായാലും നമുക്കു റൂമിലേക്കു പോകാം. നേരം അന്തിമയങ്ങാണു്.”

ഈ മനുഷ്യൻ വിടാനുള്ള ഭാവമല്ലെന്നെനിക്കു മനസ്സിലായി. ചുരുട്ടിപ്പിടിച്ച കുടയുമായി അയാൾ നടന്നുതുടങ്ങി ഞാനും അയാളെ അനുഗമിച്ചു. അല്ലാതെന്തുചെയ്യും?

അപ്പോഴും അടക്കിപ്പിടിച്ച നർമ്മഭാഷണങ്ങളും, നേരിയ പൊട്ടിച്ചിരികളും ബീച്ചിൻെറ ചില ഭാഗങ്ങളിൽനിന്നുയരുന്നുണ്ടു്. ഞങ്ങൾ മുന്നോട്ടുനീങ്ങി.


മെല്ലെ മെല്ലെ ഞങ്ങൾ മനോഹരമായ “മറീനാ കാൻടീ”നിനോടടുത്തു. “സ്വിമ്മിങ്ങ് പൂളും” “ബാൾ ഡാൻസും” മററുമായി ഭൗതികസുഖത്തിൻെറ പട്ടുമെത്ത വിരിച്ചൊരു സങ്കേതമാണതു്. ആഡംബരപൂർവ്വം വേഷംധരിച്ച സ്ത്രീപുരുഷന്മാർ ആ മഹോന്നതസൗധത്തിലേക്കങ്ങിനെ ഇടതടവില്ലാതെ പ്രവഹിക്കുകയാണ്. വെറുമൊരെൺപതു രൂപക്കാരനായ എന്നെപ്പോലുള്ളവക്കു് അങ്ങോട്ടൊന്നു കണ്ണയക്കാൻപോലും അർഹതയില്ലെന്നു് എനിക്കു നല്ലവണ്ണമറിയാം. എങ്കിലും, ഒരത്ഭുതം നടന്നു. ആ കാൻടീനിൻെറ ഉന്നതമായ ഗെയിററിനു മുൻപിലെത്തിയപ്പോൾ എൻെറ അസാധാരണനായ സ്നേഹിതൻ ക്ഷണിച്ചു “വരൂ! മിസ്റ്റർ, മറീനാ കാൻടീനിൽ കയറാതെ ബീച്ചിൽനിന്നു മടങ്ങുന്നതു ശരിയല്ല. വരൂ!”

പറഞ്ഞുതീരുന്നതിനു മുൻപു് അയാൾ ഗയ്ററിനുള്ളിൽ കടന്നുകഴിഞ്ഞു. ഈയുള്ളവനും ആ പടിക്കകത്തേക്കു കാലെടുത്തുവച്ചു; ജീവിതത്തിലാദ്യമായി, ഒരുപക്ഷെ അവസാനമായും.

ഓ! അന്നു ഞാനീയാൾക്കുചെയ്ത ഉപകാരത്തിനു് പ്രത്യുപകാരമനുഷ്ഠിക്കുവാൻ തുടങ്ങിയിരിക്കുകയാണ് പാവം, ആയിക്കോട്ടെ; അയാൾ കൃതാർത്ഥതയടയട്ടെ, അങ്ങനെ അയാളുടെ ഹൃദയം കുളിക്കട്ടെ. കൂടാതെ, വല്ലവരുടേയും ചിലവിൽ മറീനായിൽ കയറുന്നതു് 80 രൂപക്കാരനും നിഷിദ്ധമല്ലല്ലോ. ഞാൻ കരുതി.

ആവിപൊങ്ങുന്ന കാപ്പിയും, മാദകമായ ഗന്ധം പരത്തുന്ന റൊട്ടിയും ചാപ്സും പരിചാരകൻ ആദരപൂർവ്വം ഞങ്ങൾക്കു മുൻപിൽ കൊണ്ടുവന്നു വച്ചു. തികച്ചും ആഡംബരപൂര്‍ണ്ണമായൊരന്തരീക്ഷത്തിലിരുന്നു ആ ഭക്ഷ്യസാധനങ്ങൾ അകത്താക്കുമ്പോൾ, അനുഭവിക്കാൻ പാടില്ലാത്തതെന്തോ അനുഭവിക്കുമ്പോഴുള്ള ഒരു മനോവികാരമാണു് ഈയുള്ളവനനുഭവപ്പെട്ടതു്, കരളുതുറന്നു പറയുകയാണെങ്കിൽ.

For favours received




Excuse for delay
By E. K. C. Kulappuram

പ്ലെയിററു് കാലിയാക്കിയ ശേഷം എൻെറ സ്നേഹിതൻ എഴുന്നേററുകഴിഞ്ഞു. വെള്ളിക്കമ്പികൾ അണിനിരന്നുതുടങ്ങിയ കുററിമീശയും, ചുണ്ടും വിസ്തരിച്ചൊന്നു തുടച്ചുശേഷം അയാൾ ചോദിച്ചു:

“നമുക്കെറങ്ങാ”

“പിന്നെന്താ?”

അങ്ങിനെ ഞങ്ങൾ ബഹിർഗ്ഗമനദ്വാരത്തിലേക്കു നീങ്ങി. ഞാൻ മുന്നിലും, അയാൾ പിന്നിലുമായി.

കൗണ്ടറിന്നടുത്തെത്തിയപ്പോൾ ധൃതിയിൽ മുന്നോട്ടുനീങ്ങുന്ന എൻെറ പുറത്തു് എൻെറ സ്നേഹിതൻ കൈവച്ചു; വേദനിക്കത്തക്കശക്തിയിൽത്തന്നെ. ഞാൻ തിരിഞ്ഞുനിന്നു അയാളുടെ മുഖത്തേക്കു പകച്ചുനോക്കി. വെയ്ററർ കൊടുത്ത മഞ്ഞനിറത്തിലുള്ള ബിൽ എൻെറ നേർക്കു നീട്ടിക്കൊണ്ടു് അയാൾ പറഞ്ഞു: “ദാ, ആ കേഷിവിടെക്കൊടുക്കാം.”

ഞാൻ ഞെട്ടിത്തരിച്ചുപോയി! വിറയ്ക്കുന്ന കൈകളോടെ ബില്ലു വാങ്ങി ഞാനതിൽ സൂക്ഷിച്ചുനോക്കി. തെളിയുന്നില്ല. കണ്ണുകൾക്കു കാഴ്ച കുറഞ്ഞപോലെ. ഒടുവിൽ സൂക്ഷിച്ചു സൂക്ഷിച്ചുനോക്കിയപ്പോൾ മൂന്നുരൂപാ എന്നു തെളിഞ്ഞുകണ്ടു. സ്വല്പനേരം തരിച്ചുനിന്നശേഷം ഞാനെൻെറ കൊച്ചുപേഴ്സ് പുറത്തെടുത്തു. ആ മാസത്തെ ശമ്പളത്തിൽനിന്നു എണ്ണിച്ചുട്ടപ്പംപോലെ വീട്ടിലേക്കയക്കാൻ എടുത്തുവച്ചിരുന്ന 35 രൂപയിൽനിന്നു് മൂന്നുരൂപ ചോന്നുപോകാൻ തുടങ്ങുകയാണു്; പൈസകൊടുക്കാതെ മാനേജർ പുറത്തുവിടുമോ? അങ്ങിനെ, എൻെറ സ്നേഹിതൻ ആനറാഞ്ചൻകണ്ണുകളോടെ നോക്കിനില്ക്കെ ഞാൻ മൂന്നുരൂപ കൗണ്ടറിന്മേൽ വച്ചു. മാനേജർ ആ മൂന്നു നോട്ടുകൾ മേശയിലേക്കിട്ടപ്പോൾ ഒരു മൂന്നുരൂപയുടെ “ട്രാജഡി” അവസാനിച്ചു. “ട്രാജഡി” എന്നു പറഞ്ഞപ്പോൾ നിങ്ങളുടെ നെററിത്തടം ചുളിഞ്ഞുപോകുന്നോ? വേണ്ട, സംശയിക്കാനൊന്നുമില്ല, അതൊരു “ട്രാജഡി”തന്നെയായിരുന്നു. ദരിദ്രമായ നാലഞ്ചുജീവിതങ്ങൾ തൂങ്ങിനില്ക്കുന്ന നേരിയ ഒരു മുടിനാരിഴയുടെ ഭാഗമായ ആ മൂന്നുരൂപയുടെ മരണം ഒരു “ട്രാജഡി”യല്ലേ? മാറത്തു കൈവച്ചുകൊണ്ടുത്തരം പറയൂ.

ഞങ്ങൾ റോഡിലിറങ്ങി നടന്നുതുടങ്ങി. സ്നേഹിതൻ എൻെറ പാർശ്വത്തിൽത്തന്നെയുണ്ടു്; ഇത്തിക്കണ്ണിയുടെ കറുത്തുനീണ്ടൊരു ചുള്ളിക്കമ്പുപോലെ. ഉയന്ന “സ്റ്റാററസ്സി”ലുള്ളവർ ഇങ്ങിനെ നടന്നുപോകുന്നതു ശരിയല്ലെന്നും, ഒരു ടാക്സിയോ, ഓട്ടോറിക്ഷയെങ്കിലുമോ വിളിക്കണമെന്നും എൻെറ സ്നേഹിതൻ ഉപദേശിക്കുകയുണ്ടായെങ്കിലും, ഗാന്ധിജിയുടേയും, വിനോബാജിയുടേയും ആദർശങ്ങളെപ്പററി ഒരു മൈതാനപ്രസംഗംതന്നെ നടത്തിക്കൊണ്ടു ഞാൻ ഇത്തിക്കണ്ണിയുടെ പ്രലോഭനങ്ങളിൽ നിന്നൊഴിഞ്ഞുമാറുകയാണുണ്ടായതു്.

അങ്ങിനെ ഞങ്ങൾ നടന്നുകൊണ്ടുതന്നെ എൻെറ ഇടുങ്ങിയ ഹോട്ടൽ മുറിയിലെത്തി.

ഹോട്ടലിലെ ടാപ്പിന്നടിയിൽ നിന്നുകൊണ്ടു് വിസ്തരിച്ചൊന്നു കുളിക്കണമെന്നായിരുന്നു, റൂമിൽ ചെന്നയുടനെ ഈയുള്ളവൻെറ അടങ്ങാത്ത അഭിലാഷം. പെട്ടിതുറന്നു് സോപ്പ്ഡിഷും മററുമെടുത്തശേഷം ഞാൻ ടാപ്പിന്നരികിലേക്കോടി. പക്ഷെ ഒരു തെററു പററിപ്പോയി; പെട്ടി പൂട്ടാതെയാണു് ഞാൻ കുളിക്കാനിറങ്ങിയതു്. കുളികഴിഞ്ഞുമടങ്ങിവന്നപ്പോൾ മറെറാരു കഥയാണ് കണ്ടതു്. ഈറൻ ടവ്വലും പുതച്ചുകൊണ്ടു് ഞാൻ അകത്തുകടന്നപ്പോൾ എൻെറ സ്നേഹിതൻ എന്തോ ചവച്ചുകൊണ്ടിരിക്കുകയാണ്. അയാൾ ചോദിച്ചു: “അവല് വളരെ നന്നായിരിക്കുന്നു. നാട്ടിൽനിന്നു കൊണ്ടുവന്നതായിരിക്കും അല്ലേ?”

എനിക്കു മറുപടി പറയാൻ കഴിഞ്ഞില്ലെങ്കിലും ഒന്നു ചിരിക്കാനെങ്കിലും ഞാൻ ശ്രമിച്ചുനോക്കി. എനിക്കു സാധിച്ചില്ല. ഞാൻ പരാജയപ്പെടുകയാണുണ്ടായതു് ആ ശ്രമത്തിൽ.

മടിക്കുത്തുനിറയെ അവൽ വാരിയിട്ടിരിക്കുകയാണ് ആ മനുഷ്യൻ. പെട്ടി തുറന്നപാടേ കിടക്കുന്നു. അതിൽ, അമ്മ നാട്ടിൽനിന്നു കൊടുത്തയച്ച അവലിൻെറ ടിൻ തുറന്നുതന്നെ കിടക്കുന്നുണ്ടു്. എൻെറ പെട്ടിയെല്ലാം വിസ്തരിച്ചൊരു പരിശോധന കഴിച്ചിരിക്കുകയാണു ഇത്തിക്കണ്ണിയെന്നു് എനിക്കു പകൽപോലെ മനസ്സിലായി. ഒരു പരാജയഭാവത്തോടെ ഞാൻ പെട്ടി അടച്ചുപൂട്ടുമ്പോൾ വിജയഭാവത്തിലൊരു പുഞ്ചിരിയോടുകൂടി അവൽ ചവച്ചിറക്കുകയായിരുന്നു എൻെറ സ്നേഹിതൻ.

അസാധാരണനായ എൻെറ സ്നേഹിതനെന്താണ് കിടക്കാൻ കൊടുക്കുകയെന്ന പ്രശ്നവുമായി മൽപ്പിടുത്തം നടത്തിക്കൊണ്ടിരിക്കുമ്പോഴാണു് ഇത്തിക്കണ്ണിയുടെ അടുത്ത ആക്രമണമുണ്ടായതു്. എൻെറ കൊച്ചു കേംപ്കോട്ടിന്മേൽ പതിഞ്ഞുകിടക്കുന്ന എൻെറ ബെഡ്ഡിങ്ങ് ആ മനുഷ്യൻ യാതൊ

ഒരു സങ്കോചവുമില്ലാതെ എടുത്തു നിവർത്തി. അതിലൊരു കൊച്ചു കോസടിയും രണ്ടു തലയിണയും ഒരു ഷീറ്റും മാത്രമേ ഉണ്ടായിരുന്നുള്ളു. അയാൾ കോസടിയും ഒരു തലയിണയും എടുത്തു നിലത്തുവിരിച്ചിട്ടു. ആ മനുഷ്യൻ അതിൽ ചടഞ്ഞിരുന്നിട്ട് യാതൊന്നും സംഭവിക്കാത്തമട്ടിൽ ഒന്നു ചിരിച്ചുകൊണ്ട് മൊഴിഞ്ഞു: "നിങ്ങളെല്ലാം ചെറുപ്പക്കാരല്ലെ, അതൊക്കെ മതി. എനിക്കൊരു കോസടിയെങ്കിലുമില്ലാതെ കഴിച്ചുകൂട്ടാൻ വിഷമാ" കേംപ്കോട്ടിന്മേൽ ചുളിഞ്ഞുകിടക്കുന്ന ഷീറ്റും തലയിണയും ചൂണ്ടിക്കാട്ടിക്കൊണ്ടാണ് അയാളതുപറഞ്ഞതു്. പറഞ്ഞുതീരേണ്ട താമസം, അയാൾ വെട്ടിയിട്ടതടിപോലെ കോസടിയിൽ മലന്നുകിടന്നു.

ആ കൊച്ചു കോസടിയില്ലെങ്കിൽ ഉറക്കംതന്നെ വരുകയില്ല എന്നതാണ് എന്റെ സ്ഥിതി. അതിന്റെ പച്ചയും ചുകപ്പും ഇടകലർന്ന നിറവും, പ്രത്യേകമായ ഒരു മണവും എനിക്കൊരുറക്കമരുന്നാണ്. എന്റെ ആ "ഏത്രയും പ്രിയപ്പെട്ട" കോസടിയാണ് ഇത്തിക്കണ്ണി ആക്രമിച്ചെടുത്തിരിക്കുന്നതു്. എനിക്കു അടങ്ങാത്ത സങ്കടം തോന്നി. പൊട്ടിക്കരയണമെന്നുതന്നെ തോന്നിപ്പോയി. എങ്കിലും ആണായിപ്പോയില്ലെ. ആണു കരഞ്ഞാൽ...?!

നിസ്സഹായനായ ഞാൻ ഷീറ്റിൽത്തന്നെ ചുരുണ്ടുകൂടി. ലൈറ്റണച്ച് നിമിഷങ്ങളനേകം കഴിഞ്ഞിട്ടും ഉറക്കത്തിന്റെ ലക്ഷണംതന്നെയില്ല. നഷ്ടപ്പെട്ട കോസടിക്കുവേണ്ടി ഹൃദയം പൊട്ടിപ്പൊട്ടി കരയുകയാണ്. അങ്ങിനെ, ഞാനൊരു കാളരാത്രിയുടെ നീണ്ടനിമിഷങ്ങൾ പിന്നിട്ടുകൊണ്ടിരിക്കെ എന്റെ സ്നേഹിതന്റെ കൂർക്കംവലി ആ കൊച്ചുമുറിയെ ഒന്നാകെ വിറകൊള്ളിക്കുകയായിരുന്നു.

ഖുർ...ഖുർ ......ഖു...ർർ......ഖുർ......ർ

പറന്നുവന്നൊരിത്തിക്കണ്ണിയിൽനിന്നു് എന്തൊരു ഭീകരസ്വരമുണരുന്നതു്! ഓ, എനിക്കു പേടിയാകുന്നു.

—o—

(12-ാംപേജ് തുടർച്ച)

കയെടുക്കണം. തൂലികയെ തൂലികകൊണ്ടും, അധമസാഹിത്യത്തെ സൽസാഹിത്യംകൊണ്ടും എതിർക്കണം. സാഹിത്യകാരന്മാർ നമുക്കില്ലാതില്ല. പക്ഷെ, അവരെ പ്രോത്സാഹിപ്പിക്കുന്നതിനും, അവരുടെ ഗ്രന്ഥങ്ങൾ വേണ്ടവണ്ണം പ്രസിദ്ധീകരിക്കുന്നതിനും, സാധാരണക്കാർക്കുപോലും അവ വായിക്കത്തക്കരീതിയിൽ സൗകര്യപ്പെടുത്തുന്നതിനും വേണ്ട സഹായസഹകരണങ്ങൾ ചെയ്യുവാൻ ആരും മുന്നോട്ടുവരുന്നില്ല. ഈ കെടുതിയാണ് നമ്മുടെ സമുദായം പൊതുവെ അനുഭവിക്കുന്നതു്.

അതുകൊണ്ടു് നാം സുസംഘടിതമായ നേതൃത്വത്തിൽ സാഹിത്യപ്രവർത്തകസഹകരണസംഘംപോലുള്ള കത്തോലിക്കാസ്ഥാപനങ്ങൾ സൃഷ്ടിക്കണം. പലപല പദ്ധതികൾക്കായി നാം വമ്പിച്ച തുകകൾ ചിലവാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. അതുപോലെതന്നെ ഇതിലേക്കായി ഒരു വക നാം നീക്കിവയ്ക്കുകയും കത്തോലിക്കാവായനശാലകളേയും ഗ്രന്ഥവിതരണ ഏജൻസികളേയും സഹായിച്ച് അവയെ പോഷിപ്പിക്കയും ചെയ്യണം. പ്രകാരാന്തരേണ അതു നമ്മുടെ സാഹിത്യകാരന്മാർക്കു പ്രോത്സാഹനമാകാതിരിക്കയില്ലല്ലോ. അങ്ങനെ ഓരോ ഇടവകയിലും ഓരോ വായനശാലയെങ്കിലും ഉടലെടുക്കട്ടെ! നല്ലനല്ല ഗ്രന്ഥങ്ങൾ എല്ലാവരും വായിക്കുന്നതിനു സൗകര്യപ്പെടട്ടെ! കത്തോലിക്കരുടെ മേൽ വാരിയെറിയപ്പെടുന്ന ചെളിക്കട്ടകൾ അവരുടെ മേൽതന്നെ മറിഞ്ഞുകൊള്ളുന്നതു അപ്പോൾ കാണാം. സത്യപ്രകാശത്തിന്റെ മുമ്പിൽ അസത്യത്തിന്റെ മൂടുപടം താനെ തിരോഭവിക്കും.

ഈദൃശമായ ഒരു നല്ല നാളെ ഉദയംചെയ്യുമെന്നുതന്നെ നമുക്കു വിശ്വസിക്കാം. അതിലേക്കുവേണ്ട കരുത്തുള്ള തൂലികകൾ ഉണ്ടാകേണ്ടതു് എവിടെനിന്നാണ്? തീർച്ചയായും ഭാവിപൗരന്മാരായ നമ്മളിൽനിന്നുതന്നെ. ആകയാൽ ഇന്നേ നാം അതിനുവേണ്ട പരിശീലനം സമ്പാദിക്കണം. അതാണ് നമ്മുടെ ബാലപംക്തിയുടെ ഒരു പ്രധാനലക്ഷ്യം. നല്ലനല്ല ചെറുകഥാകൃത്തുകളേയും ലേഖകന്മാരേയും നിരൂപകന്മാരേയും രൂപപ്പെടുത്തുന്നതിനാണ് അതിന്റെ പ്രവർത്തകന്മാർ എല്ലാ സൗകര്യങ്ങളും പ്രോത്സാഹനങ്ങളും നൽകിക്കൊണ്ടിരിക്കുന്നതു്. ആത്മാർത്ഥമായി നാം ഈ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ സൽസാഹിത്യംവഴി വിശേഷാത്തരമായ ഒരു സേവനം ലോകത്തിനു ചെയ്യുവാൻ നമുക്കു കഴിയും.

---

(11-ാംപേജ് തുടർച്ച)

കെട്ടും."—മാങ്കാവിലച്ചന്റെ നിറഞ്ഞ കഴിവിൽ അവർ അഭിമാനം കൊണ്ടു.

പ്രജകളുടെ പിതാവെന്നു പ്രസിദ്ധിപെറ്റ ശ്രീമൂലംതിരുനാൾ രാജർഷി തിരുമനസ്സുകൊണ്ടു് "മഹാമുനി"യെന്നു സംബോധന ചെയ്താദരിച്ചിരുന്ന—കേരളക്രൈസ്തവസഭാചരിത്രത്തിൽ തങ്കലിപികളാൽ അദ്ധ്യായങ്ങളെഴുതിച്ചേർത്ത— പുനരൈക്യമഹാസംഭവത്തെ സംസൃഷ്ടമാക്കിത്തീർത്ത മഹർഷിശ്രേഷ്ഠൻ—സ്വർഗ്ഗംപൂകിയ പരമഹംസൻ—രണ്ടാമത്തെ




സെൻറ് സേവ്യർ—അതിസംപൂജ്യനായ ബെൻസിഗർ തിരുമേനി, പുത്തൻകൂറുക്രിസ്ത്യാനികളുടെ പുനരൈക്യമാനസാന്തരപ്രവർത്തനത്തിനു തിരഞ്ഞെടുത്തു നിയോഗിക്കപ്പെട്ട മിഷനറിപ്രവരനായിരുന്നു, പിന്നീടു കോട്ടാർരൂപതയുടെ പ്രഥമ ഏതദ്ദേശീയമെത്രാനായി ഉയർത്തപ്പെട്ട, കറ്റാനത്തിനടുത്തുള്ള കായംകുളം സ്വദേശിയായ ഫാദർ ലോറൻസു പെരേര.

ഫാദർ ലോറൻസു പെരേരാ—പെരേരാ അച്ചൻ—ഭാണ്ഡംകെട്ടിയില്ല. പിൻതിരിഞ്ഞോടിയില്ല. കറ്റാനം, ചാരുംമൂടു്, ശൂരനാടു്, കടമ്പനാടു്, പെരിങ്ങനാടു്, പുത്തൻപീടിക മുതലായ സ്ഥലങ്ങളിൽ അന്നുതന്നെ ഉയർന്നു്, ഇന്നും വിജയോദ്ഘോഷം ചെയ്തു വിരാജിക്കുന്ന മനോഹരദേവാലയങ്ങൾ അതിനു തെളിവുകളാണ്.

മഹാനായ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു സജീവമായ ഒരു ഭാഗഭാഗിത്വം ഡോ. ലാറൻസു പെരേരാ തിരുമേനിക്കുണ്ടായിരുന്നുവെന്നുള്ളതുതന്നെയും ഒരു ചരിത്രസത്യമാണ്.

മലങ്കരയാക്കോബായ സഭയിൽ മാങ്കാവിലച്ചന്മാർക്കു സമ്മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നുവെന്നുള്ളതിൽ ആരും എതിർക്കുമെന്നു തോന്നുന്നില്ല. മഹാ ബുദ്ധിമാനും അഗാധപണ്ഡിതനുമെന്നു് ജനസമ്മതിയാർജ്ജിച്ച ബ: വലിയച്ചനും; അദ്ദേഹത്തിന്റെ ഇളയ സഹോദരൻ, ഒരു നല്ല വിദ്യാഭ്യാസപ്രവർത്തകനും ഉല്പതിഷ്ണുക്കളിൽ ഉല്പതിഷ്ണുവും പരോപകാരനിരതനുമായിരുന്ന ബ: കൊച്ചച്ചനും മറ്റനേകം സമർത്ഥന്മാരും പരമാവധി പരിശ്രമിച്ചു റോമ്മാസഭ ഈ മണ്ണിൽ മുളയെടുക്കാതിരിക്കാൻ!

എന്താണു സംഭവിച്ചതു്? യാതൊന്നു ഇവിടെ മുളയെടുക്കരുതെന്നു അവരെല്ലാം ആഗ്രഹിച്ചുവോ, ആ റോമ്മൻകത്തോലിക്കാസഭ ഇവിടെവിടേയും ശാഖകൾനീട്ടി. തണലേകി. കുളിർകാറ്റു വീശുന്നു. സൗരഭ്യം പരത്തുന്നു. മധുരഫലങ്ങളേകുന്നു.

ഏറ്റമധികം എതിർത്ത, ബ: മാങ്കാവിലച്ചന്മാരും അനേകം അത്മേനികളും ഒരുമിച്ച് തിരുസഭാമാതാവിന്റെ അങ്കതലത്തിൽ—റോമ്മാസഭയിൽ—അഭയം തേടി. മാർ ഈവായിയോസ് തിരുമനസ്സിലെ സന്നിധിയിൽ സത്യപ്രതിജ്ഞചെയ്തു. കറ്റാനത്തെ വിദ്യാസമ്പന്നരായ ഒരു നല്ല കൂട്ടത്തോടുകൂടി.

മാങ്കാവിലെ വലിയച്ചൻ റോമ്മാക്കാരന്റെ തെക്കേപ്പള്ളിയുടെ മുമ്പിൽ വടക്കുവശം പന്തലിട്ടു് എതിർപ്രസംഗംചെയ്തു. മാങ്കാവിലച്ചന്റേയും മറ്റും പുനരൈക്യത്തിൽ ഇളക്കംകൊണ്ട കറ്റാനം യാക്കോബായജനത, റോമ്മാക്കാരന്റെ വടക്കേപള്ളിയുടെ മുൻപിൽ തെക്കുവശം യാക്കോബായപള്ളിയങ്കണത്തിൽ പന്തലിട്ടു. ഒരു യാക്കോബായ തിരുമേനി എതിർപ്രസംഗം ആരംഭിച്ചതുതന്നെ, "കറ്റാനം റോമ്മാക്കാരനു പറ്റിയ താവളം" എന്ന മുഖവുരയോടുകൂടിയായിരുന്നു. പരമകാരുണികനായ ദൈവം എല്ലാടവും പറ്റിയ താവളമൊരുക്കിക്കൊണ്ടേയിരിക്കുന്നു. കല്ലറാഞ്ചിയേതു്? തള്ളക്കോഴിയേതു്? സത്യത്തിന്റെ വെളിച്ചത്തിലൂടെ നോക്കുമോ? സത്യം ജയിക്കും.

# ചോദിച്ചാൽ പറയാം

18. ചോ: ഈശ്വരൻ പരമകാരുണികനായിരിക്കെ പാപികളെ ശിക്ഷിക്കുമെന്നു ഭയപ്പെടുന്നതു് എന്തുകൊണ്ടാണ്?

(എം. ഐ. എം. അയ്മനം)

ഉ: ഈശ്വരൻ പരമകാരുണികനായിരിക്കുന്നതുപോലെതന്നെ പരമനീതിജ്ഞനും ആയിരിക്കുന്നു. കുറ്റം ചെയ്യുന്നവരെയും കുറ്റം ചെയ്യാത്തവരെയും ഒന്നുപോലെ പരിഗണിക്കുന്നപക്ഷം അവിടുന്നു നീതിജ്ഞനാണെന്നു് എങ്ങനെ പറയുവാൻ സാധിക്കും? ഈശ്വരൻ പാപികളെ ശിക്ഷിക്കുമെന്നു് ആരും ഭയപ്പെടുത്തുന്നില്ല.പാപത്തിന്റെഫലം ശിക്ഷയായിരിക്കുമെന്നു പറയുന്നതേയുള്ളു. അതു് ഒരു വസ്തുതാകഥനമാണ്. പാപം ചെയ്യുന്നതിനു മുൻപുതന്നെ ആയാൾക്കു അറിയാവുന്ന ഒരു പരമാർത്ഥവുമാണതു്. അതിനാൽ ശിക്ഷ ഉണ്ടെന്നു പറയുന്നതു് പാപികളെ ഭയപ്പെടുത്തുകയല്ല; അവരുടെ യഥാർത്ഥനില വിശദീകരിച്ചു കൊടുക്കുകമാത്രമാണ്. ദൈവം മനുഷ്യനു ഇച്ഛാസ്വാതന്ത്ര്യം നൽകിയിട്ടുണ്ടു്. നന്മ ചെയ്താൽ പ്രതിഫലം ലഭിക്കുമെന്നും, തിന്മ പ്രവർത്തിച്ചാൽ ശിക്ഷയായിരിക്കും ഫലമെന്നും ദൈവം വെളിപ്പെടുത്തിയിട്ടുണ്ടു്. ഇച്ഛാശക്തിയുള്ള മനുഷ്യൻ മനഃപൂർവ്വം തിന്മചെയ്യുമ്പോൾ, അവനെ ശിക്ഷിക്കുന്നതു ദൈവത്തിന്റെ കരുണയ്ക്കു് എതിരായിരിക്കുന്നില്ലെന്നു മാത്രമല്ല, നീതിക്കനുരൂപമായിരിക്കുകയും ചെയ്യുന്നു,

19 ചോ: ഈശ്വരൻ സൃഷ്ടിച്ച ഈ ലോകത്തിലെ നന്മകൾക്കും തിന്മകൾക്കും ഈശ്വരൻതന്നെയല്ലേ ഉത്തരവാദി?

(എം. ഐ. എം. അയ്മനം)

ഉ: അല്ല. തിന്മയെന്നു പറയുന്നതു നന്മയുടെ കേവലമായ അഭാവമല്ല; നന്മയുടെ നിഷേധം കൂടിയാകുന്നു. "ഉണ്ടായിരിക്കേണ്ട എന്തെങ്കിലും നന്മയുടെ അഭാവം" എന്നാണു വിശുദ്ധ തോമസ് അക്വിനാസ് പ്രസ്താവിക്കുന്നതു്. കാഴ്ചയുടെ അഭാവമാണ് അന്ധത; ആരോഗ്യത്തിന്റെ അഭാവമാണ് രോഗാതുരത. ദൈവനിയമത്തിനു് എതിരായുള്ള മനുഷ്യന്റെ ചിന്തയോ, വാക്കോ, പ്രവൃത്തിയോ ആണ് പാപം. തിന്മ ഒരു "അഭാവമായിരിക്കുന്നതിനാൽ, ഭാവപരമായ ഒരു സൃഷ്ടിപ്രവൃത്തിയായി അതിനെ കണക്കാക്കാവുന്നതല്ല. ആകയാൽ തിന്മയുടെ കാരണം ദൈവമാണെന്നു പറയുന്നതു ശരിയായിരിക്കയില്ല. "ആകാശത്തിലുള്ള സൂര്യൻ പ്രകാശം നൽകുന്നു; എന്നാൽ ഭൂമിയിൽ കാണുന്ന നിഴൽ പ്രകാശത്തിന്റെ അഭാവമാണ്. പ്രകാശരശ്മികളെ തടഞ്ഞുകൊണ്ടു വൃക്ഷമോ മറ്റു പ്രതിബന്ധങ്ങളോ ഇടയ്ക്കു വരുന്നതുകൊണ്ടാണു നിഴൽ ഉണ്ടാകുന്നതു്. അതുപോലെ അനന്തനന്മയായ ദൈവം നന്മയുടെ മാത്രം കാരണമായിരിക്കുന്നു; എവിടെ നന്മയുടെ അഭാവം (തിന്മ) ഉണ്ടാകുന്നുവോ, അവിടെ എന്തെങ്കിലും സൃഷ്ടവസ്തു—പലപ്പോഴും മനുഷ്യന്റെ ഇച്ഛാശക്തിയുടെ ദുരുപയോഗം—ഇടയിൽ വരുന്നതു കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതു്" (Dourney-Divine Providence P. 62) ആകയാൽ ലോകത്തിലെ തിന്മകൾക്കുത്തരവാദി ഈശ്വരനല്ല.

20. ചോ: പത്രോസിനു പരമാധികാരമുണ്ടോ? ഉണ്ടെന്നു വേദപുസ്തകംകൊണ്ടു തെളിയിക്കാമോ? (കെ എം. എ. ചിങ്ങവനം)

ഉ: പത്രോസിനു പരമാധികാരമുണ്ടു്. വേദപുസ്തകംതന്നെ അതിനു തെളിവാണ്. മൂന്നു വ്യത്യസ്തസന്ദർഭങ്ങളിൽ ക്രിസ്തുനാഥൻ പത്രോസിന്റെ പരമാധികാരത്തെപ്പററി പ്രസ്താവിക്കുന്നുണ്ടു്. വിശുദ്ധ പത്രോസ് ക്രിസ്തുവിന്റെ ദൈവത്വം ഏറ്റുപറഞ്ഞതിനെത്തുടർന്നു അവിടുന്നു അരുളിച്ചെയ്കയുണ്ടായി: "യോനായുടെ പുത്രനായ ശെമയോനെ...... നീ കേപ്പായാകുന്നു; ഈ കേപ്പായിന്മേൽ എന്റെ പള്ളി ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും." (മത്തായി XVI 17—19)

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്,
താരൻ, മുഖക്കുരു
മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

ക്രിസ്തുവിന്റെ പള്ളിയുടെ അടിത്തറയായിരിക്കുന്നതും, നരകവാതിലുകളാൽ ജയിക്കപ്പെടാത്തതുമായ പാറ വിശുദ്ധ പത്രോസാണല്ലോ. ആ പത്രോസിനുതന്നെയാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നൽകപ്പെട്ടിരിക്കുന്നതു്. താക്കോൽ പരമാധികാരത്തെയാണു സൂചിപ്പിക്കുന്നതു്. താക്കോൽ കൈവശമുള്ള ആളിന്റെ അനുവാദംകൂടാതെ ഒരാൾക്കു് അകത്തേക്കു കയറുന്നതിനോ, പുറത്തേക്കു ഇറങ്ങുന്നതിനോ സാദ്ധ്യമല്ല. ഒരു വീടിന്റേയൊ, നഗരത്തിന്റേയൊ അധികാരം മറ്റൊരാൾക്കു ഏല്പിച്ചുകൊടുക്കുമ്പോൾ ഇന്നും പൗരസ്ത്യദിക്കുകളിൽ ആ ഏല്പിക്കലിന്റെ ചിഹ്നം താക്കോലാണ്. പത്രോസ് ഭൂമിയിൽ കെട്ടുന്നതൊക്കെ സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കുമെന്നു ക്രിസ്തു ഉറപ്പുനൽകുന്നു. ഇവിടെ യാതൊന്നിനേയും ഒഴിവാക്കാതെയാണ് ക്രിസ്തു സംസാരിക്കുന്നതു്. തന്മൂലം ഭൂമിയിൽ എന്ന പദത്തിൽ സമസ്തവും—മറ്റു് അപ്പസ്തോലന്മാരും—ഉൾപ്പെടുന്നു. ഇതു പത്രോസിന്റെ പരമാധികാരത്തെയാണല്ലോ വ്യക്തമാക്കുന്നതു്.

തന്റെ കുരിശു മരണത്തിന്റെ തലേരാത്രി ക്രിസ്തുനാഥൻ വിശുദ്ധ പത്രോസിനോടു പറഞ്ഞു: "ശിമയോനെ, ഇതാ സാത്താൻ നിങ്ങളെ കോതമ്പുകൾ എന്നപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാനോ, നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിന്നെക്കുറിച്ചു പ്രാർത്ഥിച്ചു. നീയും ഒരിക്കൽ നിന്റെ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക" (ലൂക്കാ XXII 31—32). സാത്താൻ പന്ത്രണ്ടു് അപ്പസ്തോലന്മാരേയും കോതമ്പുകൾ എന്നപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നുണ്ടു്. നിങ്ങൾ എന്ന ബഹുവചനപ്രയോഗം നോക്കുക. എന്നാൽ ക്രിസ്തു പത്രോസിനുവേണ്ടി മാത്രമേ പ്രാർത്ഥിക്കുന്നുള്ളു. അതോ, വിശുദ്ധ പത്രോസും തന്റെ സഹോദരന്മാരെ ഉറപ്പിക്കുന്നതിനുവേണ്ടി. സഭയുടെ അടിസ്ഥാനമായ പാറ പത്രോസാണെന്ന വാദത്തെ സ്ഥിരീകരിക്കുന്ന ഒരു പ്രസ്താവനയാണിതു്. ബെൻജൽ എന്ന പ്രോട്ടസ്റ്റൻറുപണ്ഡിതൻ എഴുതുന്നു: "ആരുടെ നാശം എല്ലാവരുടേയും നാശമായിരിക്കുമായിരുന്നോ, ആ പത്രോസിനെ കാത്തുരക്ഷിച്ചുകൊണ്ടു് ക്രിസ്തു എല്ലാവരേയും കാത്തുരക്ഷിച്ചു. നമ്മുടെ കർത്താവിന്റെ ഈ പ്രസംഗം മുഴുവൻ, പത്രോസ് അപ്പസ്തോലന്മാരിൽ പ്രധാനിയാണെന്നതിനെ ആധാരമാക്കിയാണ്. ആയാളുടെ സ്ഥിരതയേയൊ പതനത്തേയൊ ആണ് മറ്റുള്ളവരുടെ കുറഞ്ഞതോ കൂടിയതോ ആയ ആപത്തു് ആശ്രയിച്ചിരുന്നതു്". (Bengel-egnomon, 302)

ക്രിസ്തു പത്രോസിനു പരമാധികാരം പ്രദാനംചെയ്ത മൂന്നാമത്തെ ഘട്ടം പുനരുത്ഥാനത്തിനുശേഷമുള്ളതാണ്. വിശുദ്ധ യോഹന്നാൻ ആ ഭാഗം ഇങ്ങനെ വിവരിച്ചിരിക്കുന്നു: "ഈശോ ശിമയോൻ കേപ്പായോടു്, യോനായുടെ പുത്രനായ ശിമയോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അവൻ അവനോടു്, എന്റെ കർത്താവേ, ഉവ്വ്, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ എന്നു പറയുന്നു. അവൻ അവനോടു അരുളിച്ചെയ്യുന്നു: എന്റെ കുഞ്ഞാടുകളെ എനിക്കായി നീ മേയ്ക്കുക. അവൻ രണ്ടാംപ്രാവശ്യം വീണ്ടും അവനോടു്: യോനായുടെ പുത്രനായ ശിമയോനെ

(ശേഷം 4-ാംപേജിൽ)

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 19
## സംശയാധീനസമരം

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)

ഉന്നതാചാര്യനുമായുണ്ടായ സംഭാഷണത്തിനുശേഷം ക്രീഡാരംഗത്തിലെ പ്രധാനസംഭവം ബറാബാസും ജരാജീർണ്ണനായ സിംഹവും തമ്മിലുള്ള സമരമായിരിക്കണമെന്നു് പീലാത്തോസ് മുമ്പിലത്തേതിലുമധികം താല്പര്യപ്പെട്ടു. അന്നാസിൻെറ ഭീഷണി അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ അദ്ദേഹത്തിനു സ്വല്പം കുലുക്കമുണ്ടായെങ്കിലും പുരോഹിതന്മാരുടെ അടവുകൾ തനിക്കു നല്ലവണ്ണം മനസ്സിലായിയെന്നവരെ ധരിപ്പിക്കുവാൻ പ്രൊക്കുറയിറർക്കു കുതുകം വർദ്ധിച്ചുകൊണ്ടിരുന്നു. ബറാബാസും പുരോഹിതന്മാരും തമ്മിലുണ്ടായിരുന്ന ബന്ധത്തിൻെറ രൂപം അന്നാസ് നൽകിയതു് ആ കിഴവൻെറ തല്ക്കാലസൃഷ്ടിയായിരുന്നുവെന്നും ഭൂരിപക്ഷം പുരോഹിതന്മാരും ബറാബാസിനെ ബന്ധനത്തിലാക്കുന്നതുവരെ അവരുടെ ശരണം മുഴുവനും ആ സാഹസികനിൽ നിക്ഷേപിച്ചിരുന്നുവെന്നും പീലാത്തോസ് ഓർമ്മിക്കാതിരുന്നില്ല. ഒരു വിപ്ലവനേതാവെന്ന നിലയിൽ യൂദാബെൻയാക്കോബ്ബ് യഹൂദസമുദായത്തിനു ഗുണകാരിയാകുകയില്ലെന്നു് പൊതുജനങ്ങളെ വിശ്വസിപ്പിക്കത്തക്കവിധം മക്കാബ്യൻെറ പൗത്രനെ അവജ്ഞാപാത്രമാക്കേണമെന്നും പീലാത്തോസുറച്ചു. ബറാബാസിൻെറ ശരീരരക്ഷയിൽ വേണ്ട ഉത്സാഹങ്ങൾ ചെയ്യണമെന്നു് ഗവർണ്ണർ സ്വന്തം സിക്രട്ടറി മാർക്കസിനെ ചുമതലപ്പെടുത്തിയിരുന്നുവല്ലോ. ഉന്നതാചാര്യനുമായി സന്ദർശനം കഴിഞ്ഞിട്ടു് പീലാത്തോസ് പ്രധാനശാലയിൽനിന്നിറങ്ങി കൊട്ടാരത്തിൻെറ പിൻവശത്തു ആൾപാർപ്പുണ്ടായിരുന്ന ഭാഗത്തേക്കു ചെന്നു. പ്രധാനശാലയിൽ വസന്തകാലത്തെ അടിച്ചുതളിപ്പിനായി ഗൃഹചേടന്മാർ എത്തിക്കഴിഞ്ഞിരുന്നു. ആപ്പീസിൽ ചെന്നയുടൻ പീലാത്തോസ് സിക്രട്ടറിയെ വിളിപ്പിച്ചു.

"ബറാബാസിൻെറ സ്ഥിതിയെന്താണു്?" മാർക്കസ് ആഗതനായയുടൻ പീലാത്തോസ് ചോദിച്ചു.

"ക്രീഡാരംഗത്തു അയാളുടെ അഭിനയം മോശമായിരിക്കുകയില്ലെന്നാണെനിക്കു തോന്നുന്നതു്. റോമായിൽനിന്നു അടുത്തദിവസം ഇവിടെ എത്തിയ യുവവൈദ്യൻ ഫ്ളാവിയസാണയാളെ ചികിത്സിക്കുന്നതു്. അയാൾ മുറിവുകൾ ശരിക്കു കഴുകിക്കെട്ടി ആരോഗ്യപ്രാപ്തിക്കുള്ള ഔഷധങ്ങൾ കൊടുക്കുന്നുണ്ടു്."

"കൊള്ളാം. ആ മനുഷ്യൻെറ പെരുമാററമെങ്ങനെ? സംസാരിക്കുന്നുണ്ടോ?"

"ഇല്ല. രക്ഷിവർഗ്ഗത്തോടുപോലും സംസാരിക്കുന്നില്ല. വൈദ്യൻെറ ചോദ്യങ്ങൾക്കുത്തരം നൽകുന്നുമില്ല. കൊടുക്കുന്നതൊക്കെ ഭക്ഷിക്കും. ധാരാളം ചെമ്പൻവീഞ്ഞു കുടിക്കുകയുംചെയ്യും. എത്രമാത്രമെങ്കിലും മദ്യം കൊടുക്കുവാൻ ഞാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്. ഉറക്കമില്ലാത്തപ്പോഴൊക്കെ ചിന്താമൂകനായി കഴിയുകയാണു്. ഇത്രയും ശരീരബലമുള്ള മറെറാരാളെ മുമ്പൊരിക്കലും കാണുവാൻ സാധിച്ചിട്ടില്ലെന്നാണു് ഫ്ളാവിയസ് പറയുന്നതു്."

പീലാത്തോസ് മന്ദഹസിച്ചു. മുറിയിലെ അർദ്ധപ്രകാശത്തിൽ അദ്ദേഹത്തിൻെറ കർക്കശമായ മുഖവും സംവൃതമായ അധരങ്ങളും വിളറി ക്രൗര്യംപ്രകടിപ്പിച്ചു. ക്രീഡാരംഗത്തു ഈ ബലിഷ്ഠകായനെ ഇറക്കുവാൻ സാധിക്കുമെന്ന വിചാരം ഭോഗാസക്തമായ ഒരാനന്ദം അദ്ദേഹത്തിൽ ഉളവാക്കി. ക്രീഡാരംഗത്തിലേക്കു ഏററം പററിയ ഒരു ശരീരസ്ഥിതിയിൽ ബറാബാസിനെ കാണുവാൻ താൻ ആഗ്രഹിക്കുന്നുവെന്നു് ഒരിക്കൽക്കൂടി മാർക്കസിനെ അനുസ്മരിപ്പിച്ചുകൊണ്ടു് പീലാത്തോസ് സിക്രട്ടറിയെ പറഞ്ഞയച്ചു.

പെരുങ്കള്ളനും കവർച്ചക്കാരനുമായ തന്നെ മററു തടവുകാരെ അപേക്ഷിച്ചു് കൂടുതൽ സ്നേഹാദരങ്ങളോടുകൂടി പരിരക്ഷിക്കുന്നതെന്തുകൊണ്ടെന്നു് ചിന്തിച്ചു സമയം കളയുവാൻ ബറാബാസ് തുനിഞ്ഞില്ല. വൃത്തിയും ചൂടുമുള്ള ഒരു ചെറുമുറിയിലായിരുന്നു ബറാബാസിനെ താമസിപ്പിച്ചിരുന്നതു്. എങ്കിലും പിൻവശത്തെ പാറക്കെട്ടോടു തന്നെ ബന്ധിച്ച ചങ്ങലകൾ മരണത്തിനു വിധിക്കപ്പെട്ട ഒരു കുററക്കാരനാണു താനെന്ന ബോധം ബറാബാസിനു സദാ നൽകിക്കൊണ്ടിരുന്നു.

ബറാബാസിനെ ബന്ധിച്ചിട്ടു ആറാംദിവസം ഭടന്മാർ അയാളുടെ വിലങ്ങൂരി. നികന്നുവന്ന അയാളുടെ മുറിവുകളെ റോമൻഭിഷക് പരിശോധിച്ചതിനുശേഷം ബറാബാസ് തടവുമുറിയിൽനിന്നു നീതനായി. കുററവിസ്താരത്തിനു കൊണ്ടുപോകുകയായിരുന്നുവെന്നാദ്യം അയാൾ ചിന്തിച്ചു. എന്നാൽ കൊട്ടാരത്തിലേക്കല്ലാ, അതിനുമകലെ നഗരമദ്ധ്യത്തിലേക്കാണു തന്നെ കൊണ്ടുപോകുന്നതെന്നു പിന്നീടയാൾക്കു മനസ്സിലായി. ആയുധധാരികളായ ഭടന്മാരുടെമദ്ധ്യേ തടവുകാരനെ നിറുത്തി നീങ്ങിയ ആ യാത്ര കാണുവാൻ തെരുവുകളിൽ ധാരാളം ആളുകൾ ഉണ്ടായിരുന്നില്ല. സന്ദർശകന്മാർ അധികം ഇല്ലാതിരിക്കുവാൻവേണ്ടിയായിരിക്കുമോ ഭടന്മാർ തന്നെ അതിരാവിലെ ഇറക്കിക്കൊണ്ടുപോകുന്നതു്? എവിടേക്കാണു് കൊണ്ടുപോകുന്നതു്? കുററവിസ്താരംകൂടാതെ അവർ തന്നെ വധിക്കുവാൻ തീരുമാനിച്ചുവോ? ഈ ചോദ്യങ്ങൾ ബറാബാസിൻെറ ഉള്ളിൽ പൊന്തിവന്നെങ്കിലും ഉത്തരങ്ങളെപ്പററി അയാൾ ഗൗനിച്ചില്ല.

വിസ്തൃത നഗരത്തിൻെറ കേന്ദ്രസ്ഥാനത്തു് യഹൂദജനത്തിൻെറ സംവർദ്ധിതമായ അമർഷം അഗണ്യമാക്കി റോമന്മാർ പണിയിച്ച ഓട്ടക്കളത്തിലേക്കു്, ക്രീഡാരംഗത്തിലേക്കാണു് ബറാബാസ് നീതനായതു്. അവിടെ ചുററും ഇരുമ്പുകമ്പികളിട്ടു സുരക്ഷിതമാക്കിയ ഒരു മുറി അയാൾക്കു നൽകപ്പെട്ടു. വന്യമൃഗങ്ങളോടു സമരം ചെയ്യേണ്ടവരായ കുററക്കാർക്കു നൽകുന്ന മുറികളിലൊന്നായിരുന്നു ഇതു്. സിംഹങ്ങളുടെ ഗർജ്ജനവും വലിയ കാട്ടുപൂച്ചകളുടെ ചീററലും തുപ്പുമെല്ലാം അവയുടെ ബന്ധനമുറികളിൽനിന്നു ബറാബാസിനു കേൾക്കാമായിരുന്നു. ഇവയൊന്നും അയാൾക്കു അസ്വാസ്ഥ്യംനൽകിയില്ല. അരണ്യത്തിൽ ജീവിച്ചിരുന്നപ്പോൾ ഇതിലും ഉഗ്രതരമായ ഗർജ്ജനങ്ങൾ അയാൾ കേട്ടിട്ടുണ്ടായിരുന്നു. മുറിയിൽ പ്രവേശിച്ചയുടൻ ബറാബാസിനെ ബന്ധിച്ചിരുന്ന ചങ്ങലകൾ മാററപ്പെട്ടു. അവയുടെ ആവശ്യം കഴിഞ്ഞതുകൊണ്ടും, രംഗത്തു പ്രവേശിക്കുന്നതിനുമുമ്പായി തടവുകാരൻെറ അവയവങ്ങൾക്കു ചലനസ്വാതന്ത്ര്യമുണ്ടാകട്ടെയെന്നു രക്ഷിവർഗ്ഗം നിശ്ചയിച്ചതുകൊണ്ടും അങ്ങനെ ചെയ്തതായിരിക്കാം. തടങ്കൽമുറിയുടെ തറയിൽ വയ്ക്കോൽ വിരിച്ചിരുന്നു. ക്ഷീണിച്ചു് അവശനായിരുന്ന ബറാബാസ് വയ്ക്കോലിന്മേൽ പെട്ടെന്നുതന്നെ കിടന്നു. മുറിയുടെ ഒരു മൂലയിൽ ഒരുപാത്രം വീഞ്ഞും കുറെ അപ്പവും വച്ചിട്ടു് ഭടന്മാർ ബലമേറിയ അന്താഴിട്ടു മുറി പൂട്ടിയിരുന്നു.

വന്യമൃഗങ്ങളുടെ ഗർജ്ജനങ്ങളോടൊന്നിച്ചു് ആടുമാടുകളുടെ കരച്ചിലും ബറാബാസിനു കേൾക്കാമായിരുന്നു. ദേവാലയത്തിൽ ബലിയർപ്പിക്കുന്നതിനായി നീതരായ ജന്തുക്കളായിരുന്നു അവ. പുറത്തു തെരുവിൽ, ശിലാസ്തരത്തിന്മീതെ ഉരുളുന്ന വണ്ടിച്ചക്രങ്ങളുടെ ക്വണിതവും സഞ്ചാരികളുടെ സംഭാഷണവും ബറാബാസിനു കേൾക്കുവാൻ കഴിഞ്ഞു.


പുറത്തും അകത്തുമുണ്ടായിരുന്ന ശബ്ദകോലാഹലം ബറാബാസ് വകവെച്ചില്ല. സ്വന്തം സ്ഥിതിയെപ്പററി അയാൾ ചിന്താധീനനായിരുന്നു. തൻെറ ആയുസ്സിവിടെവച്ചവസാനിക്കുമെന്നും ഒരു സിംഹത്തിൻെറ വായിൽപ്പെട്ടു താൻ മരിക്കുമെന്നും അയാൾ തീരുമാനിച്ചു. സിംഹദംഷ്ട്രാന്തർഗതമായ മരണത്തെപ്പററിയുള്ള ഭീതി അരണ്യത്തിൽവച്ചു് ബറാബാസ് പലപ്രാവശ്യം അനുഭവിച്ചിട്ടുള്ളതാണു്. മരണത്തെപ്പററി അയാൾക്കു ഭയം ഒരിക്കലും തോന്നിയിരുന്നില്ല മരണം സമീപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ അതിനെ ഭയപ്പെട്ടിട്ടെന്തു കാര്യം? അതെപ്പോഴെങ്കിലും ഒരിക്കൽ സംഭവിക്കേണ്ടതാണു്. സിംഹത്തെ എതിരിട്ടുള്ള മരണം പ്രൊക്കുറയിററർ ആജ്ഞാപിക്കാമായിരുന്ന ദണ്ഡനരീതി അനുസരിച്ചുള്ള മരണത്തെക്കാൾ ശീഘ്രതരംതന്നെ സംശയമില്ല.

ഏതായാലും ബറാബാസിനു മുമ്പൊരിക്കലും ഉണ്ടാകാതിരുന്ന ഒരു ചിന്ത അയാളെ ഇപ്പോൾ അലട്ടി. മരണാനന്തരം എന്തു സംഭവിക്കും? ആത്മാവിൻെറ അമരതയെ, നിത്യതയെ, നിഷേധിച്ച ഒരു യഹൂദവിഭാഗം, സാദ്ധുസ്സികൾ, ഉണ്ടായിരുന്ന സംഗതി ബറാബാസിനറിയാമായിരുന്നു. പീലാത്തോസിൻെറ സ്നേഹിതൻ അരിമത്യൻ ജോസഫും, ലാസറും ഈ വിഭാഗത്തിൽ പെട്ടവരായിരുന്നു. എന്നാൽ ഫരിസേയർ മനുഷ്യാത്മാവിനു മരണമില്ലെന്നും, ശരീരത്തിൻെറ മരണശേഷം ദൈവത്തിൻെറ ന്യായാസനസമക്ഷം ആത്മാവു് കണക്കു കൊടുക്കുന്നതിനായി വിളിക്കപ്പെടുമെന്നും പ്രഖ്യാപിച്ചു. ഫരിസേയർ തങ്ങളുടെ ബദ്ധവൈരിയായി കരുതുന്ന നസ്രായൻ ഈശോയുടെ ഉപദേശവും ഫരിസേയരുടേതിനോടു് ഏതാണ്ടു് യോജിച്ചിരുന്നതു് ബറാബാസിനു വിസ്മയമുളവാക്കി. ഒരുപക്ഷെ ഇതായിരിക്കാം ശരിയായ ഉപദേശം.

ഈ ഉപദേശം ശരിയാണെന്നുവന്നാൽ ദൈവത്തിൻെറ ന്യായാസനസമക്ഷം തൻെറ സ്ഥിതി, തൻെറ ആത്മാവിൻെറ സ്ഥിതി, വളരെ പരുങ്ങലിലാവുകയില്ലേ? ബറാബാസ് പ്രമാണങ്ങൾ അനുസരിച്ചല്ലാ ജീവിച്ചതെന്നയാൾക്കു് നല്ലവണ്ണം അറിയാമായിരുന്നു. അയാളുടെ ദൈവദൂഷണങ്ങൾക്കു് അയാളുടെ ആത്മാവു് കണക്കുകൊടുക്കണമെന്നു് വന്നാൽ തൻെറ ശരീരം സിംഹദംഷ്ട്രത്തിനിരയാകുന്നതിൽ ആയിരം മടങ്ങു് പീഡ സ്വാത്മാവു് സഹിക്കേണ്ടിവരുമെന്നു് അയാൾ ചിന്തിച്ചു.

അയാൾക്കെന്തെങ്കിലും സമാധാനം പറയുവാനുണ്ടോ? പ്രമാണങ്ങളുടെ കാര്യമാലോചിച്ചാൽ ഒരു മനുഷ്യനു് അവയെല്ലാം അനുസരിക്കുകസാദ്ധ്യമല്ലതന്നെ. അവയെ ശരിക്കു് മനസ്സിലാക്കുവാൻപോലും പല സംവത്സരങ്ങളിലെ പഠനം ആവശ്യമായിരുന്നു എന്നാൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന വളരെ വിശദമായ ഒരു പ്രമാണമുണ്ടു്. "കൊല്ലരുതു്" എന്നുമാത്രം. എന്നാൽ താൻ ഒരിക്കലല്ലാ, പത്തുപ്രാവശ്യമല്ലാ, ശതക്കണക്കിനു കൊല നടത്തിയിട്ടുണ്ടു്. താൻ ചിന്തിയ രക്തപ്പുഴയാകട്ടെ തൻെറ സമുദായത്തിൻെറ ശത്രുക്കളായ റോമന്മാരുടെ നിണംകൊണ്ടുമാത്രം ഉണ്ടായതല്ല. ഇനിയും കൊലമാത്രമോ? എന്തിനിങ്ങനെ ചിന്തിക്കുന്നു. ചിന്തിച്ചാൽ അറുതിയില്ലാ. കൂടാതെ ഈവക ചിന്തകൾക്കിടയിൽ ദൈവത്തിൻെറ ന്യായവിധിയെപ്പററിയുള്ള ഭീതി പൊങ്ങിവരികയും ചെയ്യും. മരിക്കുന്നതിനു മുമ്പു് കുറെയൊക്കെ ധൈര്യവും ചുണയും കാണിക്കണമെന്നുള്ള തൻെറ ഉദ്ദേശത്തിനു് ഈ വക ചിന്തകൾ പ്രതിബന്ധമാകുമെന്നുള്ളതും തീർച്ചയാണു്. ആകയാൽ ഒന്നിനുപിമ്പെ മറെറാന്നായി തുരുതുരെ കയറിവന്ന വിചാരങ്ങളെ ഇല്ലാതാക്കുവാൻ ബറാബാസ് ഉററു ശ്രമിച്ചു. ഫലിച്ചില്ലാ. അവ പിന്നെയും പിന്നെയും അയാളെ ആക്രമിക്കുകയാണു്. തൻെറ ചെവിയിൽ കേട്ട ഓരോ ശബ്ദവും വിധി, വിധി, വിധി എന്നിങ്ങനെ ഉരുവിട്ടുകൊണ്ടിരുന്നു.

ബറാബാസിൻെറ നെററിയിൽനിന്നു് സ്വേദബിന്ദുക്കൾ അടർന്നുവീണു. അയാൾ വീഞ്ഞിൻ പാത്രമെടുത്തു് അതിൽനിന്നു കുറെമോന്തി. ഇടവിടാതെ മുഴങ്ങിക്കൊണ്ടിരുന്ന ആ അന്തരംഗസ്വരം ഇതുകൊണ്ടും ശമിച്ചില്ലാ. താൻ വധിച്ചവരും തൻെറ അനുയായികൾ വധിച്ചവരുമായ ആ അസംഖ്യംപേരുടെ ഒരു വമ്പിച്ച ജാഥാ, അനർഗ്ഗളമായ മാനവമാല, ബറാബാസിൻെറ ദൃഷ്ടിപഥത്തിൽ നീങ്ങിക്കൊണ്ടിരുന്നു. ശബ്ദരഹിതമായി കുററാരോപണശരം ബറാബാസിൻെറമേൽ വർഷിച്ച ഇവരോടു യാതൊരു സമാധാനവും അയാൾക്കു പറയുവാനില്ലായിരുന്നു. മൃതരുടെ നിഷ്പ്രഭവും ഭയാനകവുമായിരുന്ന വദനങ്ങളിൽ പലതും ബാല്യം മുതൽക്കു് ബറാബാസിനു സുപരിചിതങ്ങളായിരുന്നു. ഒട്ടുവളരെ മുഖങ്ങൾ തിരിച്ചറിയുവാൻ കഴിഞ്ഞില്ലാ. സമരമദ്ധ്യേ ബറാബാസിനാൽ നിഹതരായിരുന്നു അവർ. (തുടരും)




# കല്ലാഞ്ചിയോ, തള്ളക്കോഴിയോ?

(ചാരുംമൂട്)

റോമാസഭ ഈ മണ്ണിൽ മുളയെടുക്കുമോ? അവർ വിഗ്രഹാരാധനക്കാരല്ലേ? കൊഴുക്കട്ടയിൽ തങ്കക്കാശുവച്ചുകൊടുത്തു് ആളെ പിടിക്കുവാനിറങ്ങിയിരിക്കുന്നു. വ്യാഗ്രഹികളല്ലാതെ റോമ്മാക്കാരൻെറ പിറകെ ആരുപോകും? കെണി! കെണി!! കെണി വച്ചു കാത്തിരിക്കുന്നു. സൂക്ഷിക്കണം! കല്ലറാഞ്ചിയാണു വന്നിരിക്കുന്നതു്. കോഴിക്കുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടുപോകാൻ ..." ആ പ്രസംഗം അങ്ങനെ നീളുകയാണു്.

ഏതാണ്ടു് നാല്പതു വർഷത്തിനു മുമ്പാണതു്. കായംകുളം പുനലൂർ റോഡിൽ അഞ്ചാം മൈൽ. റോഡിനു തെക്കുവശം ഒരു റോമ്മാക്കാരൻ പാദ്രി കുറച്ചു സ്ഥലം വാങ്ങിച്ചു. ഒരു ചെറിയ ചാപ്പലും, താമസത്തിനൊരു വീടും പണികഴിപ്പിച്ചു. ഒരു പെരേരാ അച്ചൻ!

പെരേരാ അച്ചൻെറ ഈ നുഴഞ്ഞുകയററം ഇന്നാട്ടിലെ പുത്തൻകൂറിനു പററിയതല്ലെന്നു് കററാനംയാക്കോബായ പള്ളിവികാരി, സൂക്ഷ്മദൃക്കായ മാങ്കാവിലെ ബ. വലിയച്ചൻ കണ്ടു. ഇടവകപ്രമാണികളും മററുമായ ഏതാനും പ്രമുഖ വ്യക്തികളുടെ ഒരടിയന്തിരയോഗം വിളിച്ചുകൂട്ടി. കാര്യാലോചന നടന്നു. "ഈ വിത്തു് ഇവിടെ മുളയെടുക്കാൻ പാടില്ല. നാം ഒററക്കെട്ടായി നില്ക്കണം. ഈ റോമ്മാക്കാരൻ പാദ്രിയെ ഇവിടെനിന്നു കെട്ടുകെട്ടിക്കണം. ഈ റോമ്മാക്കാരാരാണെന്നു നമ്മുടെ ജനങ്ങൾ ശരിക്കറിയണം. അതിനെന്താണു മാർഗ്ഗം? ഒരു പ്രസംഗമഹായോഗം. അതുതന്നെ വേണ്ടതു്. റോമ്മാക്കാരൻെറ പൂച്ചു പൊളിച്ചു കാണിക്കണം. പന്തലെവിടായിരിക്കണം? റോമ്മാക്കാരൻെറ ചാപ്പലിനു മുമ്പിൽത്തന്നെ. റോഡിൻെറ തെക്കുവശം റോമ്മാക്കാരൻെറ ചാപ്പൽ. വടക്കുവശം പുത്തൻകൂറു പന്തൽ. എന്തൊരുത്സാഹപ്രകർഷം!

മാങ്കാവിലെ വലിയച്ചൻ! വിജ്ഞാനഭണ്ഡാഗാരം. പുത്തൻകൂറുകാർ ആഹ്ലാദിച്ചു. പ്രസംഗപീഠത്തിൽ മേശമേൽ പുസ്തകങ്ങൾ കുന്നുകൂടി. റോമ്മാക്കാർക്കെതിരായ തെളിവുകൾ! ഒരാഴ്ച പൊടിപൊടിച്ച പ്രസംഗം. "റോമ്മാസഭ ഈ മണ്ണിൽ മുളയെടുക്കുമോ? ...യാക്കോബായ സഭയാകുന്ന തള്ളക്കോഴി ഇതാ കൊക്കിക്കൊക്കി വിളിക്കുന്നു. കല്ലറാഞ്ചി വന്നിരിക്കുന്നതു് അവൾ കാണുന്നു. ഇതാ അവൾ ചിറകു വിടർത്തിയിരിക്കുന്നു. രക്ഷപെടണമോ? ഈ ചിറകുകൾക്കുള്ളിൽ അഭയം പ്രാപിച്ചുകൊള്ളുക. സൂക്ഷിക്കണം! കെണി! കല്ലറാഞ്ചി!—പെരേരാ അച്ചൻ."

യാക്കോബായ മാർത്തോമ്മാ സഭാംഗങ്ങൾ സംതൃപ്തരായി. "റോമ്മാക്കാരൻ ഇനി തലപൊക്കുകയില്ല. നശിച്ചു. ആ വിത്തു നാമ്പെടുക്കാതെ മണ്ണോടു മണ്ണായി." പെരേരാ അച്ചൻ ഉടൻ ഭണ്ഡം

(ശേഷം 10-ാംപേജിൽ)

Wednesday
September 26
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 7



# ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,




ആഗ്നസിൻെറ ചരിത്രമാണല്ലോ നാം പഠിക്കാൻ തുടങ്ങുന്നതു്. എന്നാൽ അതിൻെറ ആരംഭത്തിൽ തന്നെ ഒന്നു നാം മനസ്സിലാക്കണം. വിശുദ്ധ മരിയഗൊരേത്തിയുടേതുപോലെയോ, വിശുദ്ധ ഡോമിനിക്ക സാവിയോയുടേതുപോലെയോ വിശദമായ ഒരു ചരിത്രം വിശുദ്ധ ആഗ്നസിനെ സംബന്ധിച്ചു നമുക്കു ലഭ്യമല്ല. ആദിമസഭയിലെ പ്രസിദ്ധ ചരിത്രകാരന്മാരായ വിശുദ്ധ അമ്പ്രോസ്, വിശുദ്ധ ആഗുസ്തീനോസ്, വിശുദ്ധ അപ്രേം, ഫുരിയൂസു് ഡയനോഷ്യസ് മുതലായവർ വിശുദ്ധയുടെ പുണ്യപരിപാകതയെപ്പററിയും രക്തസാക്ഷിത്വത്തെപ്പററിയും പാടിപ്പുകഴ്ത്തിയിട്ടുണ്ടു്. ആദ്യകാലം മുതൽ വിശുദ്ധയോടുള്ള ഭക്തിക്കു ക്രിസ്ത്യാനികളുടെ ഇടയിൽ വളരെ പ്രചാരവും പ്രാധാന്യവും സിദ്ധിച്ചിരുന്നു. എങ്കിലും വിശദമായ ഒരു ചരിത്രം നമുക്കു ലഭിച്ചിട്ടില്ല. അതുകൊണ്ടു് പിൽക്കാലത്തു്, പ്രചുരപ്രചാരത്തിലിരുന്ന ഐതിഹ്യങ്ങളെ ആസ്പദിച്ചാണു് വിശുദ്ധയുടെ ചരിത്രം ഓരോരുത്തർ ക്രോഡീകരിച്ചിട്ടുള്ളതു്. ആകയാൽ ചരിത്രസംഭവങ്ങളെ സംബന്ധിച്ചു വിവിധങ്ങളായ പ്രതിപാദനങ്ങൾ നാം കാണുന്നു. എന്നാൽ വിശുദ്ധയുടെ വേദസാക്ഷിത്വം സംബന്ധിച്ചു ആദ്യരേഖകളിൽ തന്നെ ധാരാളം വിശദാംശങ്ങൾ നമുക്കു ലഭ്യമായിട്ടുണ്ടു്. അവയെ ആശ്രയിച്ചാണു് നമ്മുടെ പ്രതിപാദനം തുടരുന്നതു്.

ഉന്നതകുലജാതയായി അതീവസുന്ദരിയായി വളർന്നുവന്ന ആഗ്നസിൻെറ ശരീരകാന്തി റോമിലെ യുവഹൃദയങ്ങളെ വല്ലാതെ ആവേശംകൊള്ളിച്ചു. ധാർമ്മികബോധത്തിൽ വളരെയധികം അധഃപ്പതിച്ചു കഴിഞ്ഞിരുന്ന റോമിലെ അന്തരീക്ഷത്തിൽ ആഗ്നസിൻെറ നിഷ്കന്മഷമായ ജീവിതം അപകടങ്ങൾ നിറഞ്ഞതായിരുന്നു. മനോഹരമായ വിശുദ്ധിയുടെ ആ ലില്ലിപ്പുഷ്പം കാമുകന്മാരുടെ ഭോഗാഗ്നിയിൽ വാടിക്കരിഞ്ഞു ചാമ്പലാകുവാൻ ഇടവരുമോ? ആഗ്നസ് ബുദ്ധിയുള്ള പെൺകുട്ടിയായിരുന്നു. അവളുടെ കന്യാത്വത്തെ അവൾ സുരക്ഷിതമായ സ്ഥാനത്തു നിക്ഷേപിച്ചു. ദിവ്യഈശോയ്ക്കു അവൾ സ്വയം അർപ്പിച്ചു. അവിടുത്തെ വിശുദ്ധ മണവാട്ടിയായി ജീവിക്കുന്നതിനും ലൗകായതീകന്മാരിൽനിന്നുണ്ടാകാവുന്ന എല്ലാ പ്രലോഭനങ്ങളേയും സുധീരം തിരസ്കരിക്കുന്നതിനും അവൾ തക്കകാലത്തുതന്നെ ദൃഢപ്രതിജ്ഞചെയ്തു കഴിഞ്ഞിരുന്നു. തന്മൂലം വിശുദ്ധ ആഗ്നസ് രണ്ടു രക്തസാക്ഷിത്വങ്ങളെ ഒന്നിച്ചു സ്വീകരിച്ചു; ക്രിസ്തീയ വിശ്വാസത്തെപ്രതിയും, വിശുദ്ധതാപാലനത്തെ പ്രതിയും. അവളെ വിവാഹം ചെയ്യുന്നതിനാഗ്രഹിച്ച പ്രബലനായ അധികാരിയുടെ ദൂതൻ പലേ വിധത്തിൽ അവളെ നിർബന്ധിക്കുകയാണു് ആ യുവാവിൻെറ ഇംഗിതത്തിനു സമ്മതിച്ചു അദ്ദേഹത്തിൻെറ പട്ടമഹിഷിയാകുവാൻ. അതു സമ്മതിക്കാത്തപക്ഷം വന്നുചേരാവുന്ന വിപത്തുകളെപ്പററി അയാൾ പല വിധത്തിൽ പ്രസംഗിക്കുകയാണു്, എങ്ങിനെയെങ്കിലും അവളെ വഴിപ്പെടുത്തിക്കൊടുത്തു യജമാനൻെറ പ്രീതി സമ്പാദിക്കുവാൻ. ആഗ്നസിൻെറ അടുത്തുണ്ടോ ഈ ചക്കരവാക്കുകൾ വിലപ്പോകുന്നു? അവൾ അവളുടെ ജോലികളിൽ വ്യാപൃതയാകുന്നു.

വല്യേട്ടൻ.




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

76. അഗസ്റ്റിൻ എം. ഇടക്കര, രാമപുരം
77. ജോസഫ് വരിക്കോട്ടു്, തിടനാടു്
78. സി. വി. പൗലോസ് ചക്യൻ മൂഴിക്കുളം
79. ഇ. വി. കുര്യാക്കോസ് ഇലത്തോടത്തു്, കുത്തുകുഴി
80. കെ. എസ്സ്. ബേബി കോളാട്ടുകുടി, മഞ്ഞപ്ര

### 86-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—വിളക്കു്

### പ്രശ്നം നമ്പർ 87

(എ. ഐ. ജോൺ,
Reg. No. 46)

ഞാൻ നിങ്ങളെല്ലാവരുടേയും ആത്മമിത്രമാണു്. എന്നെ കാണാതെ ഒരാഴ്ചയെങ്കിലും നിങ്ങൾക്കുറക്കംതന്നെ നേരെവരില്ല. എൻെറ ദർശനത്തിൽ എന്താനന്ദമാണു് നിങ്ങളിൽ കളിയാടുന്നതു്. അതു കണ്ടു ഞാൻ പുളകംകൊള്ളുകയാണു്. എന്നെ നിങ്ങളറിഞ്ഞോ? ഇല്ല. എൻെറ പേരു ഞാൻതന്നെ പറയാം. നാലക്ഷരമാണു്. ഓരോ അക്ഷരംമാത്രമേ പറയൂ. ഒന്നാമത്തെ അക്ഷരം നമ്മുടെ ഈ മലബാറിലുണ്ടു്, മദ്രാസിലില്ല. രണ്ടാമത്തെ അക്ഷരം മലവെള്ളത്തിൽ വരും, തടാകത്തിൽ തടഞ്ഞുനില്ക്കുകയില്ല. മൂന്നാമത്തെ അക്ഷരം വിദ്യാരംഭത്തിൽ പഠിക്കാം. ഡിഗ്രികളിൽ കാണുകയില്ല. അവസാനത്തെ അക്ഷരം ഗംഗാധരനിലുണ്ടു്, ബാലകൃഷ്ണനിലില്ല. എൻെറ പേർ മനസ്സിലായോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## ഹൃദയത്തുടിപ്പു്

(ജോസഫ് ഡി. വാരികാട്ടു്
Reg. No. 54)

"അച്ചാ, അച്ചൻ എനിക്കുവേണ്ടി ഇച്ചാച്ചനോടു് ഈ കാര്യം ഒന്നു പറയണേ. ഞാൻ ഇച്ചാച്ചനോടു പറഞ്ഞിട്ടു് എന്നെ തിന്നാനാ തുടങ്ങുന്നതു്. അമ്മച്ചിയാണെങ്കിൽ കുറെയൊക്കെ സമ്മതിച്ചു."

"ബാബൂ! നീ സമാധാനമായിരിക്കൂ. കരയണ്ടാ. ഇതെല്ലാം കാണുന്ന ദൈവമാതാവു് നിന്നെ കൈവിടുകയില്ല. സമാധാനമായിരിക്കൂ. ബാബൂ നീ എന്താണിത്ര ക്ഷീണിച്ചിരിക്കുന്നതു്?" അച്ചൻ ബാബുവിൻെറ അടുത്തുചെന്നു.

"എടന്നോടു മിഷ്യനു പോകണ്ടാന്നു പറഞ്ഞതിൽപിന്നെ എനിക്കു് ഊണും ഉറക്കവും ഒന്നും ഇല്ലച്ചാ."

"വരൂ ബാബു നമുക്കു് പള്ളിയിൽ പോയി മാതാവിനോടു പ്രാർത്ഥിക്കാം." അവർ പള്ളിയിലേക്കു പോയി. അവർ പരി. ദൈവമാതാവിൻെറ രൂപത്തിനു മുൻപിൽ മുട്ടുകുത്തി. അവർ വളരെ നേരം പ്രാർത്ഥിച്ചു.

ബാബുവിൻെറ കണ്ണിൽനിന്നും കണ്ണുനീർത്തുള്ളികൾ അടർന്നുവീണു. ബാബുവിൻെറ മനസ്സിൽ സമാധാനം സംജാതമായി. "അമ്മയും ഇച്ചാച്ചനും സമ്മതിക്കും" എന്നു ഒരു തോന്നൽ അവൻെറ ഹൃദയത്തിൽ ഉയർന്നുവന്നു.

അവർ പള്ളിയിൽനിന്നു പുറത്തിറങ്ങി. "ബാബു നീ പൊയ്ക്കൊൾക. ഞാൻ ഇച്ചാച്ചനോടു പറഞ്ഞുകൊള്ളാം." ബാബു വീട്ടിലേക്കു പോയി. അച്ചൻ മുറിയിലേക്കും.

x x x

ഞായറാഴ്ച ഉച്ചക്കുർബാനകഴിഞ്ഞു് ചാണ്ടിച്ചേട്ടനേയും വിളിച്ചുകൊണ്ടു് അച്ചൻ പള്ളിമുറിയിലേക്കു പോയി. "എന്താ ചാണ്ടിച്ചേട്ടാ, ബാബു മിഷ്യനു പോകുന്നെന്നു പറഞ്ഞിട്ടു വിടുകേലന്നു പറഞ്ഞെന്നുപറയുന്നതുകേട്ടല്ലോ?"

"പിന്നെങ്ങനെ വിടാനാണച്ചാ? ആകപ്പാടെ ഒരു ചെറുക്കനല്ലേ ഒള്ളു. പൊന്നുംകൊടംപോലെ വളർത്തിയതാ. ഒരു കൊച്ചുള്ളതു പെണ്ണും. പിന്നെങ്ങനെയാ ബാബുനെ മിഷ്യനു വിടുന്നതു്. കുറെ വസ്തുവകകളൊക്കെയുണ്ടു്. അതെല്ലാം അനുഭവിക്കാൻ വേറെ ആളൊണ്ടോ?"

"അപ്പഴേ, ചാണ്ടിച്ചേട്ടനു് ആത്മാവാണോ ശരീരമാണോ കാര്യം?" അച്ചൻ ചോദിച്ചു.

"ആത്മാവാ" ചാണ്ടിച്ചേട്ടൻ പറഞ്ഞു.

"ലോകം മുഴുവനും നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തുഫലം, എന്നല്ലേ പ്രമാണം" അച്ചൻ ചോദിച്ചു.

"ശരിയാണച്ചാ."

"അതുകൊണ്ടു് ചാണ്ടിച്ചേട്ടൻ ഒരു കാര്യം ചെയ്യണം. ബാബു മിഷ്യനു പൊയ്ക്കോട്ടെ. അതല്ലേ അവൻെറ ഇഷ്ടം. അവനു ലഭിച്ചിട്ടുള്ള ദൈവവിളി, അതുതടയരുതു്." അച്ചൻ ഉപദേശിച്ചു.

"ആകട്ടെ. അച്ചാ," ചാണ്ടിച്ചേട്ടൻ സമ്മതിച്ചു.

"ചാണ്ടിച്ചേട്ടാ, നിങ്ങളുടെ കുടുംബത്തെ ദൈവം അനുഗ്രഹിക്കും. ഭയപ്പെടേണ്ട. ഇനി ബാബു എന്നാ പോകുന്നതെന്നും മററും അവൻെറ അമ്മയോടുകൂടി ആലോചിച്ചു തീരുമാനിച്ചു വിവരം എന്നെക്കൂടി അറിയിക്കൂ." അച്ചൻ പറഞ്ഞു.

x x x

വിവരം അറിഞ്ഞ ബാബുവിൻെറ ഹൃദയം സന്തോഷാധിക്യത്താൽതുള്ളിച്ചാടി. സന്തോഷത്തിൻെറ പൊൻകതിരുകൾ പാറി. അവൻെറ ജീവിതത്തിലെ ഏററവുംസന്തോഷപ്രദമായ ആ പൊൻപുലരി ഇതാ ഉദിച്ചുകഴിഞ്ഞു. അവൻെറ ഹൃദയപൂങ്കാവനത്തിലെ റോസപ്പൂക്കൾ വിടർന്നിരിക്കുന്നു. മരച്ചില്ലികളിൽ ഇരുന്നു പൂങ്കുയിലുകൾ മോഹനഗാനം ആലപിക്കുന്നു. പൈങ്കിളികൾ സ്വാഗതം പറയുന്നു. എല്ലാം ആനന്ദമയം!

ബാബു മിഷ്യനു പോകുന്ന ദിവസമായി. ആ കുടുംബാംഗങ്ങൾ എല്ലാവരും പള്ളിയിൽ പോയി. ബാബു തൻെറ ആഗ്രഹം സാധിച്ചുതന്ന ദൈവമാതാവിനു് നന്ദി പ്രകടിപ്പിച്ചു. അവർ എല്ലാവരും അച്ചനും കൂടി റോഡിലേക്കു പോയി. വണ്ടി വരുന്നതിനുള്ള സമയമായി. അച്ചൻ ബാബുവിൻെറ തലയിൽ കൈവെച്ചു് അനുഗ്രഹിച്ചു. വണ്ടിവന്നു, ബാബു അതിൽകയറി. അതിനുമുൻപായി, നിറഞ്ഞ കണ്ണുകളോടും സന്തോഷത്താൽ തുടിക്കുന്ന ഹൃദയത്തോടുംകൂടി ബാബു പറഞ്ഞു: "ഞാൻ പോകട്ടെ". വണ്ടിയുടെ ചക്രങ്ങൾ ഉരുണ്ടു അതിവേഗം മുന്നോട്ടു പാഞ്ഞുപോയി. തുടിക്കുന്ന ഹൃദയത്തോടും നനഞ്ഞ കണ്ണുകളോടുംകൂടി കൺമറഞ്ഞുപോകുന്ന ബാബുവിനെ വഹിക്കുന്ന വണ്ടിയെ നോക്കി ചാണ്ടിച്ചേട്ടനും അച്ചനും മററെല്ലാവരുംനിന്നു. അഭൗമികമായ ഒരു വികാരം അവരെ മഥിക്കുന്നുണ്ടായിരുന്നു. ദൈവഹിതം നിർവഹിച്ചതിലുള്ള സംതൃപ്തിയുടെ മിടിപ്പുകൾ!

## സാഹിത്യ പോഷണം

(അലക്സാണ്ടർ ചെമ്പിത്താനം
Reg. No. 7)

നാം ചിന്തിക്കാറുണ്ടു്, ലോകത്തിൽ എന്തുകൊണ്ടു് കമ്മ്യൂണിസം ഇത്രമാത്രം ശക്തിപ്രാപിച്ചിരിക്കുന്നുവെന്നു്? കമ്മ്യൂണിസത്തിൻെറ ബദ്ധശത്രുവായ കത്തോലിക്കാസഭാംഗങ്ങൾ ധാരാളം തിങ്ങിപ്പാർക്കുന്ന രാജ്യങ്ങളിൽപോലും എങ്ങനെ കമ്മ്യൂണിസം കിളിർത്തുതളിർത്തുവെന്നു്? ചിലർ പറയും അവിടത്തെ തൊഴിലില്ലായ്മയും പട്ടിണിയുമാണതിനു കാരണമെന്നു്. മററു ചിലരുടെ അഭിപ്രായം മുതലാളിതൊഴിലാളിബന്ധത്തിൻെറ തകർച്ചയാണെന്നു്. ഏറക്കുറെ ഈ കാരണങ്ങൾ ശരിയായിരിക്കാം. എന്നാൽ അതിനുള്ളിലേക്കിറങ്ങി നാം പരിശോധിച്ചാൽ മനസ്സിലാകും, സാഹിത്യത്തിന്മേൽ കമ്മ്യൂണിസ്റ്റുകൾ പ്രയോഗിക്കുന്ന സ്വാധീനമാണു് ഇതിൽ വലുതായൊരു പങ്കു വഹിക്കുന്നതെന്നു്. ഈ അഭിപ്രായത്തിൻെറനേരെ പ്രതിഷേധം മുഴക്കുവാൻ അധികമാളുകൾ കാണുമെന്നു തോന്നുന്നില്ല.

പുരോഗമനസാഹിത്യമെന്നുള്ള പേരിൽ മലയാളഭാഷയിൽ വരുത്തിക്കൂട്ടിയിട്ടുള്ള അഴിമതികളെത്തന്നെ ഉദാഹരണമായെടുക്കുക. എത്രയെത്ര ആഭാസമായ ഗ്രന്ഥങ്ങൾ സാഹിത്യഗ്രന്ഥങ്ങളെന്ന പേരിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. എത്രയെത്ര യുവതീയുവാക്കന്മാരെ അവ അപഥസഞ്ചാരികളാക്കിയിട്ടില്ല! മതസത്യങ്ങളേയും സന്മാർഗ്ഗനിയമങ്ങളേയും കരിതേച്ചുകാണിക്കുന്നതിൽ എത്ര സാഹസികമായയത്നങ്ങളാണു് അവചെയ്തുകൊണ്ടിരിക്കുന്നതു്. കത്തോലിക്കാസഭയേയും കത്തോലിക്കാ മതവിശ്വാസികളേയും അവമതിക്കുന്നതിൽ അവർ ബദ്ധകങ്കണരാണു്. എന്നാൽ അവയെ എതിർക്കുന്നതിനും ഈ വ്യാജവ്യവസായത്തെ സർവ്വശക്തിയോടുംകൂടി പ്രതിരോധിക്കുന്നതിനുംപകരം അതിനു പുറകേപോകാനും, പ്രോത്സാഹനം നൽകാനും കത്തോലിക്കരെന്നറിയപ്പെടുന്നവർതന്നെ തയാറുണ്ടെന്നുള്ളതു എത്ര ദയനീയമായ ഒരു വസ്തുതയാണു്.

ഈ അവസരത്തിൽ നമ്മുടെ സാഹിത്യകാരന്മാർ ഒന്നുണർന്നു പ്രവർത്തിക്കണം. പു. സാ. യുടെ ഇരമ്പിപ്പാച്ചിൽകണ്ടു അവർ വിരണ്ടുപോകരുതു്. സത്യത്തെ പ്രകാശിപ്പിക്കുന്നതിനും പ്രബോധിപ്പിക്കുന്നതിനും അവർ തൂലി

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1